വാല്യം 36

പട്ടണക്കാട് ബ്ലോക്ക്

(ആലപ്പുഴ ജില്ല)

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന


കടക്കരപ്പള്ളി ഗ്രാമ പഞ്

ചേർത്തല



സമഗ്ര വികസന രേഖ


ALLEPPEY DISTRICT



36-1

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത്

ചേർത്തല






സമഗ്ര വികസന രേഖ

1996





ഭൈമി സദാശിവൻ
ജില്ലാ പഞ്ചായത്ത് മെമ്പർ



എ. കുഞ്ഞപ്പൻ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

ഉള്ളടക്കം

		പേജ്
1.	ആമുഖം	9
2.	ചരിത്രം	17
3.	ഭൂപ്രകൃതി, ജനങ്ങൾ, ജലം.	19
4.	സ്ത്രീ പദവി. വികസന മേഖലകളുടെ അവലോകനം	---
4-A.	കൃഷിയും, ജലസേചനവും.	23
4-B.	മൃഗപരിപാലനം-ക്ഷീരവികസനനം.	31
4-C.	വ്യവസായം.	35
4-D.	വിദ്യാഭ്യാസം	39
4-E.	സംസ്കാരം.	46
4-F.	ഊർജ്ജം മാർക്കറ്റ് ഗതാഗതം.	49
4-G.	ആരോഗ്യം.....	55
4-H.	പാർപ്പിടം.....	60
4-I.	വനിതാ ക്ഷേമം.....	62
4-J.	മൽസ്യബന്ധനം.....	65
4-K.	പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം.....	67
4-L.	സഹകരണം.....	70
4-M.	സാമൂഹ്യക്ഷേമം.....	73
4-N.	വിഭവ സമാഹരണം.....	78
5.	കൃതജ്ഞത.....	81

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത് പൊതു വിവരണം

പേര്	– കടക്കരപ്പള്ളി
ഗ്രേഡ്	– Ist ഗ്രേഡ്
വില്ലേജ്	– കടക്കരപ്പള്ളി
ബ്ലോക്ക്	– പട്ടണക്കാട്
ബ്ലോക്ക് ഡിവിഷൻ	– 1. കടക്കരപ്പള്ളി
താലൂക്ക്	– ചേർത്തല
നിയോജകമണ്ഡലം	– അരൂർ
ജില്ല	– ആലപ്പുഴ
പാർലമെൻറ്	– ആലപ്പുഴ
വിസ്തീർണം	– 4.55 ച. കി. മീറ്റർ
അതിരുകൾ	– വടക്ക്–16–ാം മൈൽ തോട്. പടിഞ്ഞാറ്–അറബിക്കടൽ. തെക്ക്–അർത്തുങ്കൽ–ചേർത്തല റോഡ്, കട്ടിക്കാട്ടുതോട്, കിഴക്ക്–എൻ.എച്ച്. 47 ഒറ്റപ്പുന്ന–മാടക്കൽ റോഡ്.
ജനസംഖ്യ (91 സെൻസസ്)	– 18012
പുരുഷന്മാർ	– 8820
സ്ത്രീകൾ	– 9192
ആകെ വാർഡുകൾ	– 9
വനിതാ വാർഡുകൾ	– 3
ഹരിജൻ വാർഡ്	– 1
പ്രസിഡൻറ്	– പി.ജി. സദാനന്ദൻ.
വൈ: പ്രസിഡൻറ്	– കെ. ചിദംബരൻ.
സ്റ്റാൻ: കമ്മിറ്റി ചെയർമാൻ	– പി.ഇ. ഭാസ്കര കർത്താ.

ആമുഖം

മഹാനായ നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്ന സാക്ഷാത്കാരമാണ് 'പഞ്ചായത്തീരാജ്- നഗരപാലികാ' നിയമങ്ങൾ. 73, 74 ഭരണഘടനാ ഭേദഗതിമൂലം ഭാരതത്തിലെ പ്രായപൂർത്തിയായ പൗരന്മാർക്ക് കൈവന്ന അവകാശമാണ് ആസൂത്രണ ചർച്ചയിലെ തങ്ങളുടെ പങ്കാളിത്തം.

ഭരണഘടനാ ഭേദഗതി അനുസരിച്ച് സംസ്ഥാന ഭരണകൂടം നടത്തിയ നിയമ നിർമ്മാണത്തെത്തുടർന്ന് ഇന്നത്തെ ത്രിതല പഞ്ചായത്തുകൾ 1995 ഒക്ടോബർ 2ന് നിലവിൽ വന്നു. നമ്മുടെ പഞ്ചായത്ത് ഭരണ സമിതിയും അന്നേ ദിവസം പ്രവർത്തന നിരതമായി. ത്രിതല പഞ്ചായത്തുകളുടെ ഉൽഭവം ജനപ്രതിനിധികളിലും ജനങ്ങളിലും ഉണർത്തിയ പ്രതീക്ഷകൾ ചെറുതല്ല. എന്നാൽ വർഷം ഒന്നു കഴിഞ്ഞിട്ടും ഗ്രാമതലങ്ങളിൽ പഴയ നടപടിക്രമങ്ങൾ മാറ്റമില്ലാതെ തുടരുന്നു എന്നതാണ് യാഥാർത്ഥ്യം. അധികാരങ്ങൾ കൈമാറി ചിലതൊക്കെ താഴെത്തട്ടിൽ എത്തിയെങ്കിലും ആശയക്കുഴപ്പങ്ങളും അസ്വസ്ഥതകളും അനൽപ്പമായി തുടരുകയാണ്. വൈകാതെ ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകുമെന്ന് ആശിക്കാം. കൈമാറിക്കിട്ടിയ വകുപ്പുകളിലെ മേധാവികൾക്ക് പഞ്ചായത്തുകളുടെ അധികാരങ്ങളിൽ ഇനിയും സംശയങ്ങൾ ഉള്ളതുപോലെ തോന്നുന്നു. മാറ്റം ഉൾക്കൊള്ളാൻ ജനങ്ങളും വകുപ്പുമേധാവികളും തയ്യാറകണം. അധികാര നിർവഹണത്തിൽ അനുഭവപ്പെടുന്ന സംശയങ്ങൾക്ക് അടിയന്തര പരിഹാരമുണ്ടാക്കുകയും ഭരണചക്രത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആക്കം കൂട്ടുകയും വേണം.

ജനകീയാസൂത്രണം

ജനകീയ ആസൂത്രണ പ്രവർത്തനത്തിന്റെ ആദ്യപടി സംസ്ഥാനതല പരിശീലനമായിരുന്നു. സംസ്ഥാനതല പരിശീലനത്തിന് നമ്മുടെ പഞ്ചായത്തിൽനിന്ന് ആരും തെരഞ്ഞെടുക്കപ്പെട്ടിരുന്നില്ല. ജില്ലാതല പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെട്ടവർക്കും (ഡി.ആർ.പി.) ഗ്രാമതല പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെട്ടവർക്കും (എൽ.ആർ.പി.) യഥാസമയം പരിശീലനം നൽകിയിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി നൽകിയ പരിശീലനത്തിൽ രണ്ടാം ഘട്ടത്തിൽ 96 പേർ പങ്കെടുത്തിരുന്നു. ഒന്നാം ഘട്ട പരിശീലനത്തിൽനിന്നും 2-ാം ഘട്ട പരിശീലനത്തിൽ അംഗസംഖ്യ കുറയുന്നതായാണ് കണ്ടത്. സാധാരണ ജനങ്ങൾക്ക് പരിശീലനത്തിലും ആസൂത്രണത്തിലും ആഭിമുഖ്യം കുറയുന്നതായി കാണുന്നു. സേവന സന്നദ്ധരുടെ ഒരു സംഘമായിരുന്നു പരിശീലകർ. കൊഴിഞ്ഞുപോക്കിനുശേഷവും ഡി.ആർ.പി. എൽ. ആർ.പി. തലങ്ങളിൽ നിസ്വാർത്ഥ സേവനം നടത്തിയ ഒരുപറ്റം യുവതീയുവാക്കളാണ് 'വികസന രേഖ' തയ്യാറാക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചത്.

സെൻസസ് മുതൽ, വികസന രേഖ തയ്യാറാക്കുന്നതിന്, പഞ്ചായത്ത് സമിതിയോട് സഹകരിച്ച മുഴുവൻ യുവതീ യുവാക്കളേയും ഡി.ആർ.പി.മാരേയും എൽ.ആർ.പി.മാരേയും ഞങ്ങൾ അഭിനന്ദനം അറിയിക്കുന്നു.


കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനത്തിൽ ഞങ്ങൾ പൂർണ സംതൃപ്തി അവകാശപ്പെടുന്നില്ല. ലഭ്യമായ അധികാരങ്ങളും വിഭവങ്ങളും ജനോപകാരപ്രദമായി മാറ്റുന്നതിൽ വീഴ്ച വന്നിട്ടില്ലെന്നാണ് ഞങ്ങളുടെ എളിയ വിശ്വാസം.

പി. ജി. സദാനന്ദൻ
പ്രസിഡൻറ്


23-12-96.

ഭരണ സമിതി അംഗങ്ങൾ

1.	P. G. സദാനന്ദൻ B.A., BEd.	പ്രസിഡൻറ്
2.	K. ചിദംബരൻ	വൈ.പ്രസിഡൻറ്
3.	P. E. ഭാസ്ക്കര കർത്താ	സ്റ്റാൻറി. കമ്മി. ചെയർമാൻ
4.	ജെയിംസ് ചിങ്കുതറ	മെമ്പർ
5.	മേരി ലിനറ്റ് വർഗീസ്	മെമ്പർ
6.	തങ്കം സദാശിവൻ	മെമ്പർ
7.	S. വിശ്വനാഥ ചെട്ടിയാർ	മെമ്പർ
8.	P. K. പ്രഭാകരൻ	മെമ്പർ
9.	K. ലീല ടീച്ചർ	മെമ്പർ
	P. N. വിജയപ്പൻ	സെക്രട്ടറി




പ്രസിഡൻറ്




വൈസ് പ്രസിഡൻറ്



സ്റ്റാൻറിങ് കമ്മിറ്റി ചെയർമാൻ




മെമ്പർ



മെമ്പർ



മെമ്പർ




മെമ്പർ



മെമ്പർ



മെമ്പർ



സെക്രട്ടറി

മുൻ പ്രസിഡൻറുമാർ



എൻ. കൃഷ്ണപ്പണിക്കർ



കെ. മാധവൻ



എ. എസ്. ദിവാകരൻ

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത്
മുൻ ഭരണ സാരഥികൾ
ഒന്നാമത്തെ ഭരണസമിതി

വാർഡ്	പേര്	സ്ഥാനം
V	എൻ. കൃഷ്ണ പണിക്കർ, കട്ടികാട്ട്	പ്രസിഡൻറ്
I	ജോസഫ് ഫ്രാൻസിസ്, പാണ്ട്യാലയ്ക്കൽ	വൈസ് പ്രസിഡൻറ്
II	ജോയി അന്ത്രപ്പേർ, ബീച്ച് ബംഗ്ലാവ്	മെമ്പർ
III	സംവരണം, ഗണപതി കങ്കാളി, നികർത്തിൽ	,,
IV	പി.ഇ. ഗോപാലകൃഷ്ണ കർത്താ, പടിക്കൽപറമ്പിൽ	,,
VI	കെ. വിശ്വനാഥൻ, കലകശ്ശേരിൽ	,,

രണ്ടാമത്തെ ഭരണസമിതി

വാർഡ്	പേര്	സ്ഥാനം
III	കെ. മാധവൻ, വിജയലാൽ ബംഗ്ലാവ്	പ്രസിഡൻറ്
II	കെ.ജെ. ജേക്കബ്, കുരിശുങ്കൽ	വൈസ് പ്രസിഡൻറ്
I	കെ.വി. പൗലീഞ്ഞ്,,കുരിശുങ്കൽ	മെമ്പർ
III	[illegible]	
സംവരണം	ഗണപതി കങ്കാളി, നികർത്തിൽ	,,
IV	പുരുഷോത്തമ കർത്താ, പുപ്പള്ളിൽ	,,
V	അച്ചുത പൈ, ലഷ്മി നിവാസ്	,,
VI	എ.എസ്. ദിവാകരൻ ഇടമുറിയിൽ	,,
VII	എ. പി. കൗമാരിയമ്മ	,,

3-ാമത്തെ ഭരണസമിതി

വാർഡ്	പേര്	സ്ഥാനം
IV	കെ. മാധവൻ, വിജയലാൽ ബംഗ്ലാവ്	പ്രസിഡൻറ്
V	പി.ഇ. പുരുഷോത്തമ കർത്താ പൂപ്പള്ളിൽ	വൈസ് പ്രസിഡൻറ്
I	ത്രേസ്യാമ്മ, തയ്യിൽ	മെമ്പർ
II	അലക്സാണ്ടർ കുരിശുങ്കൽ	,,
III	വേലു വൈദ്യർ, വേലിക്കെട്ടിൽ (സംവരണം)	
VI	ഷൺമുഖൻ, പ്ലാംപറമ്പിൽ	മെമ്പർ
VII	കെ.പി. സത്യാനന്ദൻ, കൈപ്പാരിശ്ശേരി	,,
VIII	എ.എസ്. ദിവാകരൻ, ഇടമുറിയിൽ	,,
IX	അച്ചുത പൈ, ലക്ഷ്മി നിവാസ്	,,

4-ാമത്തെ ഭരണസമിതി

വാർഡ്	പേര്	സ്ഥാനം
VIII	എ.എസ്. ദിവാകരൻ, ഇടമുറിയിൽ	പ്രസിഡൻറ്
VI	നാരായൺ ജി, ചടയംകാട്ട്	വൈസ് പ്രസിഡൻറ്
I	ആലീസ് മേരിദാസ്, കുടിയാംശ്ശേരിൽ	മെമ്പർ
II	എ. കുഞ്ഞപ്പൻ, കുരിശുങ്കൽ	,,
III	കുഞ്ഞുകുഞ്ഞ്, നിവർത്തിൽ	,,
IV	പി. സദാശിവൻ, ആശാരിപറമ്പിൽ	,,
V	സുലോചന, ഗോകുലം	,,
VII	വിദ്യാധരൻ, പുള്ളാത്ത്	,,
IX	പുരുഷോത്തമ കർത്താ, പൂപ്പള്ളിൽ	,,

കടക്കരപ്പള്ളി പഞ്ചായത്തിൽപ്പെട്ട ജനപ്രതിനിധികൾ

പാർലമെൻറ്	:	ആലപ്പുഴ ശ്രീ. വി. എം. സുധീരൻ
അസംബ്ലി	:	അരൂർ ശ്രീമതി. കെ. ആർ. ഗൗരിയമ്മ
ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്	:	ആലപ്പുഴ അഡ്വ. സി. എസ്. സുജാത
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	:	തുറവൂർ ശ്രീമതി ഭൈമീ സദാശിവൻ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	കടക്കരപ്പള്ളി ശ്രീ. എ. കുഞ്ഞപ്പൻ
ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്	:	പട്ടണക്കാട് അഡ്വ. എം. കെ. ജിനദേവ്
ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്	:	കടക്കരപ്പള്ളി ശ്രീ. പി. ജി. സദാനന്ദൻ

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത്
സ്റ്റാഫ് അംഗങ്ങൾ

1)	പി.എൻ. വിജയൻ	: സെക്രട്ടറി
2)	ഡി. ദിനേശൻ	: ഹെഡ് ക്ലാർക്ക്
3)	പി. രാധ	: യു.ഡി. ക്ലാർക്ക്
4)	പി.കെ. കാർത്യായനി	: ,,
5)	വി.ജെ. അന്നമ്മ	: എൽ.ഡി. ക്ലാർക്ക്
6)	പി.ആർ. വെങ്കിടേശ്വര പൈ	: ,,
7)	വി. ദിനേശൻ	: പ്യൂൺ
8)	വി.എം. രമണൻ	: പാർട്ട് ടൈം സ്വീപ്പർ

ചരിത്രം

ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ ഉൾപ്പെട്ട ഒരു പഞ്ചായത്താണ് കടക്കരപ്പള്ളി. അരൂർ നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിൽ തെക്കേയറ്റത്ത് എൻ.എച്ച്. 47നും അറബിക്കടലിനും ഇടയിൽ സ്ഥിതി ചെയ്യുന്നു. കരപ്പുറത്തിന്റെ ഭാഗമായ ഈ കൊച്ചുഗ്രാമം ചരിത്രത്തിന്റെ ഏടുകളിൽ ഏറെ പ്രസിദ്ധമാണ്.

കിഴക്കുനിന്ന് പടിഞ്ഞാറോട്ടൊഴുകിയിരുന്ന നദികളും സമുദ്രവും കൂട്ടായി നൂറ്റാണ്ടുകൾ പ്രവർത്തിച്ച് രൂപംകൊടുത്തതാണ് കരപ്പുറമെന്ന് ഭൂമിശാസ്ത്ര പഠനങ്ങൾ തെളിയിക്കുന്നു.

കടൽ + കര + പള്ളി= കടൽക്കരപ്പള്ളി. കടക്കരപ്പള്ളിയായി എന്നാണ് പണ്ഡിത മതം. എ.ഡി. ആറാം നൂറ്റാണ്ടിൽ കടൽത്തീര ഗ്രാമങ്ങളിൽ പ്രശോഭിച്ചിരുന്ന ബുദ്ധമതാനുയായികൾ ഈ ഗ്രാമതീരങ്ങളിൽ സ്ഥാപിച്ചിരുന്ന പള്ളി (ക്ഷേത്രം) കളിൽ ഒന്നായിരുന്നു 'കടക്കരപ്പള്ളി'. ക്ഷേത്ര സാമീപ്യംകൊണ്ട് ഗ്രാമംതന്നെ പിന്നീട് കടക്കരപ്പള്ളി എന്ന പേരിൽ അറിയപ്പെട്ടു എന്നാണ് ചരിത്രകാരന്മാർ പറയുന്നത്. ബുദ്ധമതകാലത്ത് സ്ഥലനാമങ്ങളുടെ മുന്നിലും പിന്നിലും 'പള്ളി' കൂട്ടിച്ചേർക്കുക സാധാരണയായിരുന്നു പള്ളിപ്പുറം, പള്ളിത്തോട്, പാതിരപ്പള്ളി, കാർത്തികപ്പള്ളി, കരുനാഗപ്പള്ളി എന്നിവ ഉദാഹരണങ്ങളാണ്.

വാഗ്ഭടൻ 'അഷ്ടാംഗഹൃദയം' എഴുതിയത് കടക്കരപ്പള്ളിയിൽ വച്ചാണ് എന്ന് ഒരു വാദഗതിയുണ്ട്. ഈ വാദഗതിയോട് യോജിച്ചുകൊണ്ട് ലോക സഞ്ചാരി ഹുവാൽസാങ് കടക്കരപ്പള്ളി ശ്രീമൂലവാസത്തിന് (പല്ലന) 4 കി.മീറ്റർ പടിഞ്ഞാറാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സ്ഥലം ഇന്ന് കടലായി പരിണമിച്ചിരിക്കുന്നു. ഒന്നിലേറെ സ്ഥലങ്ങൾക്ക് ഒരേ സ്ഥലനാമം നിലവിൽ കാണുന്ന ഇന്നത്തെ സ്ഥിതി അന്നും നിലനിന്നിരുന്നുവെന്ന് വ്യക്തം.

എ.ഡി. 630ൽ തൃക്കണ്ണാമതിലകത്ത് ഹൈന്ദവ-ബുദ്ധ മത പണ്ഡിതന്മാർ നടത്തിയ ദീർഘനാളത്തെ സംവാദത്തിൽ അന്തിമ പരാജയം കൈവരിച്ച ബുദ്ധ മതാനുയായികളും പണ്ഡിതന്മാരും പീഡനങ്ങൾക്ക് വിധേയരായതായി കാണുന്നു. പീഡിതരും അപമാനിതരുമായ ബുദ്ധമതാനുയായികൾ പലായനം ചെയ്യപ്പെടുകയും പിന്നീട് അവരുടെ ക്ഷേത്രങ്ങൾ നശിപ്പിക്കപ്പെടുകയും ചെയ്തതായാണ് ചരിത്രം. ബുദ്ധ മതാനുയായികൾ പിൽക്കാലത്ത് മതപരിവർത്തനത്തിന് വിധേയരായി- ഹിന്ദുക്കളായി.

ഡച്ചുകാരുടെ വരവോടെ കപ്പലോട്ടത്തിലും കൃഷിയിലും ശാസ്ത്രീയ സമീപനം നമ്മുടെ നാട്ടിലും നിലവിൽ വന്നതായി കാണാം. ഡച്ചു ഭരണാധികാരികൾ കേരളത്തിലെ സസ്യലതാദികളെ സംബന്ധിച്ച് ആധികാരികതയോടെ തയ്യാറാക്കിയ 'ഹോർത്തൂസ് മലബാറിക്കസ്' (മലബാറിലെ സസ്യജാലം) എന്ന ഗ്രന്ഥത്തിന്റെ കർത്താക്കളിൽ പ്രധാനി കടക്കരപ്പള്ളിയിൽ 'കൊല്ലാട്ട് ഇട്ടി അച്യുതൻ' ആയിരുന്നു എന്നതും നമുക്ക് ഏറെ അഭിമാനം തോന്നുന്ന കാര്യമാണ്. ബഹുഭാഷാ പണ്ഡിതനായിരുന്ന ഇട്ടി അച്ചുതൻ സംസ്കൃതത്തിലും തദ്വാരാ ആയുർവേദത്തിലും പ്രാവീണ്യം നേടിയിരുന്നു. ഈ പാരമ്പര്യം കടക്കരപ്പള്ളിക്ക് ഒട്ടേറെ സംസ്കൃത പണ്ഡിതന്മാരെയും ആയുർവേദ വൈദ്യന്മാരേയും സംഭാവന ചെയ്യുന്നതിന് സഹായിച്ചിട്ടുണ്ട്. ചികിൽസാ രംഗത്ത് അൽഭുതം സൃഷ്ടിച്ച 'ചൊട്ടു ചികിൽസ'യ്ക്ക് (ഒരുതരം ഒറ്റമൂലി) ഖ്യാതി നേടിയ നമ്മുടെ ഗ്രാമം തുളസി വെറ്റിലയിലും തനതായ ഖ്യാതി നിലനിർത്തിപ്പോരുന്നു.

കലാ രംഗത്തും നമുക്ക് ഉന്നത പാരമ്പര്യം അവകാശപ്പെടാം. തിരുവാതിരകളി, കോൽക്കളി, ഗുസ്തി, കഥകളി, പരിചമുട്ട്, ചവിട്ടുനാടകം എന്നിവ പണ്ടേ നമ്മുടെ ജനങ്ങളിൽ ആവേശം നിലനിർത്തിയതനത് കലകളാണ്. ആധുനിക കലാ പ്രസ്ഥാനങ്ങളും ഈ പാരമ്പര്യം തുടരുന്നതിൽ നമുക്കഭിമാനിക്കാം.

ഇന്നത്തെ ദേശീയപാതകൾക്ക് (എൻ.എച്ച്.) സമാനമായ പുരാതന 'രാജവീഥി'യിൽ ഒന്ന് 'കന്യാകുമാരി മുതൽ കച്ച് വരെ (ഗുജറാത്ത്) നീണ്ടുപോയത് കടക്കരപ്പള്ളിയിൽ കൂടിയാണ് എന്നതിന് തെളിവുകൾ ഉണ്ട്.

കൊച്ചി രാജാവിന്റെ സൈനിക തലവനായിരുന്ന 'ആൻഡ്രൂസ് പെരേര' എന്ന പോർട്ടുഗീസുകാരൻ ഇഷ്ടപ്പെട്ട ഗ്രാമവും കടക്കരപ്പള്ളി തന്നെയാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. പെരേരയുടെ പിൻഗാമികൾ പിന്നീട് അവരുടെ ആസ്ഥാന ഗ്രാമമാക്കിയതും കടക്കരപ്പള്ളിയാണ്. രാജാവിന് നൽകിയ സേവനത്തിനും സ്നേഹ വാൽസല്യങ്ങൾക്കും പ്രതിഫലമായി ലഭിച്ച വിസ്തൃതമായ ഭൂപ്രദേശങ്ങൾ ഇക്കൂട്ടരെ പിൽക്കാലത്ത് ഭൂപ്രഭുക്കന്മാരും സമ്പന്നരുമാക്കി.

തിരുവിതാംകൂർ രാജാക്കന്മാർക്ക് സൈനിക സേവനം നടത്തി പ്രീതി സമ്പാദിക്കുവാൻ കഴിഞ്ഞ മറ്റു ചില സമുദായങ്ങളും ചരിത്രകാലത്ത് കടക്കരപ്പള്ളിയിൽ ഭൂപ്രഭുക്കന്മാരായിത്തീർന്നിട്ടുണ്ട്.

ഭൂസ്വാമിമാരുടെ ആശ്രിതരും അടിയാന്മാരുമായിരുന്നു തൊഴിലാളികൾ. സ്വന്തമായി ഭൂമിയോ വസതിയോ ഇല്ലാതിരുന്ന ഇക്കൂട്ടരുടെ ആശ്രയം ഭൂ ഉടമകൾ തന്നെയായിരുന്നു. ജന്മിയുടെ അനിഷ്ടങ്ങളും അപ്രിയങ്ങളും പലപ്പോഴും തൊഴിലാളികളെ അവന്റെ കുടിലുകളിൽനിന്ന് ഒഴിപ്പിച്ച് വഴിയാധാരമാക്കുന്ന കൊടും ക്രൂരതവരെ എത്തിയിരുന്നു. അടിമകളെപ്പോലെ കഴിഞ്ഞിരുന്ന തൊഴിലാളിക്ക് ജീവിത സൗകര്യങ്ങളും യഥാസമയം സമയത്ത് ആഹാരവും ഒരു സ്വപ്നമായിരുന്നു.

ആദ്ധ്യാത്മിക നേതാക്കന്മാരുടെ പ്രബോധനങ്ങളും പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ മുദ്രാവാക്യങ്ങളും ഇക്കൂട്ടരിൽ പുത്തൻ പ്രതീക്ഷകൾ ഉണർത്തി. അസംഘടിതരായ തൊഴിലാളികൾ വളരെ വേഗത്തിൽ സംഘടിച്ചു. സാംസ്കാരിക സാമുദായിക, തൊഴിലാളി സംഘടനകൾ പ്രതീക്ഷാനിർഭരമായി ആവേശപൂർവം സംഘടിക്കുവാൻ തുടങ്ങിയകാലമാണിത്. അശരണരും പീഡിതരും ഒരുപോലെ സംഘടിച്ച കാലം.

സംഘശക്തിയുടെ പിൻബലത്തിൽ പീഡനങ്ങൾക്കെതിരെ വിരൽ ചൂണ്ടിയ ഇവർ ആദ്യം തങ്ങളുടെ സംഘടിത ശക്തി പ്രയോഗിച്ചത് ഭൂപ്രഭുക്കന്മാർക്ക് എതിരെയായിരുന്നു. അങ്ങനെ വയലാർ വിപ്ലവത്തിന്റെ വഴിമരുന്നെറിഞ്ഞുകൊണ്ട് നമ്മുടെ ഗ്രാമം വീണ്ടും വിവാദങ്ങളിലൂടെ പ്രസിദ്ധി നേടി.

ദേശീയ സ്വാതന്ത്ര്യസമര സേനാനികളെ നൽകിക്കൊണ്ട് ഈ കൊച്ചുഗ്രാമം പിന്നിലാകാതെ നിന്നു.

വിവിധ സമുദായങ്ങൾ പരസ്പര ബഹുമാനത്തോടെ വർത്തിക്കുന്ന ഈ ഗ്രാമത്തിൽ എല്ലാ സമുദായങ്ങൾക്കും കീർത്തികേട്ട ആരാധനാലയങ്ങൾ ഉണ്ട്. മത സൗഹാർദ്ദത്തിന്റെ അതിർവരമ്പുകൾ തകരുമോ എന്ന് തോന്നിയ കാലത്തും (തൈക്കൽ സെമിത്തേരി തർക്കം) കടക്കരപ്പള്ളി അതിന്റെ മഹത്വം തെളിയിച്ചിട്ടുണ്ട്. ഈ മഹത്വം നിലനിർത്താനും തദ്വാരാ ഈ ഗ്രാമത്തിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാനും ഈ ഗ്രാമപഞ്ചായത്തിലെ എല്ലാ ജനവിഭാഗങ്ങളും ഒരുമയോടെ പ്രവർത്തിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ഭൂപ്രകൃതി

പഞ്ചായത്ത് ഭൂപ്രദേശം കടൽ രൂപപ്പെടുത്തിയ കരയാണ്. കടൽക്കരപ്പള്ളി എന്ന പേര് അനവർത്ഥമാക്കിക്കൊണ്ട് കടൽക്കരയിൽ സ്ഥിതിചെയ്യുന്നു. തീരപ്രദേശത്തെ രണ്ട് വാർഡുകളിൽ (വാർഡ്-1,2) സമുദ്രം കരവയ്ക്കുകയും ആക്രമിച്ച് എടുക്കുകയും ചെയ്യുന്നു. ഈ പ്രക്രിയ മാറിമാറി നടക്കുന്നു.

കിഴക്ക് എൻ. എച്ച്-47 മുതൽ പടിഞ്ഞാറ് അറബിക്കടൽ വരെ വ്യാപിച്ചു കിടക്കുന്ന ഈ ഗ്രാമത്തിന്റെ അയൽ പഞ്ചായത്തുകൾ കിഴക്ക് വയലാർ പഞ്ചായത്ത്, വടക്ക് പട്ടണക്കാട് പഞ്ചായത്ത്, തെക്ക് ചേർത്തല തെക്ക് പഞ്ചായത്ത് എന്നിവയാണ്. ആകെ വിസ്തീർണ്ണം 4.55 ചതുരശ്ര കി. മീറ്ററാണ്. കേരളത്തിന്റെ ഭൂപ്രകൃതി വിഭാഗത്തിൽ തീരസമതലത്തിൽപ്പെടുന്നു. കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ചരിഞ്ഞു കിടക്കുന്നു. കുന്നുകളോ പാറകളോ കുത്തനെയുള്ള ചരിവുകളോ ഇല്ല. മണൽ പ്രദേശമാണ്.

കടലിനോട് തൊട്ട് സമാന്തരമായി കാണുന്ന പൊഴിയും പൊഴിയുമായി തലങ്ങും വിലങ്ങും ബന്ധമുള്ള ചെറുതും വലുതുമായ തോടുകളും ചേർന്നതാണ് പഞ്ചായത്തിന്റെ പകുതിയോളം പ്രദേശങ്ങൾ. കെ. എം. പി. റോഡിന് കിഴക്കും പടിഞ്ഞാറും വ്യത്യസ്ത വിഭാഗങ്ങളായി ഭൂപ്രകൃതി ദൃശ്യമാണെന്നു സാരം. മേൽ പ്രസ്താവിച്ച തോടുകൾ പൊഴിയുമായും പൊഴി അന്ധകാരനഴിമൂലം സമുദ്രവുമായും ബന്ധപ്പെട്ടു കിടക്കുന്നു. അതുമൂലം കെ. എം. പി. റോഡിന് പടിഞ്ഞാറുള്ള പ്രദേശങ്ങൾക്ക് കുടിനീരിനു ബുദ്ധിമുട്ടുണ്ടാകുന്നു. വർഷത്തിൽ മുഴുവൻകാലവും ഉപ്പുജലമാണ് ഈ പ്രദേശത്തെ ജനങ്ങൾക്ക് ഭൂമിയിൽ നിന്ന് ലഭിക്കുന്നത്. ഈ ഓരുജലം സസ്യജാലങ്ങളെ ആകെ പ്രതികൂലമായി ബാധിക്കുന്നു. തെങ്ങു കൃഷി വരെ തന്മൂലം ആദായരഹിതമായി വരുകയാണ്. നെൽകൃഷിക്ക് ചേർന്ന വയലുകളെ രണ്ടായി തിരിക്കാം. പൊടിനിലങ്ങളും കരിനിലങ്ങളും. ഓരുജല സാമീപ്യമുള്ള ആഴം കൂടിയ വയലുകളാണ് കരിനിലങ്ങൾ. ഈ ഇനത്തിൽപ്പെട്ട നെൽകൃഷി സ്ഥലം കേവലം 25 ഹെക്ടറിൽ താഴെയാണ്. ആഴംകുറഞ്ഞ പൊടിനിലങ്ങളുടെ അളവ് ഏതാണ്ട് 15 ഹെക്ടറാണ്.

പൊടിനിലങ്ങളും കരിനിലങ്ങളും കൃഷിക്കുപയുക്തമല്ലാതായിട്ട് വർഷങ്ങളായി. ഉപ്പുകയറുന്ന ഓരുനിലങ്ങളിൽ ചിലത് ഇപ്പോൾ മൽസ്യകൃഷിക്കായി ഉപയോഗിക്കുന്നു. ശാസ്ത്രീയമായ നിലം ഒരുക്കി മൽസ്യം വളർത്തുകയാണെങ്കിൽ ചെമ്മീൻ കൃഷി ലാഭകരമാക്കാവുന്നതാണ്. പൊടി നിലങ്ങളിൽ മുക്കൽ ഭാഗവും വർഷങ്ങൾക്ക് മുമ്പുതന്നെ നിവർത്തി തെങ്ങിൻതൈ വച്ചുകഴിഞ്ഞിരിക്കുന്നു. ഏതാണ്ട് 2, 3 ഹെക്ടർ സ്ഥലത്ത് മാത്രമാണ് പഞ്ചായത്തിലാകെ യഥാവസരം നെൽക്കൃഷി നടത്തുന്നത്. മണ്ണിന്റെ വളക്കുറവും ജലത്തിന്റെ ദൗർലഭ്യവും കൂലി വർദ്ധനവും നെൽക്കൃഷി നടത്തുന്നതിൽ നിന്നും കൃഷിക്കാരെ നിരുൽസാഹപ്പെടുത്തുന്നു. ജലസേചന സൗകര്യം ഇല്ലാത്ത കൃഷി പൂർണമായും കാലാവസ്ഥയെ ആശ്രയിക്കുന്നു.

കെ. എം. പി. റോഡിന് കിഴക്ക് തെക്കു

വടക്കായി സ്ഥിതിചെയ്യുന്ന സ്ഥലം മറ്റ് കൃഷികൾക്കും തരിശു നെൽവയലുകൾ പച്ചക്കറിക്കൃഷിക്കും യോജിച്ചവയാണ്. മണ്ണിന്റെ വളം നഷ്ടപ്പെടുന്നത് കൂട്ടിച്ചേർക്കുന്നതിന് ശാസ്ത്രീയമായ അവബോധം കർഷകന് നൽകണം. രാസവള പ്രയോഗം നിരുൽസാഹപ്പെടുത്തുകയും ജൈവവള ലഭ്യത വർദ്ധിപ്പിക്കുകയും വേണം.

കാലാവസ്ഥ

ഉഷ്ണമേഖലാ പ്രദേശത്ത് സ്ഥതിചെയ്യുന്നതുകൊണ്ട് കഠിനമായ ചൂടും കടുത്ത മഴയും അനുഭവപ്പെടുന്നു. ശരാശരി ചൂട് 38 ഡിഗ്രി സെൽഷ്യസും മഴ 185 സെൻറീ മീറ്ററും ആണ്. കേരളത്തിന്റെ പൊതുക്കാലാവസ്ഥ ഇവിടെയും തുടരുന്നു. ജൂൺ, ജൂലൈ മാസങ്ങളിൽ കടുത്ത മഴ അനുഭവപ്പെടുന്നു. ഈ കാലത്ത് തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റിൽനിന്ന് മഴ ലഭിക്കുന്നു. സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ വടക്കു കിഴക്കൻ മൺസൂൺ കാറ്റിൽ നിന്നും ഈ പ്രദേശത്ത് തുലാവർഷം ലഭിക്കുന്നു. തുടർന്ന് വരുന്ന മാസങ്ങളിൽ മഞ്ഞുകാലവും ലഭിക്കുന്നു. ഇന്ത്യയുടെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് സമുദ്ര സാമീപ്യം മൂലം അത്യുഷ്ണവും അതിശൈത്യവും ഈ ഗ്രാമത്തെ ബാധിക്കുന്നില്ല. മാർച്ച് മാസം മുതൽ ആരംഭിക്കുന്ന വേനൽക്കാലം മൂലം ഉണ്ടാകുന്ന ചൂട് മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലാണ് കൂടുതലായി അനുഭവപ്പെടുന്നത്.

ജലവിഭവം

ധാരാളം തോടുകളും കുളങ്ങളും നിറഞ്ഞ പ്രദേശമാണ് കടക്കരപ്പള്ളി. ഏറ്റവും കൂടുതൽ ജലാശയങ്ങൾ പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിലാണ്. പൊഴിയോട് ചേർന്ന് കിടക്കുന്നതുകൊണ്ട് കുളങ്ങളും തോടുകളും ചേർന്നു കാണുന്ന ഈ ജലം കൃഷിക്കോ കുടിക്കുന്നതിനോ ചേർന്നതല്ല. ഇക്കാരണങ്ങൾകൊണ്ടുതന്നെ പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ കുടിവെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്നു.

ജൈവ വിഭവങ്ങൾ

തെങ്ങും അൽപം നെല്ലുകൃഷിയും പച്ചക്കറിയും ചേർന്നതാണ് പഞ്ചായത്തിലെ കൃഷി. പച്ചക്കറി കിഴക്കുഭാഗത്തും മറ്റുള്ളവ വ്യാപകമായും കൃഷി ചെയ്തുപോരുന്നു. ഒറ്റപ്പെട്ട കശുമാവ് (പറങ്കിമാവ്) കൃഷിയും അങ്ങിങ്ങു കാണാം.

മനുഷ്യ വിഭവ ശേഷി

മൊത്തം ജനസംഖ്യ: 18012
പുരുഷന്മാർ: 8820
സ്ത്രീകൾ: 9192

ഹിന്ദുക്കളും, ക്രിസ്ത്യാനികളും, മുസ്ലീങ്ങളും ജനവിഭാഗങ്ങളിൽ ഉൾപ്പെടുന്നു. എല്ലാ മതവിഭാഗങ്ങളിലും ഉൾപ്പെടുന്ന നാനാത്വത്തിലും ഏകത്വം എന്ന ആശയം അർത്ഥവത്താക്കിയ ഒരു ഗ്രാമം. ഈ ആശയം എന്നും നിലനിൽക്കും എന്നാശിക്കാം. എല്ലാവിധ തൊഴിലുകളിലും സ്ത്രീകളും പുരുഷന്മാരും സജീവമാണെങ്കിലും തൊഴിൽ മേഖലകളിലേക്ക് കടന്നുവരാൻ മടിച്ചു നിൽക്കുന്നവരേയും കാണാം. ധാരാളം തൊഴിൽ മേഖലകളും തുല്യ ജോലിക്ക് തുല്യ വേതനവും ലഭ്യമായാൽ മനുഷ്യ വിഭവശേഷി ഈ ഗ്രാമത്തിന് ലഭ്യമാക്കാൻ കഴിയും. ഒരു പൊതു വ്യവസായ ശാല അതിനായി സ്ഥാപിക്കുവാൻ അധികാരികൾ ശ്രദ്ധിക്കണം.

തൊഴിൽ മേഖല

കൃഷി
കാർഷിക തൊഴിൽ
മൽസ്യബന്ധനം
മൃഗപരിപാലനം
കുടിൽ വ്യവസായം
പരമ്പരാഗത വ്യവസായം (കയർ)
റോഡുപണി, കെട്ടിട നിർമ്മാണം
മറ്റ് തൊഴിലുകൾ


പരിസ്ഥിതി അവലോകനം

എഴുപത് എൺപത് വർഷങ്ങൾക്ക് മുമ്പ് വൃക്ഷക്കൂട്ടങ്ങളും ഏറെ കുറ്റിക്കാടുകളും കൊണ്ട് നിറഞ്ഞു നിന്ന ഈ ഗ്രാമത്തിൽ ധാരാളം ചെറു വന്യമൃഗങ്ങളുണ്ടായിരുന്നു. ചെന്നായ്, ചീങ്കണ്ണി, മുതല, നീർനായ്, കാലൻകോഴി എന്നിവ അപ്രത്യക്ഷമായിട്ട് ഏറെ കാലമായി

ല്ല. ജനപ്പെരുപ്പം കാടുകളെയും വന്യമൃഗങ്ങളെയും അപ്രത്യക്ഷമാക്കി. ഇന്ന് വനങ്ങൾ അപൂർവമായി ശേഷിക്കുന്നു. വെള്ളക്കെട്ട് ധാരാളമായി കാണാം. കാലവർഷക്കാലത്ത് കടലാക്രമണ ഭീഷണി ഉണ്ടാകാറുണ്ട്. വയലുകൾ കൃഷിക്ക് ഉപയുക്തമല്ലാതായതുമൂലം നികത്തുന്നതുകൊണ്ട് വെള്ളപ്പൊക്കം ഉണ്ടാകുന്നു. ജലമലിനീകരണവും അതുമൂലം ഉണ്ടാകുന്നു. ചതുപ്പു പ്രദേശങ്ങളിലും തോടുകളിലും കക്കൂസുകൾ സ്ഥാപിക്കുന്നതുമൂലം ജലമലിനീകരണത്തിനും പകർച്ച വ്യാധികൾക്കും കാരണമാകുന്നു. കൊതുകുശല്യവും ഇതുമൂലം വ്യാപകമാകുന്നു. കടക്കരപ്പള്ളി മന്തുരോഗത്തിന് പേരുകേട്ടിരുന്നതിന് കാരണവും കൊതുകാണ്. വി. സി. ആർ. സി.യുടെ പ്രവർത്തനം മൂലം മാറ്റം സംഭവിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കൂടുതലായി ലഭ്യമാക്കണം.

മണ്ണൊലിപ്പിനെ നേരിടുന്നതിന് ആവശ്യമായ സസ്യജാലങ്ങൾ വച്ചുപിടിപ്പിക്കണം.





ഗ്രാമസഭ പൊതുചർച്ച ഒരു ദൃശ്യം



വാർഡ് മൂന്ന് അദ്ധ്യക്ഷ വേദി



കൃഷിയും ജലസേചനവും

അതിരുകൾ	:	കിഴക്ക്- എൻ. എച്ച്. 47, തെക്ക്- കട്ടികാട്ട് തോട്, പടിഞ്ഞാറ്- അറേബ്യൻ കടൽ, വടക്ക്- പതിനാറാം മൈൽ തോടും ഇല്ലിക്കൽ തോടും
വിസ്തീർണ്ണം	:	4.55 ച. കി. മീറ്റർ
ജനസംഖ്യ	:	18012 (91 സെൻസസ്)
പ്രധാന വിളകൾ	:	തെങ്ങ്, നെല്ല്
ഇടവിളകൾ	:	വാഴ, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ, മറ്റ് പച്ചക്കറികൾ, ജാതി, കൊക്കോ, കുരുമുളക്, കവുങ്ങ് മുതലായവ.
ഭൂപ്രകൃതി	:	1. മണൽ മണ്ണ് 2. ചെളി കലർന്ന മണ്ണ്
സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം	:	2 – 2 1/2 മീറ്റർ

ഈ ഗ്രാമത്തിന്റെ പടിഞ്ഞാറേ പകുതി വലിയ തോടുകളും, ആഴമേറി, വിസ്താരമുള്ള പൊഴിച്ചാലുകളും, പുരയിടങ്ങളിൽ കുളങ്ങളും, കൈതോടുകളും കൊണ്ട് ജലസമ്പന്നമാണ്. കിഴക്ക് പകുതിയിൽ പുരയിടങ്ങളിലെ കുളങ്ങളും, ഇടതോടുകളും ഉള്ളതുകൊണ്ട് ജലത്തിന്റെ ആവശ്യം നിർവഹിക്കുവാനും കഴിയും.

പുരാതന കാലം മുതൽ നാഷണൽ ഹൈവേയിൽ ഉള്ള 16-ാം മൈൽ തോട്ടിൽ കിഴക്കുനിന്നും ഓരുവെള്ളം കയറാതിരിക്കുന്നതിനായി സ്ഥിരം ചീപ്പുണ്ടായിരുന്നു. ആയത് നോക്കുന്നതിന് ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിൽ നിന്നും വാച്ചറെ നിയമിച്ച് ഓരുവെള്ളം കയറാതിരിക്കുവാൻ ഉറപ്പുവരുത്തിയിരുന്നു. അതുപോലെ ഈ പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് പല സ്ഥലങ്ങളിലായി അന്ധകാരനഴി വഴി കടലിൽ നിന്നും ഉപ്പുവെള്ളം കയറാതിരിക്കുന്നതിന് തുലാവർഷം കഴിയുന്ന ഉടനെ താൽക്കാലിക ബണ്ടുകൾ നിർമ്മിച്ച് സുരക്ഷിതമാക്കിയിരുന്നു. ഇതുമൂലം തെങ്ങുകൃഷിക്കും, നെൽക്കൃഷിക്കും മറ്റ് നടുതലകൾക്കും കോട്ടം തട്ടാതെ നോക്കുവാൻ കഴിഞ്ഞിരുന്നു. കൂടാതെ കുടിവെള്ളത്തിന്റെ കാര്യത്തിലും ഈ ഏർപ്പാടുകൾ പ്രയോജനപ്പെട്ടു. എന്നാൽ, ഇന്ന് ഈ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതുമൂലം ആയിരക്കണക്കിന് തെങ്ങുകൾ ഓരുവെള്ള ഭീഷണിയെ നേരിടുന്നു. തേങ്ങാ ഉൽപ്പാദനം വളരെ കുറഞ്ഞു. ഉള്ളവ തന്നെ വളരെ ചെറുതും ആയിരിക്കുന്നു. സാധാരണ ഒരു തേങ്ങയുടെ കാൽഭാഗം വിലപോലും കിട്ടാത്ത തരത്തിൽ അവയുടെ അളവും തൂക്കവും കുറഞ്ഞിരിക്കുന്നു. വേരുചീയൽ രോഗം ബാധിച്ച തെങ്ങുകൾ വളരെ പെട്ടെന്ന് തന്നെ നശിക്കുവാൻ ഇടയാകുകയും ചെയ്യുന്നു.

ഈ പ്രദേശത്തെ തെങ്ങുകൃഷിക്കാർ മുഖ്യമായും തെങ്ങിന് ജൈവവളങ്ങളാണ് പണ്ടുകാലം മുതലേ ഉപയോഗിക്കാറുള്ളത്. എൻ. ഇ. എസ്. ബ്ലോക്കുകളുടെ ആവിർഭാവത്തോടെ രാസവളങ്ങ

ളും, കീടനാശിനികളും ഉപയോഗിക്കാൻ തുടങ്ങി. പക്ഷേ, തീരെ ജൈവാംശം കുറഞ്ഞ ഈ പ്രദേശത്തെ ചൊരിമണലിൽ രാസവളങ്ങളുടെ ഉപയോഗം കാര്യമായ ഫലം കാണിച്ചില്ല. ഈ പ്രദേശത്ത് പണ്ടുകാലം മുതൽ തന്നെ പൊഴിച്ചെളി, ചാണകം, പായൽ, ചാരം മുതലായവയാണ് തെങ്ങുകൾക്കും, നെല്ലിനും, മറ്റ് വിളകൾക്കും വളമായി ഉപയോഗിച്ചുവന്നിരുന്നത്. വേനൽക്കാലങ്ങളിൽ തെങ്ങുകൾക്ക് ഒന്നിടവിട്ട ദിവസങ്ങളിൽ കുടംകൊണ്ട് നനച്ചിരുന്നു. എന്നാൽ, ഇന്ന് ഈ സ്ഥാനം പമ്പുസെറ്റുകൾ ഏറ്റെടുത്തിരിക്കുന്നു. ആഴ്ചയിൽ രണ്ടുദിവസത്തിൽ കൂടുതൽ പമ്പുസെറ്റു കൊണ്ട് നനയ്ക്കുവാൻ സാമ്പത്തിക ബുദ്ധിമുട്ടു മൂലം കൃഷിക്കാർക്ക് കഴിയുന്നില്ല. ഈ ചൊരിമണലിൽ നിന്നും വളരെ വേഗം വെള്ളം അടിമണ്ണിലേയ്ക്ക് പോകുന്നതിനാൽ ചെടിയുടെ വേരുകൾക്ക് ഇത് ലഭ്യമാകാതെ വരുകയും തേങ്ങ ഉൽപ്പാദനത്തെ അത് പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. മണ്ണിന്റെ ഘടനയും രചനയും നന്നാക്കുന്നതിനും ജൈവവളത്തിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനും, ഉതകിയിരുന്നത് ഈ പഞ്ചായത്തിലെ തന്നെ പൊഴിച്ചാലുകളിൽ ഉള്ള എക്കൽ ആയിരുന്നു. ഇത് മറ്റ് പ്രദേശങ്ങളിലേക്ക് കടത്തിക്കൊണ്ടു പോകുന്നതിനാലും താങ്ങാനാവാത്ത വില കൊടുക്കേണ്ടിവരുന്നതിനാലും ഈ പ്രദേശത്തെ കൃഷിക്കാർക്ക് അതുപയോഗിച്ച് തങ്ങളുടെ കൃഷിയെ പരിപോഷിപ്പിക്കുവാൻ സാധിക്കാതെ വരുന്നു.

ഈ ഗ്രാമത്തിലെ ജനങ്ങൾ മുഖ്യമായും തെങ്ങിനെ ആശ്രയിച്ച് ജീവിക്കുന്നു. സാധാരണക്കാരുടേയും പാവപ്പെട്ടവരുടേയും ജീവിതമാർഗ്ഗം ചകിരി പിരിച്ചും, പുരയിടങ്ങളിൽ കൃഷിവേലകൾ ചെയ്തും ആണ്. തെങ്ങുചെത്ത് വ്യവസായവും ഒട്ടേറെ പേരുടെ ജീവിതോപാധി ആയിരുന്നു. എന്നാൽ, തെങ്ങിന്റെ കാറ്റുവീഴ്ച, കൂമ്പുചീയൽ, ചെന്നീരൊലിപ്പ് മുതലായ രോഗങ്ങൾ ഉൽപ്പാദനത്തെ പണ്ടുണ്ടായിരുന്നതിനേക്കാൾ വളരെ മടങ്ങ് കുറയ്ക്കുകയും, കൃഷിക്കാരൻ ഈ കൃഷിയിൽ നിന്നും വിമുഖനായും ഇരിക്കുന്നു. വേലച്ചെലവുകൾ വളരെ കൂടിയും ആദായം വളരെ കുറഞ്ഞും ഇരിക്കുന്നതിനാൽ ഈ കൃഷി പാടെ അവഗണിക്കപ്പെട്ട മട്ടായി. സകല ജനങ്ങളുടേയും ജീവിതോപാധിയായ ഈ കൃഷിയെ രക്ഷിക്കുവാൻ വേണ്ടതൊക്കെ ചെയ്യുവാൻ നമുക്ക് കഴിഞ്ഞേ പറ്റൂ. കാരണം നമ്മുടെ ഈ മണ്ണിൽ തെങ്ങല്ലാതെ മറ്റൊരു വിളയും ലാഭകരമായി വളർത്തുവാൻ നമുക്ക് സാധിക്കില്ല എന്നതുതന്നെ.

നെല്ലാണ് ഈ പഞ്ചായത്തിലെ രണ്ടാമത്തെ വിള കേവലം 25 ഹെക്ടർ സ്ഥലത്തു മാത്രം ഉള്ള കൃഷി. പണ്ടുകാലത്ത് രണ്ട് പൂ കൃഷി ഉണ്ടായിരുന്നു. പൊതുവേ മണലാണ് ഈ പാടശേഖരങ്ങളിൽ. ജൈവാംശം നന്നേ കുറവ്. പലപ്പോഴും വിരിപ്പും മുണ്ടകനും ചേർത്താണ് പണ്ടുകാലങ്ങളിൽ വിതച്ചിരുന്നത്. മഴയെ മാത്രം ആശ്രയിച്ചുള്ള ഈ കൃഷി മുൻകാലങ്ങളിൽ 10-12 മേനി വിളവു തന്നിരുന്നു. ഒന്നിടവിട്ട കൊല്ലങ്ങളിൽ പൊഴിച്ചെളിയും, മറ്റ് ജൈവവളങ്ങളും പാടശേഖരങ്ങളിൽ ചേർത്തിരുന്നു. എന്നാൽ, അതിന്റെ അമിത വിലയും, കൂലിയിൽ വന്ന വർദ്ധനവുമൂലം കളപറി മുതലായവ ചെയ്യിക്കാത്തതിനാലും 4-5 മേനിയായി വിളവു കുറഞ്ഞിരിക്കുന്നു. കൂടാതെ മുൻകാലങ്ങളിൽ പാടശേഖരത്തിൽ നിന്നും അധികജലം ഒഴുകിപ്പോയ്ക്കൊണ്ടിരുന്ന തോടുകൾ നികത്തിയും, നികന്നും പോയതിനാൽ അത് നെൽവിളവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിനൊക്കെ പരിഹാരം ഉണ്ടായാൽ മാത്രമേ ഈ രംഗത്ത് കർഷകനേയും കർഷക തൊഴിലാളികളേയും പിടിച്ചുനിർത്തുവാൻ സാധിക്കുകയുള്ളൂ.

പച്ചക്കറി കൃഷി, ഒന്നാം വിളവെടുപ്പിന് ശേഷം കരപ്പാടങ്ങളിലും, കരപ്രദേശങ്ങളിലും നന്നായി ചെയ്തുവരുന്നു. രാസവളങ്ങളും, ജൈവവളങ്ങളും കീടനാശിനികളും ഉപയോഗിച്ചുള്ള ഈ കൃഷി, പ്രദേശത്തെ കർഷകർക്കും, കർഷകത്തൊഴിലാളികൾക്കും നല്ല ഒരു വരുമാനമാക്കിക്കൊടുക്കുന്നു. കൃഷിഭവനുകളുടെ സാന്നിദ്ധ്യം ഈ കൃഷികളെയൊക്കെ പ്രോൽസാഹിപ്പിക്കുവാൻ ഇടനൽകിയിട്ടുണ്ട്. ഈ പ്രദേശത്തെ ജനങ്ങളുടെ ആവശ്യം കഴിഞ്ഞുള്ള പച്ചക്കറികൾ അന്യപ്രദേശത്തേയ്ക്ക് കയറ്റിഅയച്ച് നല്ല വില നേടുവാൻ ഈ നെൽവയൽ പച്ചക്കറി കൃഷിക്ക് കഴിയുന്നുണ്ട്.

തെങ്ങിൻതോപ്പുകളിലെ ഇടവിളയായി വാഴ, മരച്ചീനി, ചേന, ചേമ്പ്, കുരുമുളക്, കവുങ്ങ്, കൊക്കോ, കശുമാവ്, ജാതി, കന്നുകാലികൾക്കുള്ള തീറ്റപ്പുല്ല്, കൈതച്ചക്ക, പച്ചക്കറികൾ എന്നിവയും

കൃഷിചെയ്ത് നല്ല ആദായം എടുക്കുന്നുണ്ട്. കാലാവസ്ഥയിലുള്ള വ്യതിയാനം എല്ലാത്തരം കൃഷികളെയും ചില അവസരത്തിൽ നഷ്ടത്തിലാക്കാറുണ്ട്. എന്നത് ഇവിടെ വിസ്മരിക്കാവുന്നതല്ല. അനുകൂലമായ സാഹചര്യം ഒരുക്കിക്കൊടുത്താൽ ആണ്ടിന്റെ നല്ലൊരു ഘട്ടംവരെ ഈ നടുതല കൃഷിയിൽനിന്നുള്ള ഉൽപന്നങ്ങൾകൊണ്ട് നിത്യവൃത്തി കഴിക്കുവാൻ കഴിയും.

ഈ പഞ്ചായത്തിലെ കൃഷിക്കാർ ബഹുഭൂരിപക്ഷവും നാമമാത്രകൃഷിക്കാരാണ്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നു. കൃഷിയിൽനിന്നുള്ള വരുമാനവും മറ്റു കൈത്തൊഴിലിൽനിന്നും കിട്ടുന്നതും ഉൾപെടെ നിത്യവൃത്തി കഴിഞ്ഞുപോകാനുള്ളതുപോലും പലപ്പോഴും കിട്ടാറില്ല. തന്മൂലം കൃഷിയിലേയ്ക്ക് ശരിയായ രീതിയിൽ മുതൽമുടക്കാൻ കഴിയുന്നില്ല. ഫലമോ കാലക്രമേണ സർവനാശം. ഇതിന് പരിഹാരം ഉണ്ടായേപറ്റൂ. ഇവരെ സഹായിക്കാൻ, ഗവൺമെൻറും പഞ്ചായത്തും സൊസൈറ്റികളും മറ്റു ധനകാര്യ സ്ഥാപനങ്ങളും അവരുടെ കണ്ണും കാതും തുറക്കേണ്ടിയിരിക്കുന്നു.

തെങ്ങിൽനിന്നു കിട്ടുന്ന നാളികേരത്തിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു

ആകെ വിസ്തീർണം	:	841.2 (ഹെക്ടർ) (1) തെങ്ങ്-816.2Ha. (2) നെല്ല് 25 Ha.
ആകെ ഉൽപാദനക്ഷമത	:	(1) തെങ്ങ്-199967 Nos. (2) നെല്ല് 17500 k.g.
ഉൽപാദന ക്ഷമത	:	തേങ്ങ - 3481/Ha/Year നെല്ല് - 700 /Ha/Year
സംസ്ഥാന ശരാശരി	:	തേങ്ങ - 5888 /Ha/year
ദേശീയ ശരാശരി	:	തേങ്ങ - 7032/Ha/year

കൃഷിഭവൻ ശരാശരി രേഖകൾ

തെങ്ങ്-816.2 Ha	:	(1) കായ്ഫലമുള്ള തെങ്ങുകൾ-142834 Nos. (2) കായ്മഹമില്ലാത്തവ-66889 Nos. (3) രോഗം ബാധിച്ച തെങ്ങുകൾ-162479 Nos. (4) രോഗം ബാധിക്കാത്തവ-47244 Nos.
നെല്ല്	:	1-ാം വിള-25 Ha. 2-ാം വിള-5 Ha.
ഇടവിളകൾ	:	വാഴ-30 Ha. കപ്പ-10 Ha. പച്ചക്കറി-13 Ha. കുരുമുളക്-6 Ha. പയറ്-5 Ha. കശുമാവ്-23 Ha. പ്ലാവ്-6 Ha.

കൃഷിക്കാരുടെ വിവരങ്ങൾ

ഒരു ഹെക്ടറിൽ താഴെ കൃഷിയുള്ള നാമമാത്ര കൃഷിക്കാർ	:	4057
ഒരു ഹെക്ടറിനും രണ്ടിനും ഇടയ്ക്കുള്ളവർ	:	109
രണ്ടു ഹെക്ടറിന് മുകളിലുള്ള കൃഷിക്കാർ	:	11
ജലസേചനത്തിനുള്ള കുളങ്ങൾ	:	5882
കുഴൽകിണറുകൾ	:	221

കൃഷിയെ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

(1) തെങ്ങിന്റെ വേരുചീയൽ രോഗത്തിന് പ്രതിവിധിയില്ല.

(2) ഓല രോഗത്തിനും കീടബാധയ്ക്കും ആവശ്യമായ, മരുന്നിന്റെ അമിതമായ വിലയും ആയത് പ്രയോഗിക്കുവാനുള്ള പരിചയസമ്പന്നരായ തൊഴിലാളികളുടെ അഭാവവും.

(3) ചെളി, ചാണകം മുതലായ ജൈവവളങ്ങളുടെ അമിതമായ വില.

(4) സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് കാലാകാലങ്ങളിൽ തോടുകളും കുളങ്ങളും വെട്ടാത്തതിനാൽ, വേനൽകാലങ്ങളിൽ ജലസേചനത്തിനുള്ള ജലം കിട്ടാതെവരുന്നു.

(5) നല്ല നടീൽ വസ്തുക്കൾ ന്യായ വിലയ്ക്ക് കിട്ടുന്നില്ല.

(6) കാർഷികോൽപന്നങ്ങളുടെ വില നിലവാരത്തിൽ കൂടെക്കൂടെ ഉണ്ടാകുന്ന വ്യതിയാനംമൂലം ന്യായമായ വില കിട്ടാതെ വരുന്നു.

(7) നെൽകൃഷി ലാഭകരമല്ലാത്തതിനാൽ, ഇരുപ്പൂ കൃഷി ഒരുപ്പൂ ആക്കാൻ കൃഷിക്കാർ നിർബന്ധിതരാകുന്നു.

(8) മണ്ണറിഞ്ഞല്ല പലരും കൃഷിചെയ്യുന്നത്. മണ്ണു പരിശോധനയെക്കുറിച്ചുള്ള അവബോധം ഇല്ലായ്മ.

(9) പരമ്പരാഗതവും ശാസ്ത്രീയവുമായ കൃഷിരീതിയെ സമന്വയിപ്പിച്ച് കൃഷി മെച്ചപ്പെടുത്തുവാനുള്ള താൽപര്യം ഇല്ലായ്മ.

(10) കൃഷി വായ്പാ സൗകര്യങ്ങൾക്കുള്ള അപര്യാപ്തത.

(11) വിള ഇൻഷുറൻസ് ആനുകൂല്യത്തിന്റെ അപര്യാപ്തത.

(12) എല്ലാത്തലങ്ങളിലും ഉള്ളവർക്ക് ആഹാരം എത്തിച്ചുകൊടുക്കുന്ന കൃഷിക്കാരനെ വേണ്ടത്ര അംഗീകരിക്കാതിരിക്കുക.

(13) കാർഷികോപകരണങ്ങൾ ന്യായ വിലയ്ക്ക് കിട്ടാനുള്ള ഏർപാടുകൾ ഉണ്ടാക്കുക.

(14) ഇടത്തട്ടുകാരെ ഒഴിവാക്കി ഉൽപന്നങ്ങളുടെ ന്യായവില കിട്ടുന്നതിനുള്ള സാഹചര്യം ഒരുക്കുക.

(15) കാർഷികരംഗത്തെ കൂട്ടായ പ്രവർത്തനത്തിന് പരിശീലനവും പ്രേരണയും നൽകുക.

(16) പ്രാദേശികാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് കൃഷി ഭവനുകൾക്ക് അധികാരം നൽകുക.

(17) എല്ലാവിധ കാർഷികാവശ്യങ്ങൾക്കും വൈദ്യുതി കണക്ഷൻ കൊടുക്കുമെന്ന് ഉറപ്പുവരുത്തുക.

സാദ്ധ്യതകൾ

(1) തെങ്ങുകൃഷി ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കണം.

രോഗപ്രതിരോധ ശക്തിയുള്ള തെങ്ങിൻ തൈകൾ ന്യായ വിലയ്ക്ക് ലഭിക്കുന്നതിന് ശരിയായ സംവിധാനം ഉണ്ടാകണം. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് കൃഷിക്കാരന് 1000 രൂപ

യെങ്കിലും നൽകണം. പകരം, നല്ലിയിനം തൈകൾ നൽകുകയും മിതമായ പലിശ നിരക്കിൽ ദീർഘ കാല വായ്പകൾ അനുവദിക്കുകയും വേണം.

(1) തെങ്ങുകൃഷിക്ക് ശാസ്ത്രീയമായ വിധത്തിൽ ജൈവ രാസ വളങ്ങളുടെ പ്രയോഗം ഉറപ്പാക്കുകയും അവ ന്യായ വിലയ്ക്ക് കൊടുക്കുവാനുള്ള സംവിധാനവും ഉണ്ടാകണം. കന്നുകാലി വളർത്തലും കോഴി വളർത്തലും വ്യാപകമാക്കി, ജൈവ വളങ്ങളുടെ ലഭ്യത ഉറപ്പാക്കണം. ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നിലവിലുള്ള കുളങ്ങളും തോടുകളും കാലാകാലങ്ങളിൽ വെട്ടി സംരക്ഷിക്കുകയും പമ്പുസെറ്റുകൾ സ്ഥാപിച്ച് അതിനാവശ്യമായ വൈദ്യുതി ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപെടുത്തുകയും ചെയ്യണം. തെങ്ങിനുണ്ടാകുന്ന കൂമ്പുചീയൽ, ഓല മുരടിപ്പ്, ചുവന്ന ചെല്ലി, കൊമ്പൻ ചെല്ലി, ചെന്നീരൊലിപ്പ് എന്നീ കീടങ്ങളുടെ ആക്രമണം തക്കസമയത്ത് തടയുന്നതിനുവേണ്ട പരിപാടികൾ പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഫലപ്രദമായി നടപ്പാക്കണം. ലഘുലേഖകൾ പ്രസിദ്ധീകരിച്ചും സെമിനാറുകൾ സംഘടിപ്പിച്ചും കൃഷിക്കാരെ ബോധവൽകരിക്കണം.

തെങ്ങിന്റെ കീടരോഗബാധയെ പ്രതിരോധിക്കുന്നതിനുമവണ്ടി പരിചയസമ്പന്നരായ തൊഴിലാളികളെ വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവർക്ക് ജോലി സംരക്ഷണം ഉറപ്പുവരുത്തി, ഇൻഷുറൻസ് കവറേജ് അടക്കം സുരഷിതത്വം ഉറപ്പുവരുത്തുകയും വേണം. ജോലി ഭാരം കുറയ്ക്കുവാൻ തെങ്ങുകയറ്റ യന്ത്രവും വോക്കർ സ്പെയറുകളും ഓരോ വാർഡിലും കുറഞ്ഞത് അഞ്ചെണ്ണം വീതം നൽകണം. മാതൃകാ തോട്ടങ്ങൾ നിർമിച്ച് കൃഷിക്കാരെ ബോധവൽകരിക്കാവുന്നതാണ്.

(2) നമ്മുടെ പഞ്ചായത്തിലെ നെൽകൃഷി ലാഭകരമല്ല. വെറും 25 ഹെക്ടർ സ്ഥലത്തുമാത്രമേ നിലവിൽ കൃഷിയുള്ളൂ. തീരെ ഫലപുഷ്ടി ഇല്ലാത്ത മണ്ണാണ് ഈ പാടങ്ങളിലേത്. വേനൽകാലത്ത് വെള്ളം പെട്ടെന്നു അടിമണ്ണിലേയ്ക്ക് താണുപോകുന്നതിനാലും വർഷകാലങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നതിനാലും നെൽകൃഷി പലപ്പോഴും നഷ്ടത്തിലാണ് എത്തിച്ചേരുക. പാടശേഖരത്തിനോടു ചേർന്നുള്ള തോടുകളിൽകൂടിയാണ് മഴക്കാലത്ത് അധികജലം ഒഴുകിപ്പൊയ്ക്കൊണ്ടിരുന്നത്. എന്നാൽ, ഇപ്പോൾ ആ തോടുകൾ പലതും നികത്തിയും സ്വയം നികന്നും ഈ അധികജലം ഒഴുകിപ്പോകാനുള്ള സൗകര്യം ഇല്ലാതായിരിക്കുന്നു. ഇതിനുള്ള പരിഹാരം കണ്ടെത്തണം. രണ്ടും മൂന്നും വിളകളായി പയറ്, എള്ള്, നിലക്കടല, പച്ചക്കറി എന്നിവ കൃഷിചെയ്ത് കൃഷിപ്പാടങ്ങൾ വർഷത്തിലുടനീളം കൃഷിയോഗ്യമാക്കാവുന്നതാണ്.

(3) നമ്മുടെ പഞ്ചായത്തിൽ നടത്തിയ സർവേ കണക്കനുസരിച്ച്, പച്ചക്കറി കൃഷിയുടെ മൊത്തം വിസ്തൃതി കേവലം 13 ഹെക്ടർ മാത്രമാണ്. ആസൂത്രിത പദ്ധതിയിലൂടെ നമ്മുടെ പഞ്ചായത്തൊട്ടുക്കും പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ കഴിയണം. ഗുണമേന്മയും അത്യുൽപാദനശേഷിയും ഉള്ള വിത്തിനങ്ങൾ കർഷകർക്ക് എത്തിച്ചുകൊടുക്കുവാൻ പഞ്ചായത്തടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാകണം. ഇതിലേയ്ക്ക് പരിശീലനം നൽകുവാനുള്ള ചുമതല കൃഷിഭവൻ ഏറ്റെടുക്കണം. പച്ചക്കറിക്കാവശ്യമായ ജൈവവളം ലഭിക്കുന്നതിനുവേണ്ടി കമ്പോസ്റ്റ് വളക്കുഴികൾ സ്ഥാപിക്കുവാൻ സഹായിക്കണം. കന്നുകാലികൾ, കോഴി മുതലായവ വളർത്തുന്നതിന് പ്രോൽസാഹനം നൽകണം. നമ്മുടെ പൊഴിച്ചാലിലെ ചെളിയും ഇവിടുണ്ടാകുന്ന ചാണകം, ചാരം, മുതലായവയും മറ്റു സ്ഥലത്തേക്ക് കടത്തിക്കൊണ്ടുപോകുന്നത് നിരുൽസാഹപ്പെടുത്തുകയും അവ നമ്മുടെ മണ്ണിൽതന്നെ ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യണം. പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് മോട്ടോർ പമ്പുസെറ്റുകളും സ്പെയറുകളും സൗജന്യ നിരക്കിൽ വിതരണം ചെയ്യണം.

നമ്മുടെ പഞ്ചായത്തിലെ മുൻപുണ്ടായിരുന്ന തോടുകൾ പുന:സ്ഥാപിച്ച് മഴക്കാലത്തുണ്ടാകുന്ന അധിക ജലം ഒഴുക്കിക്കളയണം. ഏപ്രിൽ, മേയ് മാസങ്ങളിൽ പഞ്ചായത്തിലെ എല്ലാ കുളങ്ങളും തോടുകളും വെട്ടി സംരക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപെടുത്തണം. അത്യാവശ്യ സന്ദർഭങ്ങളൊഴികെ ജൈവ കീടനാശിനികൾ മാത്രം പ്രയോഗിക്കുന്നതിനു വേണ്ട ഉപദേശം കൃഷിക്കാർക്ക് നൽകണം. പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതോടൊപ്പം അധികം ഉള്ളവ ന്യാ വിലയ്ക്ക് വിൽക്കു

വാനുള്ള വിപണി കണ്ടെത്തി, കൃഷിക്കാരെ ആ രംഗത്ത് ഉറപ്പിച്ചുനിർത്തണം. നേരിട്ട് കൃഷി ഇറക്കുവാൻതാൽപര്യം ഇല്ലാത്ത കൃഷിക്കാരുടെ ഭൂമികൾ പഞ്ചായത്തിന്റെ ചുമതലയിലും നേതൃത്വത്തിലും ഏറ്റെടുത്ത് പാൽപര്യമുള്ള മറ്റു കൃഷിക്കാർക്ക് വിട്ടുകൊടുത്ത്, ഈ പഞ്ചായത്തിലുള്ള മുഴുവൻ സ്ഥലത്തും കൃഷി വ്യാപിപ്പിക്കുവാൻ കഴിയണം. വസ്തു ഉടമകൾക്ക് തങ്ങളുടെ വസ്തുക്കൾ അന്യാധീനപ്പെടുകയില്ലെന്ന് ഉറപ്പുവരുത്തുകയും വേണം. തെങ്ങിൻതോപ്പുകളിൽ ഇടവിളയായി നടാവുന്ന വാഴ, ചേന, ചേമ്പ്, കാച്ചിൽ, മഞ്ഞൾ, ഇഞ്ചി മുതലായവയുടെ നല്ലയിനം വിത്തുകൾ സൗജന്യ നിരക്കിൽ പഞ്ചായത്തിൽനിന്ന് വിതരണം ചെയ്യണം.

കാർഷിക മേഖലയെ സഹായിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പാ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

എല്ലാത്തരം വൃക്ഷ വിളകളുടെയും മറ്റു പച്ചക്കറികളുടെയും ആരോഗ്യകരമായ വളർച്ചയ്ക്കും ഉൽപാദനക്ഷമതയ്ക്കും ജലം കൂടിയേതീരൂ. കുടം കൊണ്ടുള്ള പണ്ടത്തെ നന ഇന്നില്ല. മോട്ടോർ പമ്പുസെറ്റുകൾ ആ സ്ഥാനം ഏറ്റെടുത്തു. എന്നാൽ, സാമ്പത്തികശേഷിയുള്ള ചുരുക്കം ചിലർക്കു മാത്രമേ ഈ സൗകര്യങ്ങൾ ഏർപെടുത്തുവാൻ കഴിഞ്ഞിട്ടുള്ളൂ. ആയതിനാൽ, ആവശ്യമായ അത്രയും മോട്ടോർ പമ്പുസെറ്റുകൾ 50 ശതമാനം വില കുറച്ച് 10 സെൻറ് മാത്രം വിസ്തൃതിയുള്ള കൃഷിക്കാരടക്കമുള്ളവർക്കെല്ലാം കൊടുക്കുവാനുള്ള സാഹചര്യം ഉണാക്കുന്നതോടൊപ്പം, ആവശ്യമായ സ്ഥലങ്ങളിൽ വൈദ്യുതി കണക്ഷൻ കൊടുക്കുവാനുള്ള ഏർപാടുകളും ചെയ്യണം.

കൂട്ടായ പ്രവർത്തനത്തിന്റെ മേന്മ കണക്കിലെടുത്ത് തെങ്ങും മറ്റു വിളകളും സംരക്ഷിക്കുന്നതിനുവേണ്ടി, തൊട്ടടുത്തുള്ള 5-10 ഏക്കർ സ്ഥലങ്ങൾ ചേർത്ത് കുഴൽകിണർ സ്ഥാപിച്ചോ നിലവിലുള്ള കുളം, തോട് എന്നിവയിൽനിന്ന് പമ്പുസെറ്റുകൾ ഉപയോഗിച്ചുള്ള സാമൂഹിക ജലസേചന പദ്ധതിക്ക് രൂപംകൊടുത്തോ ഈ പഞ്ചായത്തിലുടനീളം ജലസേചന സൗകര്യം ഏർപെടുത്തി, ജനജീവിതം മെച്ചപ്പെടുത്താവുന്നതാണ്.

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത്
വിള വിസ്തീർണവും ഉൽപാദനവും

(കൃഷി, ജലസേചനം)

വിള	വിസ്തീർണം	മൊത്തം ഉൽപാദനം	ഉൽപാദനക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)	25 ഹെക്ടർ	18 ടൺ	750കി/ഹെക്ടർ
നെല്ല് (രണ്ടാം വിള)	5 ഹെക്ടർ	4 ടൺ	1100 കി./ഹെക്ടർ
പയർ	5 ഹെക്ടർ	2.5 ടൺ	450 കി/ഹെക്ടർ
പച്ചക്കറികൾ	13 ഹെക്ടർ	91 ടൺ	12 ടൺ/ഹെക്ടർ
തെങ്ങ് (തേങ്ങാ)	816.2 ഹെക്ടർ	2 ലക്ഷം നാളികേരം	3481 നാളികേരം/ വർഷം/ഹെക്ടർ
കമുക്	3 ഹെക്ടർ	-	-
വാഴ	30 ഹെക്ടർ	-	-
മരച്ചീനി	10 ഹെക്ടർ	-	-
കുരുമുളക്	6 ഹെക്ടർ	-	-
കശുമാവ്	23 ഹെക്ടർ	-	-
മാവ്	22 ഹെക്ടർ	-	-
പ്ലാവ്	6 ഹെക്ടർ	-	-
വെറ്റില			
	അവലംബം കൃഷിഭവൻ രേഖ		

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത് ജലസേചന സംവിധാനങ്ങൾ

വാർഡ് നമ്പർ	കുഴൽ കിണർ	കുളം തോട്	
1	9	196	
2	8	212	
3	12	224	
4	20	565	
5	35	927	
6	40	1031	
7	32	894	
8	3	936	
9	32	897	

അവലംബം: കൃഷിഭവൻ രേഖ

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത് കൈവശ ഭൂമി വിസ്തീർണം


വാർഡ് നമ്പർ	നാമമാത്ര കർഷകൻ ഒരു ഹെക്ടറിൽ താഴെ	ചെറുകിട കർഷകർ (1-2 ഹെക്ടർ)	വൻകിട കർഷകർ 2 ഹെക്ടറിനുമുകളിൽ
1	464	13	2
2	502	12	2
3	428	21	3
4	432	18	-
5	431	11	-
6	427	11	1
7	438	10	1
8	503	7	2
9	432	6	-

അവലംബം: കൃഷിഭവൻ രേഖ


കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത് തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	തെങ്ങുകൃഷി വിസ്തീർണം	തെങ്ങ് എണ്ണം			രോഗം ബാധിച്ച തെങ്ങുകൾ					
		കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ.	റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ് റോട്ട്	സ്റ്റെം ബ്ലീഡിങ്	മറ്റുള്ളവ	ആകെ
1	2	3	4	5	6	7	8	9	10	11
1	87.8 ha	6526	15365	21891	8758	5730	1745	75	160	16468
2	90.3 ha	7231	15802	23033	9443	6250	1420	80	140	17333
3	91.0 ha	8347	15925	24272	9708	6920	1815	65	180	18688
4	86.4 ha	5040	15120	20160	8064	5875	1245	30	120	15334
5	85.2 ha	5212	14910	20122	8451	5715	1315	60	130	15671
6	89.6ha	7841	15680	23521	9878	6423	1446	95	145	17987
7	101.2 ha	8855	17710	26565	11688	7210	1242	76	175	20391
8	95.2 ha	9346	16660	26006	10402	8320	1125	55	115	20017
9	89.5ha	8531	15662	24193	10160	8210	2015	30	175	20590

അവലംബം: കൃഷിഭവൻ രേഖ



ഗ്രാമസഭ ഗ്രൂപ്പ് ചർച്ച



ഗ്രൂപ്പുചർച്ച സജീവം



മൃഗപരിപാലനം ക്ഷീരവികസനം

പ്രാഥമിക മേഖലയിലെ ഒരു പ്രധാന ഉപമേഖല യാണ് മൃഗപരിപാലനം. ക്ഷീരോൽപ്പാദനം, മാം സോൽപ്പാദനം എന്നീ രണ്ട് വിശാല വിഭാഗങ്ങളാ യി മൃഗപരിപാലനത്തെ വേർതിരിക്കാം. ഗ്രാമീണ കുടുംബങ്ങൾക്ക് വരുമാനവും തൊഴിലും നൽകു ന്നതോടൊപ്പം മണ്ണിന്റെ ഗുണനിലവാരം ജൈവ പ്രവർത്തനത്തിലൂടെ വർദ്ധിപ്പിക്കുന്നതിലും കാർ ഷിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഊർജം പ്രദാനം ചെയ്യുന്നതിനും ഈ മേഖല മുഖ്യ പങ്ക് വഹിക്കുന്നു.

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിൽ കർഷക രിൽ നല്ലൊരു പങ്ക് പശുവളർത്തൽ ഒരു ഉപതൊഴി ലായോ മുഖ്യ തൊഴിലായോ സ്വീകരിച്ചിട്ടുള്ളവരാ ണ് എന്ന് ഇവിടത്തെ വളർത്തുമൃഗ സെൻസസ് പട്ടിക പരിശോധിച്ചാലറിയാം. പശുവിനെ കൂടാ തെ കോഴി, താറാവ് തുടങ്ങി പക്ഷികളേയും വളർ ത്തുന്നുണ്ട്.

മൃഗസംരക്ഷണം: – പ്രശ്നങ്ങൾ

ഗ്രാമ പഞ്ചായത്തിൽ ആശുപത്രി അനുവദിച്ചി ട്ടുണ്ടെങ്കിലും സ്ഥിരമായ ഡോക്ടറില്ല, മരുന്നു കൾ ലഭ്യമല്ല, ബീജസങ്കലന കേന്ദ്രത്തിൽക്കൂടി അത്യുൽപ്പാദന ശേഷിയുള്ള കാളകളുടെ ബീജം ലഭിക്കുന്നില്ല.

പരിഹാരങ്ങൾ, സാദ്ധ്യതകൾ

മൃഗാശുപത്രിയിൽ സ്ഥിരമായി ഡോക്ടറു ണ്ടായാൽ എല്ലാ ദിവസവും സേവനം ലഭിക്കും. കർഷകരുടെ ബുദ്ധിമുട്ട് ഒഴിവാകും. അത്യാവശ്യ മരുന്നുകൾ ലഭിച്ചാൽ കുറഞ്ഞ വരുമാനക്കാരായ കർഷകർക്ക് അവരുടെ തൊഴിലിനോട് ആഭിമു ഖ്യം വർദ്ധിക്കും. ക്ഷീരോൽപ്പാദന മേഖലയും മറ്റ് മേഖലകളും വളർന്നുവരും.

കൃത്രിമ ബീജ സങ്കലന കേന്ദ്രം വഴി അത്യുൽ പ്പാദന ശേഷിയുള്ള പ്രീമിയം ബുള്ളിന്റെ ബീജം ലഭിക്കുവാനിടയായാൽ ഇവിടത്തെ പശുക്കളുടെ ജനിതകഗുണം മെച്ചപ്പെടുത്തുവാൻ കഴിയും.

ഈ ഗ്രാമ പഞ്ചായത്തിലെ കുറഞ്ഞ വരുമാന ക്കാരായ കർഷകർക്ക് ആടിനെ നൽകിയാൽ പാലുൽപ്പാദനത്തിലും മാംസോൽപ്പാദനത്തിലും വമ്പിച്ച പുരോഗതി ഉണ്ടാക്കിയെടുക്കാൻ കഴി യും. ഒപ്പം അറവുശാലയും സംസ്കരണ ശാലയും ഉണ്ടായിരിക്കണം. ഇതിന്റെ നടത്തിപ്പ് ചുമതല പ്രധാനമായും ഗ്രാമ പഞ്ചായത്തിനായിരിക്കണം.

വാർഡുതലത്തിൽ മൃഗസംരക്ഷണത്തിനായി ഉദ്യോഗസ്ഥരെ നിയമിക്കണം.

മേൽത്തരം ആടുകൾ, കോഴി, താറാവ്, പന്നി എന്നിവ താൽപ്പര്യമുള്ള കർഷകർക്ക് സൗജന്യ നിരക്കിൽ വിതരണം ചെയ്യണം.

ക്ഷീരവികസനം

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിൽ 473 പശു ക്കളും, 66 കാളകളും, 106 പശുക്കുട്ടികളും ഉണ്ട്. കൃഷിയുമായി പൊരുത്തപ്പെട്ടുപ്പോകുന്ന കന്നു കാലി വികസന സമീപനമാണ് നമുക്കനുയോജ്യം. ക്ഷീരോൽപ്പാദന രംഗത്ത് പശുക്കളെ കൂടാതെ തന്നെ എരുമയും ആടും വളർത്തുന്നതിനുള്ള സാദ്ധ്യതകളും ആരായേണ്ടതുണ്ട്. 379 നാടൻ പെണ്ണാടുകളും 88 മുട്ടനാടുകളും പഞ്ചായത്തി ലുണ്ട്.

പ്രശ്നങ്ങൾ

1. നൂതന രീതിയിലുള്ള കന്നുകാലി വളർത്തൽ ആരംഭിക്കണം.
2. കാലിത്തീറ്റയ്ക്കായി പുൽകൃഷി വികസിപ്പിക്കുവാൻ ശ്രദ്ധിക്കണം.
3. പുൽക്കൃഷിക്കാവശ്യമായ വിത്തുകൾ, വളം മുതലായവ ലഭ്യമാക്കണം.
4. പാൽ സഹകരണ സംഘങ്ങൾ ഇല്ലാത്ത വാർഡുകളിൽ രൂപീകരിക്കണം.

സാദ്ധ്യതകൾ

നൂതന രീതിയനുസരിച്ചുള്ള പശുവളർത്തൽ ആരംഭിച്ചാൽ പാലുൽപ്പാദന മേഖല വികസിക്കും. ഗ്രാമീണ സമ്പദ് ഘടനയിൽ വ്യത്യാസംവരും. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

നനയ്ക്കുവാൻ സൗകര്യമുള്ള തെങ്ങിൻ തോപ്പുകളിലും മറ്റും ഇടവിളയായി പുൽക്കൃഷി നടത്തിയാൽ കാലിത്തീറ്റയിൽ സ്വയംപര്യാപ്തത നേടാൻ കഴിയും. ഉൽപ്പാദനച്ചെലവ് കുറയും. ഗുണനിലവാരമുള്ള പാൽ ലഭിക്കും. കൂടാതെ കന്നുകാലികൾക്ക് വിറ്റാമിൻ കുറവുമൂലമുള്ള അസുഖങ്ങൾ വരില്ല.

വിത്ത്, വളം ഇവ ആവശ്യത്തിന് നൽകിയാൽ അത് കർഷകന് വളരെയധികം പ്രയോജനം ലഭിക്കും.

പാൽ സഹകരണ സംഘങ്ങൾ വാർഡുകളിൽ രൂപകീരിച്ചാൽ അത് പാൽ വിപണന രംഗത്തെ അഭിവൃദ്ധിക്ക് കാരണമാകും.

നടപ്പുപദ്ധതികൾ അവലോകനം

I ഗ്രാമീണ ക്ഷീരവികസനവും വിജ്ഞാന വ്യാപനവും

1. കർഷക സമ്പർക്ക പരിപാടി.

സഹകരണ സംഘങ്ങൾ, ഗ്രന്ഥശാലകൾ, വായനശാലകൾ, ക്ലബ്ബുകൾ മറ്റ് സന്നദ്ധ സംഘടനകൾ എന്നിവിടങ്ങളിൽ വച്ച് കർഷകരുടെ ചെറുയോഗങ്ങൾ ചേരുന്നു. മുപ്പതിലേറെ കർഷകർ പങ്കെടുക്കുന്ന ഈ യോഗത്തിൽ ക്ഷീരവികസന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കപ്പെടുകയും ചെയ്യുന്നു. ചായ, ലഘുഭക്ഷണം എന്നിവയ്ക്കായി സർക്കാർ ധനസഹായം രൂപ 200/- ഉണ്ടാകും.

2. ക്ഷീരോൽപ്പന്ന നിർമ്മാണ പ്രവർത്തനം.

ഈ പരിപാടിയിൽ വനിതാ സംഘടനകൾ, വനിതാ സമാജങ്ങൾ, ക്ലബ്ബുകൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടി ക്ഷീരോൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന രീതി വിശദമാക്കുകയും പ്രാദേശികമായി ഉപയോഗിക്കുന്ന ക്ഷീരോൽപ്പന്നങ്ങൾ നിർമ്മിച്ച് കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. കേൾക്കുന്നതിനേക്കാൾ കണ്ടനുഭവിച്ച് രുചിച്ച് മനസ്സിലാക്കാൻ ഈ പരിശീലന പരിപാടി മൂലം സാധിക്കുന്നു. രൂപ 100 സർക്കാർ ധനസഹായം ഉണ്ട്.

3. ബ്ലോക്കുതല കന്നുകാലി പ്രദർശനം.

കർഷകർക്ക് അവരവരുടെ ഉരുക്കളെ സ്വയം മനസ്സിലാക്കുന്നതിനും മറ്റ് കർഷകരുമായി ആശയവിനിമയം നടത്താനും നല്ല ഉരുക്കളെ കണ്ട് ബോധ്യപ്പെടാനും വഴിയൊരുക്കുന്നതാണ് ഈ പ്രദർശനം. ധനസഹായം രൂപ 900 ആണ്.

4. മോഡൽ ഡയറിഫാം യൂണിറ്റ്.

കാലിത്തൊഴുത്ത് നിർമ്മിച്ച് കറവപ്പശുക്കളെ വാങ്ങി മാതൃകാപരമായി സംരക്ഷിക്കുന്നതിന് നൽകുന്ന ധനസഹായ പദ്ധതിയാണിത്. വ്യക്തികൾക്ക് നൽകുന്നതാണിത്. ധനസഹായമായി രൂപ 700 നൽകിവരുന്നു.

5. ധാതുലവണ മിശ്രിതം, ജീവക പൂരിതങ്ങൾ.

കറവപ്പശുക്കൾക്കും വളരുന്ന ഉരുക്കൾക്കും ധാതുലവണങ്ങളുടേയും ജീവകങ്ങളുടേയും അപര്യാപ്തത ഉണ്ടാകാതിരിക്കാൻ സൗജന്യ നിരക്കിൽ കർഷകർക്ക് നൽകിവരുന്നുണ്ട്.

6. മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം.

നല്ല പാർപ്പിടം കറവപ്പശുക്കളിൽ 20 ശതമാനത്തോളം പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ സഹായിക്കും. രണ്ട് ഉരുക്കളെ ഉൾക്കൊള്ളാൻ കഴിയുന്ന വൃത്തിയുള്ള, ഉറപ്പുള്ള, നല്ല തറയുള്ള മാതൃകാ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനായി രൂപ 1250 സർക്കാർ ധനസഹായം ക്ഷീരവികസന വകുപ്പ് മുഖാന്തിരം നൽകുന്നു.

7. ശുദ്ധമായ പാൽ ഉൽപ്പാദിപ്പിക്കുവാൻ കിറ്റ്.

നാമമാത്രമായ വില ഈടാക്കിക്കൊണ്ട് ശുദ്ധമായ പാൽ ഉൽപ്പാദിപ്പിക്കാൻ സഹായിക്കുന്ന അണുനാശിനികളും പശുക്കളെ വൃത്തിയാക്കാൻ സഹായിക്കുന്ന ഉപകരണങ്ങളും മറ്റും അടങ്ങിയതാണ് ഈ കിറ്റ്.

8. ഭവന സന്ദർശനം

ഡയറിഫാം ഇൻസ്ട്രക്ടർമാർ കർഷക ഭവനങ്ങൾ സന്ദർശിച്ച് ക്ഷീര വികസന രംഗത്തെ ആധുനിക സാങ്കേതിക വിദ്യകൾ കർഷകർക്ക് ഉപദേശിച്ചുവരുന്നു.

II പുൽക്കൃഷി വികസനം

1. ഒരു ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാന പുൽക്കൃഷി

സ്വന്തമായി ഭൂമിയുള്ള ചെറുകിട കർഷകർക്ക് അവരുടെ ഭൂമിയിലും ഭൂരഹിതരായ നാമമാത്ര കർഷകർക്ക് പാട്ടത്തിന് എടുത്ത ഭൂമിയിലും പുൽക്കൃഷി ചെയ്യാം. ഇങ്ങനെ പുൽക്കൃഷി നടത്തുന്നതിനായി 15000 രൂപ സർക്കാർ ധനസഹായം നൽകുന്നുണ്ട്.

2. പുൽപയർ മിശ്രിതം, ഗിനി, കോംഗോ സിഗ്നൽ പുൽകൃഷി.

ഗുണമേന്മയേറിയ പുല്ല് വർഗങ്ങളും പോഷക പ്രധാനമായ പയർവർഗ്ഗങ്ങളും ചേർത്ത് പുൽപ്പയർ മിശ്രിത വിത്തുകൾ, ഗിനി പുൽവിത്ത്, കോംഗോ സിഗ്നൽ പുൽവിത്ത് എന്നിവ പകുതി വിലയ്ക്ക് കർഷകർക്ക് നൽകുകയും ഒരു ഹെക്ടറിന് 500 രൂപയുടെ രാസവളം എന്ന കണക്കിന്റെ അനുപാതത്തിൽ കർഷകന് നൽകുകയും ചെയ്യുന്നുണ്ട്.

3. പുൽക്കട കൃഷി

പുൽക്കട ഉപയോഗിച്ച് പുൽക്കൃഷി വ്യാപിപ്പിക്കുന്ന പരിപാടിയാണിത്. അടുത്തുള്ള പുൽത്തോട്ടത്തിൽ നിന്ന് നാമമാത്ര വിലയ്ക്ക് പുൽക്കട ലഭ്യമാക്കുന്നു. പുൽക്കടയുടെ വിലയുൾപ്പെടെ 1000 രൂപ എന്ന നിരക്കിൽ കർഷകർക്ക് സൗജന്യമായി വളം ലഭിക്കും.

4. ചോളം കൃഷി

അന്നജ പ്രധാനവും ചുരുങ്ങിയ കാലം കൊണ്ട് വിളവ് നൽകുന്നതുമായ ചോളം വിത്ത് സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭിക്കുന്നു. ഹെക്ടറിന് 700 രൂപയുടെ വളം ലഭിക്കും.

5. വൻപയർ കൃഷി

മാംസ്യ പ്രധാനമായ വൻപയർ വിത്ത് സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നു. ഹെക്ടറിന് 300 രൂപ എന്ന ക്രമത്തിൽ രാസവളം നൽകാറുണ്ട്.

6. ഉണക്കപ്പുല്ല് നിർമ്മാണം

കാട്ടിലോ പാതയോരങ്ങളിലോ വളരുന്ന പുല്ല് വെട്ടി ഉണക്കി വേനൽക്കാലത്തേയ്ക്ക് സൂക്ഷിച്ചുവച്ച് ഉപയോഗിക്കുന്നതിന് ടണ്ണിന് 200 രൂപ എന്ന നിരക്കിൽ കർഷകർക്ക് ധനസഹായം നൽകുന്നുണ്ട്.

7. യൂറിയ ചേർത്ത് വൈക്കോൽ സമ്പുഷ്ടീകരണം

സാധാരണയായി കർഷകർ ഉരുക്കൾക്ക് നൽകുന്ന വൈക്കോലിൽ യൂറിയ ചേർത്ത് സമ്പുഷ്ടീകരിച്ചാൽ പോഷക ഗുണം വർദ്ധിപ്പിക്കാൻ കഴിയും. അതിനായി സാങ്കേതിക സാമ്പത്തിക സഹായം നൽകാറുണ്ട്.

8. പ്രത്യേക ഘടക പദ്ധതി

ഈ പദ്ധതിയനുസരിച്ച് പട്ടികജാതിയിലുള്ള കർഷകർക്ക് കറവപ്പശു വാങ്ങുന്നതിനും തൊഴുത്ത് നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്നുണ്ട്.

പോരായ്മകൾ, നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ

1. കർഷക സമ്പർക്ക പരിപാടി നടത്തുന്നതിനായി കൂടുതൽ ഫണ്ടും എണ്ണവും ലഭിച്ചാൽ കർഷകർക്ക് സ്ഥിരമായ പഠന ക്ലാസുകൾ നൽകാൻ കഴിയും. ഇന്നുള്ള രീതിയനുസരിച്ച് കർഷകർക്ക് ആവശ്യമായ അറിവ് പകരുന്നതിന് കഴിയുന്നില്ല.
2. ബ്ലോക്കുതല കന്നുകാലി പ്രദർശനം പഞ്ചായത്തുതലത്തിൽ നടത്തിയാൽ ഓരോ പഞ്ചായത്തിലുമുള്ള കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കും.
3. മോഡൽ ഡയറി ഫാം യൂണിറ്റ് ഇന്നത്തെ രീതിയിൽ അനുവദിച്ചുനൽകുന്നത് ഒരു ബ്ലോക്കിനു

ള്ളിൽ ഒന്നോ രണ്ടോ ആണ്. ആ സ്ഥിതി മാറ്റണം. കൂടുതൽ കർഷകർക്ക് പ്രയോജനം ലഭിക്കണം. എണ്ണം വർദ്ധിപ്പിക്കണം.


4. ധാതുലവണ മിശ്രിതം, ജീവകപൂരിതങ്ങൾ ഇവ വളരെ കുറച്ച് കർഷകർക്കാണ് ഇന്ന് ലഭിക്കുന്നത്. അത് കൂടുതൽ കർഷകർക്ക് ലഭിക്കണം. പാലുൽപ്പാദന മേഖലയിൽ വലിയ വർദ്ധനയുണ്ടാക്കാൻ ഇതുകൊണ്ട് സാധിക്കും.
5. കന്നുകാലിത്തൊഴുത്ത് നിർമ്മിക്കുന്നവർക്കും ഉള്ളത് പുതുക്കിപ്പണിയുന്നതിനും ധനസഹായം ലഭിക്കണം. കൂടാതെ കൂടുതൽ പേർക്ക് ഈ പ്രയോജനം ലഭിക്കുകയും വേണം.
6. പുൽക്കൃഷിയെ സംബന്ധിച്ചാണെങ്കിൽ ഇന്നത്തെ രീതി മാറണം. കുറച്ച് ഭൂമിയിൽ കൃഷി ചെയ്യുന്നവർക്കും വിത്ത്, വളം, ജോലിക്കൂലി എന്നിവ ലഭ്യമാക്കണം. പഞ്ചായത്തിന്റെ പാഴ് ഭൂമികളിലും കർഷകരുടെ തെങ്ങിൻ തോപ്പുകളിലും കൃഷി ചെയ്ത് വിളവെടുക്കുന്നതിന് പരമാവധി ശ്രദ്ധയും സഹായസഹകരണങ്ങളും ഗ്രാമ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഉണ്ടാകണം. ഇത് തീറ്റച്ചെലവ് കുറയ്ക്കുന്നതിന് സഹായിക്കും. കൂടുതൽ കർഷകർ ഈ രംഗത്തേയ്ക്ക് കടന്നുവരും.

ബയോ ഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ആവശ്യാനുസരണം നൽകിയാൽ ഊർജ പ്രതിസന്ധി ഒരളവുവരെ പരിഹരിക്കാൻ കഴിയും.

ഈ ഗ്രാമപഞ്ചായത്തിൽ ആലുങ്കൽ കേന്ദ്രമാക്കി ഒരു ക്ഷീരോൽപ്പാദക സഹകരണ സംഘവും വട്ടുക്കര കേന്ദ്രമാക്കി ഒരു ക്ഷീരോൽപ്പന്ന വനിതായൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. പട്ടണക്കാട് ബ്ലോക്കിൽ ക്ഷീരവികസന യൂണിറ്റ് ഇല്ലാത്തതിനാൽ ഒരു ഡയറി ഫാം ഇൻസ്ട്രക്ടറുടെ സേവനം മാത്രമാണ് എട്ട് പഞ്ചായത്തുകൾക്കും കൂടി ലഭിക്കുന്നത്. ഈ ഗ്രാമപഞ്ചായത്തിൽ മുഴുവൻ സമയ സേവനം ലഭിക്കത്തക്ക രീതിയിൽ ഒരു ക്ഷീരവികസന യൂണിറ്റ് ലഭിച്ചാൽ നിലവിലുള്ളതിനേക്കാൾ പാലുൽപ്പാദനത്തിൽ കർഷകരെ സഹായിക്കാൻ കഴിയും.

ക്ഷീരോൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനായി യൂണിറ്റുകൾ ആരംഭിക്കുന്നതിന് 22000 രൂപ സർക്കാർ ധനസഹായം ക്ഷീരവികസന വകുപ്പ് മുഖാന്തിരം നൽകിവരുന്നുണ്ട്. പാഴായിപ്പോകുന്ന സമയം പ്രത്യുൽപ്പാദനപരമായി ഉപയോഗിക്കാനും അധികാദായം ലഭ്യമാക്കുന്നതിനും ഗുണം ചെയ്യുന്ന ഈ പരിപാടി തൊഴിലില്ലായ്മ പരിഹാരത്തിനും ഉതകുന്നതാണ്.





വ്യവസായം

കടക്കരപ്പള്ളി പഞ്ചായത്തിലെ പരമ്പരാഗത വ്യവസായങ്ങൾ കയർ വ്യവസായം, മൽസ്യ വ്യവസായം എന്നിവയാണ്. ബഹുഭൂരിപക്ഷം ജനങ്ങളുടേയും ജീവിതമാർഗ്ഗം ഈ രണ്ടു വ്യവസായങ്ങളാണ്. കാലാനുഗതമായ വളർച്ചയും തളർച്ചയും ഈ വ്യവസായങ്ങളെ ബാധിക്കുന്നുണ്ട്. കയർ വ്യവസായ രംഗത്തും മൽസ്യബന്ധന രംഗത്തും കാലികമായ സാങ്കേതിക പുരോഗതി ഉണ്ടായിക്കൊണ്ടിരിക്കുന്നു. മൽസ്യ ബന്ധന രംഗത്തുണ്ടായ പുരോഗതി മൽസ്യ സംസ്കരണ രംഗത്ത് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്ത് മുൻകൈയെടുത്ത് 1972 ൽ ആരംഭിച്ച ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഒന്നാമത്തേത് ഈ പഞ്ചായത്തിലേതാണ്. തങ്കി കവലയിൽ ഒരേക്കർ അമ്പത് സെൻറ് സ്ഥലം വിലയ്ക്ക് വാങ്ങി ആവശ്യമായ കെട്ടിട സൗകര്യത്തോടുകൂടി പത്ത് വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു. ഇവയുടെ പ്രവർത്തനം ഉദ്ദേശിച്ച ഫലപ്രാപ്തിയിൽ എത്തിയില്ല. പത്തു യൂണിറ്റുകളിൽ അഞ്ച് യൂണിറ്റുകൾ മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. പിന്നാലെ സ്ഥാപിച്ച ഷോപ്പിങ് കോംപ്ലക്സുകൾ തങ്കി കവലയിലും പഞ്ചായത്ത് 8-ാം വാർഡിൽ തൈക്കലും സ്ഥിതി ചെയ്യുന്നു.

വലിയ മുതൽമുടക്കോടെ വായ്പ എടുത്ത് സ്ഥാപിച്ച ഈ കോംപ്ലക്സിലെ മുറികൾ പലതും ആവശ്യക്കാരെ കിട്ടാതെ ഏറെക്കാലം ഒഴിഞ്ഞുകിടന്നു. തങ്കി കവലയിലെ കെട്ടിടത്തിൻെറ ഒന്നാം നില ഇപ്പോഴും പൂർണമായി വാടകയ്ക്ക് പോയിട്ടില്ല. ഈ ഷോപ്പിംഗ് കോംപ്ലക്സുകളിൽ തങ്കിക്കവലയിൽ പതിനൊന്നും തൈക്കൽ 14 (പതിനാലും) മുറികളാണുള്ളത്. കേരള സ്റ്റേറ്റ് റൂറൽ ഡവലപ് മെൻറ് ബോർഡിന് (K.S.R.D.) ഇനിയും 12,57131 രൂപ കുടിശ്ശികയായി ബാക്കി നിൽക്കുന്നു.

കയർ

കഴിഞ്ഞ കാലഘട്ടത്തിൽ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന മുഖ്യ വ്യവസായങ്ങൾ കയർ നാളികേര സംസ്കരണം തുടങ്ങിയവ ആയിരുന്നു. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കയർ സ്വകാര്യ വ്യക്തികൾ സംഭരിച്ച് ആലപ്പുഴയിൽ വിൽക്കുകയായിരുന്നു പതിവ്. കൂടുതൽ കുടിൽ വ്യവസായം എന്ന നിലയിൽ നടത്തിയിരുന്ന കയറു നിർമ്മാണ വ്യവസായത്തിന് ആവശ്യമായ അസംസ്കൃത വസ്തുവായ ചകിരി ഇവിടെത്തന്നെ കണ്ടെത്തുകയായിരുന്നു. പരമ്പരാഗത മാർഗ്ഗത്തിൽ പച്ചത്തൊണ്ട് സംസ്കരിച്ച് ആറുമാസക്കാലം അഴുക്കി സ്ത്രീത്തൊഴിലാളികൾ തല്ലി ചകിരിയാക്കി കയറുൽപ്പാദിപ്പിക്കുകയായിരുന്നു. തുടർന്ന് തൊണ്ടു തല്ലുമില്ലുകൾ രംഗത്തുവന്നതോടെ അഴുകിയ തൊണ്ടിൻെറ പോള നീക്കി മില്ലുകളിൽ തല്ലി അലിപ്പിച്ചെടുക്കുന്ന സമ്പ്രദായം നിലവിൽ വന്നു. അതോടെ അഴുപ്പിക്കലിൻെറ കാലദൈർഘ്യം കുറയുകയും തന്നിമിത്തം കയറിൻെറ ഗുണനിലവാരത്തിന് കാര്യമായ കുറവ് സംഭവിക്കുകയും ചെയ്തു. ഇപ്പോൾ പഞ്ചായത്തിൽ ആറ് തൊണ്ട് തല്ലുമില്ലുകൾ നിലവിലുണ്ട്.

തേങ്ങ ഉൽപ്പാദനത്തിൻെറ കുറവുകാരണം ആവശ്യത്തിന് തൊണ്ടു ലഭ്യമാകാത്തതിനാലും അന്യ സംസ്ഥാനത്തുനിന്നുള്ള ചകിരി താരത

മ്യേന വില കുറച്ചും കടമായും ലഭിക്കുന്നതിനാലും ഇപ്പോൾ തൊണ്ടഴുക്കൽ താരതമ്യേന കുറവാണ്. എന്നാൽ പരമ്പരാഗത കയറിന് ഇന്നുള്ള മാർക്കറ്റ് വിലയും പുറം ചകിരികൊണ്ട് ഉൽപ്പാദിപ്പിക്കുന്ന കയറിന്റെ വിലയും താരതമ്യപ്പെടുത്തുമ്പോൾ കാര്യമായ വ്യത്യാസമില്ല എന്നതും പരമ്പരാഗത രീതിയിൽ നിന്നുള്ള വ്യതിചലനത്തിന് ഒരു കാരണമാണ്.

കൈത്തറി വിഭാഗത്തിൽ പരമ്പരാഗതമായി ജോലി ചെയ്യുന്ന നാലിലേറെ കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇവരുടെ ഉൽപ്പന്നങ്ങൾക്ക് കമ്പോളത്തിൽ നല്ല വിപണന സാദ്ധ്യതയും ഉണ്ട്. എന്നാൽ, കമ്പോളത്തിൽ മൽസരിക്കുന്നതിനുള്ള ശേഷിക്കുറവ് ഈ വ്യവസായത്തെ മന്ദീഭവിപ്പിച്ചിരിക്കുകയാണ്. കൂടുതൽ പേർ ഈ രംഗത്തേയ്ക്ക് കടന്നുവരുന്നതും തൊഴിലിലേർപ്പെടുന്നതും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതോടൊപ്പം കൈത്തറി വ്യവസായത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പ്രതാപം തിരികെ കൊണ്ടുവരുന്നതിന് സഹായകവുമാണ്.

1978 മുതൽ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കയർ വ്യവസായ സഹകരണ സംഘം 8-ാം വാർഡിൽ പ്രവർത്തിക്കുന്നു. മുന്നൂറോളം അംഗങ്ങൾ ഉള്ളതും സ്വന്തം കെട്ടിടമുള്ളതുമായ പ്രസ്തുത യൂണിറ്റ് നല്ല നിലയിൽ പ്രവർത്തിക്കുന്നു. D.W.C.R.A. യിൽ ഉൾപ്പെടുത്തി രണ്ടാം വാർഡിലും 5-ാം വാർഡിലും 8-ാം വാർഡിലും ഓരോ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. എൺപതുകളുടെ അവസാനത്തോടെ കാര്യക്ഷമമായ തടുക്കു നെയ്ത്തു വ്യവസായം കയറുൽപ്പന്നങ്ങൾക്ക് തദ്ദേശ മാർക്കറ്റുണ്ടാക്കി. അതിലൂടെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് ഒരു പരിധിവരെ രക്ഷനേടാനായിട്ടുണ്ട്. ഇപ്പോൾ പഞ്ചായത്തിലാകെ 200നുമേൽ ചെറുകിട തടുക്ക് നെയ്ത്ത് ഫാക്ടറികൾ സ്വകാര്യ വ്യക്തികളുടേതായി നിലവിലുണ്ട്. വൻകിട ഫാക്ടറികളൊന്നും നിലവിലില്ല. അടുത്തിടയായി പത്തോളം പായ്ത്തടുക്ക് യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ജനസംഖ്യയുടെ 38% പേർ ഈ മേഖലയിൽ ജോലി ചെയ്യുന്നു. സ്ത്രീകൾ കയർ പുരുഷന്മാർ തടുക്കു നെയ്ത്തിലുമാണ് പ്രധാനമായും ജോലി ചെയ്യുന്നത്. സ്ത്രീ തൊഴിലാളികൾക്ക് 25 രൂപയും പുരുഷന്മാർക്ക് 90 രൂപയും ശരാശരി കൂലി ലഭിക്കുന്നുണ്ട്. വർഷത്തിൽ 270 ദിവസം ശരാശരി തൊഴിൽ ലഭിക്കുന്നു.

നിലവിലുള്ള വ്യവസായങ്ങൾ

വാർഡ്	വ്യവസായങ്ങൾ	പഞ്ചായത്ത് രേഖയിൽ
I	നാളികേര സംസ്കരണം	1
	ഐസ് പ്ലാന്റ്	2
	പൊടി മില്ല്	1
II	കയർ തടുക്ക് ഫാക്ടറി	3
	നാളികേര സംസ്കരണം	1
III	നാളികേര സംസ്കരണം	5
	പൊടി മിൽ	1
	അറുപ്പ് മിൽ	1
	തടുക്ക് ഫാക്ടറി	3
	ഫർണിച്ചർ	1
IV	നാളികേര സംസ്കരണം	4
	ഫ്ളവർ മിൽ	5
	അറക്ക മിൽ	1
	തടുക്ക്	1
	വെൽഡിംഗ്	2
	ചകിരി മിൽ	3
	സോഡ യൂണിറ്റ്	1
	ഇഷ്ടിക	1
	ചെമ്മീൻ ഫാക്ടറി	1
V	നാളികേര സംസ്കരണം	1
	ഫ്ളവർ മിൽ	2
	കയർത്തടുക്ക്	5
	ഫർണിച്ചർ	2
	സോഡ	1
	കയർ	2
VI	നാളികേര സംസ്കരണം	2
	ഫ്ളവർ മിൽ	3
VII	നാളികേര സംസ്കരണം	1
	കയർ	5
	റെഡിമെയ്ഡ്	1
VIII	നാളികേര സംസ്കരണം	4
	ഫ്ളവർ മിൽ	1
	അറക്ക മിൽ	2
	കയർ തടുക്ക്	2
IX	കയർ തടുക്ക്	11
	നാളികേര സംസ്കരണം	3
	ചകിരി മിൽ	1

പ്രശ്നങ്ങൾ

കയറു നിർമ്മാണത്തിനാവശ്യമായ ചകിരിയും തടുക്കു നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളും ഇപ്പോഴും സ്വകാര്യ വ്യക്തികളാണ് എത്തിച്ചു കൊടുക്കുന്നത്. ചെറുകിടക്കാർക്ക് ആവശ്യമായ സ്റ്റിച്ചിങ, ഡൈയിങ് മുതലായവയും ഇടനിലക്കാരാണ് ചെയ്തുകൊടുക്കുന്നത്. ഓർഡർ സ്വീകരിക്കുകയും ചെറുകിടക്കാർ ഉൽപ്പാദിപ്പിക്കുന്ന തടുക്ക് ഡിപ്പോകളിൽ സൂക്ഷിച്ച് വൻകിടക്കാർക്ക് എത്തിക്കുകയും ചെയ്യുന്നത് ഇടനിലക്കാരാണ്. ഇതിനിടയിൽ ഒരു വൻ ചൂഷണത്തിന് ഉൽപ്പാദകൻ അറിഞ്ഞുകൊണ്ടുതന്നെ അകപ്പെടുന്നുണ്ട്. വളരെക്കാലം മുൻപ് മുതലുള്ള രീതികൾ പിൻതുടരുന്നതിനാൽ ജോലി ഭാരം കൂടുതലാണ്. ദീർഘ വീക്ഷണമില്ലായ്മയും ഗുണനിലവാരമില്ലായ്മയും അസംസ്കൃതവസ്തുക്കളുടെ വിലവർദ്ധനയും കാരണം ഈ രംഗത്ത് ഒരു വൻ പ്രതിസന്ധി ഉണ്ടാകാനിടയുണ്ട്.

നാളികേര സംസ്കരണം

പഞ്ചായത്തിൽ വളരെ നല്ല നിലയിൽ നടന്നിരുന്ന പ്രസ്തുത വ്യവസായം ഇന്ന് തകർച്ചയിലാണ്. തേങ്ങയുൽപ്പാദനത്തിന്റെ കുറവാണ് മുഖ്യ കാരണം. തൊഴിൽ രംഗത്തുണ്ടായിട്ടുള്ള കൂലി കൂടുതൽ ഈ രംഗത്തിന്റെ തളർച്ചയ്ക്ക് മുഖ്യ കാരണമാണ്. ഇപ്പോൾ പഞ്ചായത്തിൽ 22 ചെറുകിട നാളികേര സംസ്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. തീർത്തും സ്വകാര്യ മേഖലയിൽ മാത്രമേ ഈ വ്യവസായം നടക്കുന്നുള്ളൂ.

ഫർണീച്ചർ

കുറഞ്ഞ കാലത്തിനിടയ്ക്ക് കാര്യക്ഷമമായി തീർന്ന ഒരു വ്യവസായമാണിത്. തെങ്ങിൻതടി, പരുത്തി, ആഞ്ഞിലി, പ്ലാവ് മുതലായ തടികൾ ഉപയോഗിച്ച് തയ്യാറാക്കുന്ന ഉൽപ്പന്നങ്ങൾക്ക് പ്രാദേശിക മാർക്കറ്റുണ്ട്. അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഈ വ്യവസായത്തിനും ഇന്ന് അനുകൂല ഘടകങ്ങളാണെങ്കിലും ഭാവി ഭദ്രമല്ല.

പ്രശ്നങ്ങൾ

1 ആവശ്യത്തിനുള്ള ആധുനികയന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സാമ്പത്തിക ശേഷിക്കുറവ്.

2. കേന്ദ്രീകൃത സ്വഭാവമില്ലായ്മ.

3. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത.

4. വൈദ്യുതി, അസംസ്കൃത വസ്തുക്കളുടെ വില കൂടുതൽ.

5. തൊഴിലാളി മുതലാളി ബന്ധത്തിന്റെ അകൽച്ച.

6. നല്ല തടികളുടെ ദൗർലഭ്യവും വില കൂടുതലും.

ആധുനികം

റെഡിമെയ്ഡ് യൂണിറ്റുകൾ, ഫിഷ്നെറ്റ് നിർമ്മാണ യൂണിറ്റ്, പെയിൻറ് ഫാക്ടറി, ഖാദി ബോർഡ് യൂണിറ്റ്, കുട നിർമ്മാണ യൂണിറ്റ്, സ്റ്റീൽ ഫർണിച്ചർ യൂണിറ്റ് തുടങ്ങിയ 12-ഓളം ആധുനിക വ്യവസായ യൂണറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾ വികസിപ്പിച്ചും പാഴ്ചിലവുകൾ കുറച്ചും ഉൽപ്പാദനം വർദ്ധിപ്പിച്ച് തൊഴിലാളികൾക്ക് ന്യായമായ കൂലിയും ആനുകൂല്യങ്ങളും ലഭ്യമാക്കാവുന്നതാണ്. അതിലൂടെ പഞ്ചായത്തിന് കൂടുതൽ സാമ്പത്തിക വരുമാനം ഉണ്ടാക്കാവുന്നതുമാണ്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. മൽസ്യം ഉണക്കി ടിൻ ചെയ്ത് സൂക്ഷിക്കുന്നതിന് ഒരു യൂണിറ്റ് സ്ഥാപിക്കുക.

2. മൽസ്യത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.

3. വനിതാ സഹകരണ സംഘം രൂപീകരണത്തിലൂടെ കയർ ചകിരി സംഭരണവും വിപണനവും നടത്തുക.

4. നാളികേരത്തിൽ നിന്നും ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുക.

5. ഗ്രാമീണ വ്യവസായങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്നതിനും പുതിയവ തുടങ്ങുന്നതിനും സ്ഥലം പഞ്ചായത്ത് തലത്തിൽ വാങ്ങി സംരംഭകന് പാട്ടത്തിന് നൽകുക.

6. വനിത തയ്യൽ യൂണിറ്റ് സ്ഥാപിച്ച് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം ആരംഭിക്കുക.

7. അച്ചാർ, ചിപ്സ്, അലങ്കാര വസ്തുക്കൾ തുടങ്ങിയവയുടെ നിർമ്മാണം.

8. കൂലി ഏകീകരണം.

9. കറി പൗഡർ യൂണിറ്റ്, ഖാദി യൂണിറ്റ് എന്നിവ

തുടങ്ങുക.

10. കയർ മേഖല യന്ത്രവൽക്കരിക്കുക.

11. വ്യവസായ സംരംഭകർക്ക് ബാങ്ക് വായ്പ ലളിതാവസ്ഥയിൽ ലഭ്യമാക്കുക.

12. കയർ ബാങ്ക്, തടുക്ക് ബാങ്ക്, തൊഴിൽ ബാങ്ക് തുടങ്ങിയവ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

നിർദ്ദേശങ്ങൾ സാദ്ധ്യതകൾ

1. വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ഒരു വ്യവസായ വികസന സമിതി രൂപീകരിക്കുക. പ്രസ്തുത സമിതിവഴി വിജയസാദ്ധ്യതകളുള്ള വ്യവസായങ്ങളെ സംരംഭകൻ പരിചയപ്പെടുത്തുകയും ആവശ്യമായ ലൈസൻസുകളും മറ്റു സഹായങ്ങളും ചെയ്തു കൊടുക്കുകയും ചെയ്യുക.

2. ചെറുകിട ഗ്രാമീണ വ്യവസായ എസ്റ്റേറ്റുകൾ പഞ്ചായത്ത് കണ്ടെത്തുന്ന സ്ഥലത്ത് സ്ഥാപിച്ച് അനുബന്ധ വ്യവസായങ്ങളെ കുടിയിരുത്തി അനാവശ്യ പാഴ്ചെലവുകൾ കുറയ്ക്കുക.

3. വ്യവസായിക വികസന സമിതിവഴി തൊഴിൽ പരിശീലന പരിപാടിയിൽ പെടുത്തി തൊഴിലന്വേഷകരെ പരിശീലിപ്പിക്കുക.

4. പഞ്ചായത്ത് തലത്തിൽ തൊഴിൽ രജിസ്ട്രേഷൻ നടത്തുക.

5. പുതിയ സംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുന്നതിന് പ്രോൽസാഹനം നൽകുക. പഞ്ചായത്ത് വികസന സമിതിക്ക് അതിൽ ഭരണപരമായ പങ്കും 20% ഓഹരിയും ഉറപ്പാക്കുക.

6. പഞ്ചായത്ത് തലത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളുടെ പട്ടിക തയ്യാറാക്കുക. വിപണന സാദ്ധ്യതകൾ, പരിമിതികൾ തുടങ്ങിയവയെ കുറിച്ചുള്ള ഒരു പട്ടിക തയ്യാറാക്കുക.

7. ഗൾഫുകാരെ പങ്കെടുപ്പിച്ച് അവർക്ക് സ്വീകാര്യമായ പദ്ധതികൾ തെരഞ്ഞെടുക്കുവാനും പദ്ധതികളുടെ വിശ്വസ്തമായ നടത്തിപ്പിന് പഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.





വിദ്യാഭ്യാസം

നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ സാക്ഷരരും വിദ്യാസമ്പന്നരും ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നതായി തെളിഞ്ഞിട്ടുണ്ട്. 17-ാം നൂറ്റാണ്ടിൽ ഇട്ടി അച്യുതന്റെ കാലത്തിനു മുമ്പ് തന്നെ ഇത്രത്തോളം വിദ്യാഭ്യാസ പാരമ്പര്യമുള്ള ഒരു ഗ്രാമം അക്കാലത്ത് മറ്റൊരിടത്തും ഇല്ലായിരുന്നു. വിദ്യാഭ്യാസ ചിന്ത നൂറ്റാണ്ടുകൾക്ക് മുമ്പ് വ്യാപകമായും തീഷ്ണമായും നിന്ന ഒരു ഗ്രാമം. ഐത്ത ജാതിക്കാരായ ഈഴവരുടെ ചരിത്രത്തിൽ ഉദ്ദേശം 110 വർഷം മുമ്പ് ജീവിച്ചിരുന്ന വെളുത്താംപറമ്പിൽ കൊച്ചിയാശാൻ സ്ഥാപിച്ച സംസ്കൃത പാഠശാലയെയും കൊച്ചിയാശാൻ എന്ന ആയുർവേദാചാര്യനെയും സംബന്ധിച്ച് കോട്ടയ്ക്കൽ ആര്യവൈദ്യശാല പുറപ്പെടുവിച്ച ജൂബിലി ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുണ്ട്. ഇദ്ദേഹം ഒരു മഹാപണ്ഡിതനും പ്രഗൽഭനായ ഒരു ആയൂർവേദ വൈദ്യനുമായിരുന്നു. അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ പണ്ടേ കടക്കരപ്പള്ളിയിൽ വൈദ്യവും സംസ്കൃതവും പഠിപ്പിച്ചുപോന്നിരുന്നു.

കൊച്ചിയാശാനു ശേഷവും ഈ പാരമ്പര്യം തുടർന്നുപോന്നു. കളരികൾ സ്ഥാപിച്ച് സംസ്കൃതവും വൈദ്യവും പഠിപ്പിക്കുന്നതിന് വർഷങ്ങൾക്ക് മുമ്പ് തന്നെ നമ്മുടെ ഗ്രാമം പ്രസിദ്ധമാണ്. അതുകൊണ്ടുതന്നെ ഒട്ടേറെ ആയൂർവേദ വൈദ്യന്മാർക്കും സംസ്കൃത പണ്ഡിതന്മാർക്കും ഈ ഗ്രാമം ജന്മം നൽകിയിട്ടുണ്ട്.

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ മലയാം ഭാഷ (മലയാളം) പഠിപ്പിക്കുന്നത് ഒരാവേശമാകുകയും കുടിപ്പള്ളി കൂടങ്ങങ്ങളിൽ സംസ്കൃതവും മലയാളവും പഠിപ്പിക്കുവാനും തുടങ്ങി. നാട്ടിൽ പ്രമാണിമാരുടെ കുടുംബങ്ങളോടു ചേർന്നും കരകളിലും ഈ ആശയം പ്രചാരത്തിൽ വരുകയും കുടിപ്പള്ളിക്കൂടങ്ങൾ സ്ഥാപിക്കുന്നതിന് പലരും മുന്നോട്ട് വരുകയുമുണ്ടായി. അങ്ങനെ 1900-മാണ്ടോടെ കരകളിൽ വിദ്യാസംഘങ്ങൾ രൂപീകൃതമായി. കടക്കരപ്പള്ളിയുടെ പടിഞ്ഞാറുഭാഗവും (പടിഞ്ഞാറെ വട്ടക്കര) മദ്ധ്യഭാഗവും (കിഴക്കേ വട്ടക്കര) കിഴക്കുഭാഗവും (വെളിയനാട്) ചേർന്ന് നിലവിൽ വന്ന സ്ഥലമാണ് 'മംഗളോദയം സഭ'. ഈഴവർക്കായിരുന്നു ഇതിന്റെ ആധിപത്യം. ഏതാണ്ട് ഇതേ കാലത്ത് പാട്ടത്തിൽ കുടുംബാംഗങ്ങളും കട്ടികാടു കുടുംബാംഗങ്ങളും ചേർന്ന് പ്രത്യേകമായി കൊട്ടാരം ക്ഷേത്ര പരിസരത്ത് ഒരു കുടിപ്പള്ളി ക്കൂടം സ്ഥാപിച്ചു. മാരാരിക്കുളത്തുകാരൻ ഒരു കുറുപ്പാശാനായിരുന്നു. കുട്ടികളെ പഠിപ്പിച്ചിരുന്നത്.

മംഗളോദയത്തിന്റെ പ്രവർത്തന പുരോഗതിയും ഭാവിയും കണ്ടിരുന്ന തൈയ്ക്കലെ തൈശ്ശേരി കുടുംബാംഗങ്ങൾ, തൈയ്ക്കൽ കേന്ദ്രമാക്കി 'സന്മാർഗ്ഗ ചന്ദ്രോദയം' എന്ന കുടിപ്പള്ളികൂടം തുടങ്ങി. തൈശ്ശേരി പണിക്കന്മാർ പിൽക്കാലത്ത് സർക്കാർ നയത്തിനൊപ്പിച്ച് സ്ഥാപിച്ച ഗ്രാൻറ് സ്കൂളാണ് 'സന്മാർഗ്ഗ ചന്ദ്രോദയം എൽ. പി. എസ്." ഏതാണ്ട് 50 വർഷം മുമ്പ് ഗവൺമെൻറിന് സറണ്ടർ ചെയ്ത് പ്രസ്തുത സ്കൂൾ സന്മാർഗ്ഗ ചന്ദ്രോദയം ഗവ. എൽ. പി. സ്കൂൾ ആയി. (S.C.L.P.S.) തൈശ്ശേരി പണിക്കന്മാർ അന്നത്തെ സാമൂഹ്യ പ്രവർത്തകരും സമ്പന്നരും ആയിരുന്നു. വിദ്യാലയ നടത്തിപ്പും പ്രൗഡിയും സാമ്പത്തീക തളർച്ച വരുത്തിയ കുടുംബം പിൽക്കാലത്ത് സാമ്പത്തീകമായി തകർന്നു.

രാജഭരണം പൊതുവിദ്യാഭ്യാസം എന്ന ആശയം ഉൾക്കൊണ്ട് വിദ്യാലയങ്ങൾക്ക് ഗ്രാൻറ്

നൽകുവാൻ ആരംഭിച്ചതിനെത്തുടർന്ന് വിദ്യാലയങ്ങൾ സർക്കാരിനെ ഏല്പിക്കുന്നതിനായി സംഘടനകളും വ്യക്തികളും തിരക്കുകൂട്ടി. നടത്തിപ്പിലെ സാമ്പത്തീക തകർച്ചമൂലം വിദ്യാലയ നടത്തിപ്പ് സഭകളെയും കുടുംബങ്ങളേയും ഒരുപോലെ തളർത്തിയിരുന്നു.

അങ്ങനെ മംഗളോദയം സഭ തങ്ങളുടെ വിദ്യാലയം സർക്കാരിനെ ഏല്പിക്കുവാൻ തീരുമാനിച്ചു. മംഗളോദയം സഭ തങ്ങളുടെ 50 സെൻറ് സ്ഥലവും കെട്ടിടവും ഫർണിച്ചറും ഒരു രൂപാ പ്രതിഫലത്തിൽ സർക്കാരിനെ ഏല്പിച്ച് സാമ്പത്തിക കെണിയിൽ നിന്നും രക്ഷനേടി. ഇന്നത്തെ കടക്കരപ്പള്ളി ഗവ. എൽ. പി. എസ്. ആണ് അന്നത്തെ മംഗളോദയം സഭയുടെ വിദ്യാലയം. കടക്കരപ്പള്ളിയിലെ ആദ്യത്തെ പൊതു വിദ്യാലയവും കടക്കരപ്പള്ളി എൽ. പി. എസ്. ആണ്. പിൽക്കാലത്ത് ഈ വിദ്യാലയത്തിൽ പഠിച്ച മഹതിയാണ് കെ. ആർ. ഗൗരിയമ്മ എം. എൽ. എ.

ഏതാണ്ട് ഇതേ കാലത്ത് സർക്കാരിൻെറ നയത്തിനനുസരിച്ച് കൊട്ടാരം കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ആശാൻ കളരിയും സർക്കാർ പള്ളികൂടമായി. ആദ്യം ആൺപെൺ വ്യത്യാസം ഇല്ലാതെ എല്ലാവർക്കും വേണ്ടി അനുവദിച്ച പള്ളികൂടം തൊട്ടടുത്ത വർഷം തന്നെ രണ്ടാകുകയും കടക്കരപ്പള്ളി എൽ. പി. ജി. എസ്. ഉം കൊട്ടാരം എൽ. പി. എസും ആയി വേർതിരിക്കുകയും ചെയ്തു.

ഈ കരയിലെ വിദ്യാഭ്യാസ വിപ്ലവം കണ്ടതിനെ തുടർന്ന് ക്രിസ്തീയ സമൂഹം പള്ളികൂടം സ്ഥാപിക്കുന്നതിനെപ്പറ്റി ചിന്തിച്ചിരുന്നു. പള്ളിയോടു ചേർന്ന് നടത്തിപ്പോന്ന ആശാൻ പള്ളികൂടം റവ. ഫാദർ മണിയുടെ നേതൃത്വത്തിൽ ഒരു എൽ. പി. എസ്, ആയി തങ്കി സെൻറ് മേരീസ് എൽ. പി. എസ്.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻെറ ആരംഭം കുറിക്കുകയും ഇംഗ്ലീഷ് എന്ന സ്വപ്നം വ്യാപകമാകുകയും ചെയ്തപ്പോൾ അത്തരം വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനായി ശ്രമം. കടക്കരപ്പള്ളിയിൽ ഒരു ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിച്ചു കിട്ടുന്നതിന് മുൻകൈ എടുത്തത് തൈശ്ശേരി പണിക്കന്മാരിലെ കൃഷ്ണപണിക്കരായിരുന്നു. അവർക്ക് സർക്കാർ അനുവദിച്ച് നൽകിയ വിദ്യാലയം പക്ഷേ സ്വന്തം പേരിലായിരുന്നതിനാൽ ജനങ്ങളുടെ എതിർപ്പ് ഉണ്ടായി. എന്നാൽ എതിർപ്പ് വകവയ്ക്കാതെ കണ്ടമംഗലത്ത് താല്കാലിക കെട്ടിടം കെട്ടി വിദ്യാലയം തുടങ്ങുകയും സ്ഥിരം കെട്ടിടത്തിന് അടിക്കല്ലിടുകയും ചെയ്തു. വർഷങ്ങൾ കഴിഞ്ഞിട്ടും കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞില്ല. ഏറെക്കാലം അടിത്തറപോലും പൂർത്തിയാക്കുവാൻ കഴിയാതെ കിടന്ന കെട്ടിടം പൂർത്തിയാക്കുവാൻ യുവാക്കൾ സംഘടിച്ചു തീരുമാനിക്കുകയും 1940-കളിൽ പൂങ്കാവിൽ ഗംഗാധരൻെറ നേതൃത്വത്തിൽ ഒരു സംഘം ചെറുപ്പക്കാർ പ്രതിജ്ഞ എടുത്ത് നിശ്ചിത കാലത്ത് കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയാണുണ്ടായത്. കെട്ടിട നിർമ്മാണത്തിന് എല്ലാ വിഭാഗം ജനങ്ങളിൽ നിന്നും ആവേശകരമായ സഹകരണവും തടി ഉൾപ്പെടെ ഉല്പന്നങ്ങളും ,പണവും ലഭിച്ചതായാണ് അറിവ്. ആദ്യത്തെ ജനപങ്കാളിത്തവും ശ്രമദാനവും.

പണി തീർന്ന കെട്ടിടത്തിൽ ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിച്ച് കിട്ടുന്നതിന് ശ്രമം തുടരവേ ക്ഷേത്ര സമിതിയുടെ അന്നത്തെ പ്രസിഡൻറ് വേലിയകത്ത് കൊച്ചുകുട്ടിയുടെ നേതൃത്വത്തിൽ മാറിവന്ന ജനകീയ സർക്കാർ കണ്ടമംഗലത്ത് സ്കൂളിന് മൂന്നു ക്ലാസുകൾക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അങ്ങനെ 1949-ൽ 1-ാം ഫാറം മുതൽ 3-ാം ഫാറം വരെയുള്ള ക്ലാസുകളുടെ (Std. 5, 6, 7) ഉദ്ഘാടനം മന്ത്രി ശ്രീ. കുഞ്ഞുരാമൻ കണ്ടമംഗലത്ത് നിർവഹിച്ചുകൊണ്ട് ഇംഗ്ലീഷ് വനിദ്യാഭ്യാസത്തിന് നമ്മുടെ ഗ്രാമത്തിൽ തുടക്കമിട്ടു.

ഈക്കാലത്തുതന്നെ തങ്കിപള്ളിയോടു ചേർന്നുള്ള എൽ. പി. എസ്. അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള ശ്രമം റവ. ഫാദർ ജോർജ് കരോട്ടിൻെറ നേതൃത്വത്തിൽ ആരംഭിച്ചു. അപ്ഗ്രേഡ് ചെയ്യുന്നതിനുപകരം 1949-ൽ ഒരു പുതിയ യു. പി. എസ്. (Std. 5, 6, 7) തങ്കി ഇടവകയ്ക്ക് അനുവദിച്ചുകൊണ്ട് ഗവ. ഉത്തരവാകുകയാണുണ്ടായത്. അങ്ങനെ കടക്കരപ്പള്ളിയിലെ രണ്ടാമത്തെ ഇംഗ്ലീഷ് സ്കൂൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. തങ്കി, സെൻറ് ജോർജസ് യു. പി. എസ്.

മിഡിൽ സ്കൂളിൽ നിന്ന് വിജയിക്കുന്നവർക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം വീണ്ടും മരിചീകയായപ്പോൾ യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനായി അടുത്ത ശ്രമം. കണ്ടമംഗലം സ്കൂൾ 1953-ൽ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കി.

കരകളിലൂടെ സ്വരൂപിച്ച ഫണ്ടുകൊണ്ട് പ്രവർത്തനമാരംഭിച്ച ടി സ്ഥാപനം ഇന്ന് സ്വന്തം കാലിൽ നിൽക്കാൻ കഴിയുന്ന കടക്കരപ്പള്ളിയിലെ ആദ്യത്തെ ഹൈസ്കൂളാണ്.

1964-ൽ ആർ. ശങ്കർ മുഖ്യമന്ത്രിയായിരിക്കെ അനുവദിച്ച നമ്മുടെ ഗ്രാമത്തിലെ മറ്റൊരു സ്വകാര്യ വിദ്യാലയമാണ്. സെൻറ് ജോസഫ്സ് എൽ. പി. എസ്. ഒറ്റശ്ശേരി. റവ. ഫാദർ സൈറസ് ആലക്കാട്ടുശ്ശേരിയുടെയും അന്നത്തെ പശ്ചായത്ത് വൈസ്. പ്രസിഡൻറായിരുന്ന കെ. ജെ. ജേക്കബ് കുരിശിങ്കലിൻേറയും ശ്രദ്ധേയമായ നേതൃത്വവും ശ്രമവും ഇവിടെ സ്മരണീയമാണ്.

തങ്കിയിലെ സെൻറ് ജോർജസ് യു.പി.എസ്. അപ്ഗ്രേഡു ചെയ്യുന്നത് 1976-ൽ ആണ്. റവ. ഫാ. സേവ്യർ ഈരവേലിയുടെ നേതൃത്വത്തിലുള്ള സ്കൂൾ കമ്മറ്റിയുടെ ശ്രമഫലമായി അപ്ഗ്രേഡ് ചെയ്ത ഹൈസ്കൂൾ ഉൾപ്പെടെ രൂപതയിലെ വിദ്യാലയങ്ങൾ പിന്നീട് കൊച്ചി ബിഷപ്പ് ഏറ്റെടുക്കുകയും തങ്കി സെൻറ് ജോർജസ് ഹൈസ്കൂൾ കൊച്ചി ബിഷപ്പിൻെറ കോർപ്പറേറ്റ് മാനേജുമെൻറിൻെറ ഭരണത്തിൻ കീഴിലാവുകയും ചെയ്തു.

സ്കൂളുകളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും കണക്ക്

ആകെ അദ്ധ്യാപകർ (പഞ്ചായത്തിൽ)	ഗവ. വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം	ഗവ. അദ്ധ്യാപകരുടെ എണ്ണം %	പഞ്ചായത്തിലെ വിദ്യർത്ഥികളുടെ എണ്ണം	ഗവ. സ്കൂളുകളിലെ വിദ്യാർത്ഥികൾ	ശതമാനം
160	37	23.12	4574	962	21.03

അവലംബം: സെക്കൻറി ഡേറ്റാ

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷമുള്ള ഉപരിപഠനത്തിന് കേരളമാകെ വീർപ്പുമുട്ടിയ കാലത്ത് കോളജ് വിദ്യാഭ്യാസവും, ഡിഗ്രി സമ്പാദനവും സമ്പന്നന്മാർക്കുപോലും മരീചികമായിരുന്നു. ഈ കാലത്ത് അന്യ സംസ്ഥാനത്ത് (തഞ്ചാവൂർ സെൻറ് തോമസ് കോളജ്) പഠിച്ച് ആദ്യമായി ഡിഗ്രി സമ്പാദിച്ചുകൊണ്ട് കട്ടിക്കാട്ടു ശിവരാമപ്പണിക്കർ ഗ്രാമത്തിലെ ആദ്യത്തെ ഡിഗ്രിക്കാരനായി.

സ്വകാര്യ സ്കൂളുകൾ വിദ്യാഭ്യാസ രംഗത്ത് കാഴ്ചവയ്ക്കുന്ന നന്മകൾ പലതും ഈ സ്കൂളുകൾക്കും അവകാശപ്പെടാമെങ്കിലും വിജയശതമാനത്തിൽ രണ്ട് സ്കൂളുകളും ഒരുപോലെ പിന്നിലാണ്. പഠനകാര്യത്തിൽ വിദ്യാർത്ഥികൾക്ക് താല്പര്യമില്ലാത്തതും വിദ്യാർത്ഥി സമരങ്ങളും കാരണങ്ങളാകാം. സ്കൂൾ വിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥി സമരങ്ങൾ ഗ്രാമസഭകളിൽ ചർച്ചാ വിഷയമാകുകയും സമരങ്ങൾ നിരുൽസാഹപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വിദ്യാർത്ഥിസമരത്തിന് ഇട നൽകുന്നു എന്ന കാര്യം നമ്മുടെ നാട്ടിലെ വിദ്യാലയങ്ങളെ ബാധിക്കാവുന്നതല്ല. ആവശ്യങ്ങളോടുള്ള താല്പര്യങ്ങളോ പ്രതിബദ്ധതകളോ അല്ല മറിച്ച് രാഷ്ട്രീയ ലക്ഷ്യങ്ങളാണ് സമരങ്ങൾക്ക് പിന്നിലെന്ന് കാണാം. നന്മതിന്മകൾ തിരിച്ചറിയുന്ന പ്രായത്തിലെത്തുമ്പോൾ അത്തരം വിദ്യാകേന്ദ്രങ്ങളിൽ മാത്രം രാഷ്ട്രീയവും സമരവും എന്ന നില ആകാം.

വിദ്യാലയങ്ങൾ, ഭൗതിക സാഹചര്യങ്ങൾ

No.	സ്കൂൾ	കെട്ടിടം	മതിൽ	ബ്ലാക്ക് ബോഡ്	പാനോ പകണ ങ്ങൾ	കുടിവെ ള്ളം	കളിസ്ഥ ലൾ	കക്കൂസ്	പി.ടി.എ.
1.	ഗവ. എൽ. പി. എസ്. കടക്കരപ്പള്ളി	✓	ഭാഗികം	✓	✓	✓	ഇല്ല	ഇല്ല	✓
2.	കൊട്ടാരം എൽ. പി. എസ്. കടക്കരപ്പള്ളി	✓	ഇല്ല	✓	ഭാഗികം	ഇല്ല	✓	ഇല്ല	ഇല്ല
3.	ഗവ. യു. പി. ജി. എസ്. കടക്കരപ്പള്ളി	✓	✓	✓	✓	✓	✓	ഇല്ല	✓
4.	ഗവ. എൽ. പി. എസ്. തൈക്കൽ	ഭാഗികം	✓	✓	✓	ഇല്ല	ഇല്ല	ഇല്ല	✓
5.	സെൻറ് ജോസഫ്സ് എൽ. പി. എസ്. ഒറ്റമശ്ശേരി	✓	✓	✓	✓	ഇല്ല	ഇല്ല	ഇല്ല	✓
6.	സെൻറ് ജോർജസ് എച്ച്. എസ്. തങ്കി	✓	✓	✓	✓	✓	✓	✓	✓
7.	കണ്ടമംഗലം ഹൈസ്കൂൾ	✓	✓	✓	✓	✓	✓	✓	✓

അവലംബം: സെക്കൻററി ഡാറ്റാ

വിദ്യാഭ്യാസ നിലവാരത്തിൻെറ തകർച്ചയും വിജയശതമാനത്തിൻെറ കുറവിനും പറയാറുള്ള കാരണങ്ങളിൽ ഒന്ന് അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിൻെറ വർദ്ധനയാണ്. ഈ വാദഗതി അത്ര ശരിയല്ലെന്ന് വിദ്യാലയങ്ങളെ താരതമ്യപ്പെടുത്തിയാൽ മനസിലാക്കാം. യഥാർത്ഥ പോരായ്മകൾ അപ്പപ്പോൾ പരിഹരിച്ചുപോരുന്ന രീതി വിദ്യാലയങ്ങളിൽ കർശനമായി നടപ്പാക്കണം.

(C) പട്ടികജാതി / പട്ടികവർഗ വിദ്യാർത്ഥികളുടെ കണക്ക് (96-97)

L.P.			U.P.			H.S.		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
1295	34	2.62	1508	15	0.99	1771	111	6.27

അവലംബം: സെക്കൻഡറി ഡേറ്റാ

(B) L.P., U.P., H.S. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം (96-97)

ആകെ വിദ്യാർത്ഥികൾ	L. P.			U.P.			H.S.		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
4574	679	616	47.56	790	718	47.61	917	854	48.22

അവലംബം: സെക്കൻഡറി ഡാറ്റാ

വിദ്യാഭ്യാസം പട്ടിക 1 A വിദ്യാർത്ഥികൾ, അധ്യാപകർ (96-97)

നമ്പർ	സ്കൂളിന്റെ പേര്	സ്വഭാവം	വിദ്യാർത്ഥികൾ			അധ്യാപകർ		
			ആൺ	പെൺ	ആകെ	പുരുഷൻ	സ്ത്രീകൾ	ആകെ
1.	ഗവ. എൽ. പി. സ്കൂൾ, കടക്കരപ്പള്ളി	ഗവൺമെൻറ്	127	113	240	1	7	8
2.	കൊട്ടാരം എൽ. പി. സ്കൂൾ, കടക്കരപ്പള്ളി	,,	25	26	51	1	2	3
3.	ഗവ. യു. പി. സ്കൂൾ, കടക്കരപ്പള്ളി							
	L.P.	,,	117	108	225	3	6	9
	U.P.	,,	96	79	175	2	6	8
4.	ഗവ. എൽ. പി. സ്കൂൾ തൈക്കൽ	,,	139	132	271	2	7	9
5.	സെൻറ് ജോസഫ്സ് എൽ. പി. സ്കൂൾ, ഒറ്റമശ്ശേരി	എയ്ഡഡ്	144	111	255	-	8	8
6.	സെൻറ് ജോർജ് ഹൈസ്കൂൾ തങ്കി							
	L.P.	,,	127	126	253	1	5	6
	U.P.	,,	344	314	658	7	17	24
	H.S.	,,	342	361	703	7	15	22
7.	ഹൈസ്കൂൾ, കണ്ടമംഗലം							
	U.P.	,,	350	325	675	5	16	21
	H.S.	,,	575	493	1068	9	33	42
					4574			160

അവലംബം: സെക്കൻറഡി ഡേറ്റാ

വിദ്യാലയങ്ങളിലെ വിരസമായ അദ്ധ്യയന രീതിയും ഗ്രഹിക്കുവാനുള്ള തന്റെറ പോരായ്മയും കുട്ടികളുടെ ഭൗതികവും മാനസികവുമായ നിലയെപ്പറ്റി മനശാസ്ത്ര രഹിതമായ സമീപനവും വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നതിന് ഇടയാക്കുന്നു. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ നിന്നും പൊഴിഞ്ഞുപോയവരുടെ പട്ടിക ഇതു വ്യക്തമാക്കുന്നു.

6. മാതൃ സംഗമങ്ങൾവഴി രക്ഷിതാക്കളെ ബോധവൽക്കരിക്കുക.
7. പ്രതിമാസ ടെസ്റ്റുകൾ നടത്തുക. പിന്നോക്കം നില്ക്കുന്ന കുട്ടികളെ പ്രത്യേക സായാഹ്ന ക്ലാസുകളിലൂടെ പൊതുനിലവാരത്തിലെത്തിക്കുക.
8. പഠനോപകരണങ്ങൾ ഇല്ലാത്ത സ്കൂളുകളിൽ ആയത് അടിയന്തരമായി നൽകുക.
9. ടെസ്റ്റ് ബുക്ക് വിതരണശൃംഖല ശക്തമാക്കുകയും സമയത്ത് ലഭ്യമാക്കുകയും ചെയ്യുക.
10. സ്കൂളുകളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്തുക.
11. വിദ്യാർത്ഥി അനുപാതം കുറക്കുക.
12. വിദ്യാലയ അന്തരീക്ഷം കക്ഷിരാഷ്ട്രീയ വിമുക്തമാക്കുക.
13. പി. ടി. എ. കളുടെ പ്രവർത്തനം ശക്തമാക്കുകയും ഏറെ അധികാരം നൽകുകയും ചെയ്യുക.
14. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം 7-ാം ക്ലാസ് മുതൽ നൽകുക. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം വ്യാപകമാക്കുക.
15. അദ്ധ്യാപകർക്കുള്ള ഇൻസർവീസ് കോഴ്സുകൾ പഞ്ചായത്തുതലത്തിൽ നടത്തുക.
16. വിദ്യാലയങ്ങളുടെ മേൽ ഇന്നു നടപ്പാക്കിയിട്ടുള്ള ത്രീടയർ ഭരണ മേൽനോട്ടം ഏകീകരിക്കുക.
17. അനാദായകരമായ വിദ്യാലയങ്ങൾ എത്രയും വേഗം നിർത്തലാക്കുക.
18. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പ്രോൽസാഹിപ്പിക്കാതിരിക്കുക.
19. മാതൃഭാഷക്ക് കൂടുതൽ പ്രാധാന്യം നലകി

പട്ടിക 1 (D) പഠനം നിർത്തിയവരുടെ കണക്ക് (96-97)

SC/ST			മറ്റുള്ളവർ			ആകെ
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
3	3	6	89	66	155	161

അവലംബം: സെക്കൻഡറി ഡേറ്റാ

സാദ്ധ്യതകൾ

1. സാങ്കേതിക വിദ്യാലയങ്ങൾ സ്ഥാപിക്കുക, വി. എച്ച്. എസ്., പ്ലസ് ടു, ഫിഷറീസ്.
2. പ്രൈമറി വിദ്യാലയങ്ങളുടെ ദൂരം കുറച്ച് കൂടുതൽ വിദ്യാലയങ്ങൾ സ്ഥാപിക്കുക, വിനോദ സൗകര്യങ്ങൾ ഭൗതിക സാഹചര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കുക. സാക്ഷരതാ പ്രവർത്തനം വിപുലമാക്കുക - നിരക്ഷരത നിർമ്മാർജനം ചെയ്യുക.
3. അംഗൻവാടികളുടെ എണ്ണം വർദ്ധിപ്പിക്കുക.

നിർദ്ദേശങ്ങൾ

1. 1, 7, 9 വാർഡുകളിൽ ഓരോ എൽ. പി. എസ്. സ്ഥാപിക്കുക.
2. 2-ാം വാർഡിലെ എൽ. പി. എസ്. അപ്ഗ്രേഡ് ചെയ്യുക.
3. നിലവിലുള്ള ഹൈസ്കൂളുകളിൽ വി. എച്ച്. എസ്., പ്ലസ് ടു കോഴ്സുകൾ ആരംഭിക്കുക.
4. തൈക്കൽ ബീച്ചിൽ ഒരു മൽസ്യബന്ധന പരിശീലന വിദ്യാലയം തുടങ്ങുക.
5. പഠന നിലവാരം ഉയർത്തുന്നതിന് ഇൻസർവ്വീസ് കോഴ്സുകളും സ്കൂൾ കോംപ്ലക്സുകളും പുനസംവിധാനം ചെയ്തു നടപ്പിലാക്കുക.

വിഷയങ്ങളും സിലബസും ക്രമീകരിച്ച് പ്രാഥമിക വിദ്യാലയങ്ങളിലെ കുട്ടികളുടെ പുസ്തകഭാരം കുറക്കുക.

20. എൽ. പി. എസ്. കളോടു ചേർന്ന് പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.
21. പ്രൈമറി തലത്തിൽ ആരോഗ്യ പരിശോധന കൃത്യവും കർശനവും ആക്കുക.
22. പ്രൈമറി വിദ്യാലയങ്ങളുടെ പ്രാഥമികാവശ്യങ്ങൾ പരിഹരിക്കുക.
23. ഹൈസ്കൂൾ തലത്തിൽ കമ്പ്യൂട്ടർ പഠനം ആരംഭിക്കുക.
24. കൊട്ടാരം യു. പി. ജി. എസിന്റെ സ്ഥലം നികത്തി കളിസ്ഥലം നിർമ്മിക്കുക. ക്ലാസ് മുറികൾ തിരിക്കുക.
25. സ്കൂളുകളുടെ വികസനത്തിന് പഞ്ചായത്ത് തല കമ്മിറ്റികൾ രൂപീകരിക്കുക.
26. കൊട്ടാരം യു. പി. ജി. എസ്. ഓടു മേയുക.
27. കടക്കരപ്പള്ളി എൽ. പി. എസിന് കളിസ്ഥലം നൽകുക. ചുറ്റുമതിൽ കെട്ടുക.
28. തൈയ്ക്കൽ എൽ. പി. എസ്., യു. പി. സ്കൂൾ ആക്കുക. ഓട്ടോ സ്റ്റാൻറ് സ്കൂളിനടുത്തുനിന്നും മാറ്റുക.
29. പഞ്ചായത്ത് തലത്തിൽ ക്രഷുകൾ തുടങ്ങുക.
30. പഞ്ചായത്ത് തലത്തിൽ ഒരു ഐ. ടി. ഐ. സ്ഥാപിക്കുക.
31. എല്ലാ വാർഡുകളിലും ആശാൻ കളരികൾ സ്ഥാപിക്കുക.
32. കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് സ്വന്തം കെട്ടിടം പണിയുക.
33. എല്ലാ സ്കൂളുകളും വൈദ്യുതീകരിക്കുക.
34. പഞ്ചായത്ത് തലത്തിൽ കുട്ടികൾക്ക് മെരിറ്റ് സ്കോളർഷിപ്പ് ഏർപ്പെടുത്തുക.



●●●● ●●●● ●●●●

എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റാൻ
വേണ്ടവിഭവങ്ങൾ ഈ പ്രകൃതിയിൽ ഉണ്ട്.

— ഗാന്ധിജി —

●●●● ●●●● ●●●●

സംസ്കാരം

കലയുടെ നാടാണ് കേരളം. അതിൽ അധിഷ്ഠിതവുമാണ് നമ്മുടെ സാംസ്കാരിക പൈതൃകം. കഥകളി നമ്മുടെ നാടിന്റെ പെരുമ അന്യ രാജ്യങ്ങളിൽവരെ എത്തിച്ചു. ഇന്ത്യയുടെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, വളരെ ചെറിയ ഒരു ഭൂപ്രദേശമാണ് കേരളം. എന്നാൽ, താരതമ്യ പഠനത്തിൽ മറ്റു രംഗങ്ങളോടൊപ്പം കലാരംഗത്തും പ്രഥമ സ്ഥാനം നമ്മുടെ സംസ്ഥാനത്തിന് അവകാശപ്പെടാൻ കഴിയും. ഒരു ചെറിയ സംസ്ഥാനമായിരുന്നിട്ടുകൂടി കായിക-സിനിമാ രംഗത്ത് ദേശീയ പുരസ്കാരങ്ങൾ നേടുന്നതിന് നമുക്കു സാധിച്ചുവെന്നത് അഭിമാനിക്കാവുന്ന നേട്ടമാണ്.

അഭിമാനകരമായ ഒരു സാംസ്കാരിക പാരമ്പര്യമുള്ള ഗ്രാമമാണ് കടക്കരപ്പള്ളി. നമ്മുടെ സാംസ്കാരിക തനിമയ്ക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. നാടുവാഴി, ജന്മി സാമൂഹ്യ വ്യവസ്ഥയിൽനിന്ന് ജനാധിപത്യ ക്രമത്തിലേക്കുള്ള മാറ്റത്തോടൊപ്പം സാംസ്കാരികരംഗത്തും പുരോഗതി കൈവരിക്കാൻ കടക്കരപ്പള്ളിക്ക് സാധിച്ചു. കുടിപ്പള്ളിക്കൂടങ്ങളിലൂടെ അക്ഷരത്തിന്റെ തിരിനാളങ്ങൾ നാടെങ്ങും കൊളുത്തുവാനും നമുക്കു കഴിഞ്ഞിട്ടുണ്ട്.

കഥകളി നമ്മുടെ പൂർവികർ ഏറെ ഇഷ്ടപ്പെട്ടിരുന്നു എന്നതിനും ആ കലാരൂപത്തെ പ്രോൽസാഹിപ്പിച്ചിരുന്നു എന്നതിനും ഏറെ തെളിവുകൾ ഉണ്ട്. കടക്കരപള്ളിയിൽ രണ്ടു കഥകളി സംഘങ്ങൾ പ്രവർത്തിച്ചിരുന്നു. 'കാലാക്കൻതറ' പണിക്കന്മാരുടെയും കോലോത്തുംതറ പത്മനാഭത്തണ്ടാരുടെയും നേതൃത്വത്തിലുള്ളതായിരുന്നു ഈ കഥകളി സംഘങ്ങൾ. വാരണപ്പള്ളി ആശാനും അച്ചുകുട്ടി ആശാനും കഥകളി രംഗത്ത് അന്നത്തെ അതികായന്മാരായി അറിയപ്പെടുന്നു.

തിരുവാതിരക്കളി, കളരിപ്പയറ്റിന്റെ മറ്റൊരു രൂപമായ പരിചമുട്ടുകളി, കഥകളിയുടെ ചുവടുപിടിച്ച് രൂപം കൊണ്ട ചവിട്ടുനാടകം എന്നീ കലാരൂപങ്ങൾക്കും നമ്മുടെ നാട് മുന്നിലായിരുന്നു. തിരുവാതിരക്കളി സംഘങ്ങൾ പല ദിക്കുകളിലായി പ്രവർത്തിച്ചുകൊണ്ടിരുന്നു. പരിശീലകരായ കലാകാരികൾ 'ആശാട്ടിമാർ' എന്നറിയപ്പെട്ടിരുന്നു. 'മാർഗംകളി' നാട്ടിൽ പ്രചരിച്ചിരുന്നില്ല.

തുടർന്ന് ഉദയംകൊണ്ട നാടകം എന്ന കലാ മാദ്ധ്യമത്തിന്റെ സ്വാധീനം നമ്മുടെ പഞ്ചായത്തിലും ഉണ്ടായി. ഫ്യൂഡൽ വ്യവസ്ഥിതിയുടെ ദുഷ്ഫലങ്ങളും മറ്റു അനാചാരങ്ങളും തുറന്നുകാട്ടുവാൻ ഇതു സഹായകമായി. പ്രതികരണശേഷിയുള്ളൊരു ജനവിഭാഗത്തെ വാർത്തെടുക്കുന്നതിന് ഈ കലാ മാദ്ധ്യമങ്ങൾ സ്തുത്യർഹമായ പങ്കുവഹിച്ചു. കഴിഞ്ഞ 15 വർഷമായി പഞ്ചായത്തിലെ തൈക്കൽ എന്ന പ്രദേശത്ത് ഷൈലജാ തിയേറ്റേഴ്സ് എന്ന ഒരു അംഗീകൃത പ്രൊഫഷണൽ നാടക സമിതി പ്രവർത്തിച്ചുവരുന്നു.

സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ സജീവമായിരുന്നു. സാമൂഹിക ഉച്ചനീചത്വങ്ങൾക്കും സവർണ മേധാവിത്വത്തിനുമെതിരെ സംഘടിത പ്രവർത്തനം ഈ പഞ്ചായത്തിൽ ആദ്യംമുതലേ നടന്നിരുന്നു.

ഗ്രന്ഥകാരൻ, കഥാകൃത്ത്, ജോതിഷ പണ്ഡിതൻ എന്നീ നിലകളിൽ ഏറെ അറിയപ്പെട്ടിരുന്ന സാംസ്കാരിക നായകനായിരുന്നു ഡോ: പി. എസ്. നായർ, ആധുനിക കാലത്തെ സാഹിത്യകാരന്മാരുടെ പട്ടികയിൽപ്പെട്ട ശ്രീ. നായർ നാടിനെന്നും അഭിമാനമായിരുന്നു. വർത്തമാനകാലത്തെ കഥാകൃത്തും നിരൂപകനുമായി ഇപ്പോഴും പ്രവർത്തന നിരതനായി സാഹിത്യ രംഗത്തു പ്രവർത്തിക്കുന്ന ശ്രീ. ചേലങ്ങാട്ട് ഗോപാലകൃഷ്ണനും കടക്കരപ്പള്ളിയ്ക്ക് അഭിമാനമാണ്. യുവകലാകാരനായ രാജീവൻ ആലുങ്കൽ നാടക രചനയിലും ഗാനരചനയിലും പ്രതീക്ഷ നൽകുന്ന ഈ ഗ്രാമത്തിന്റെ വാഗ്ദാനമാണ്.

പ്രസിദ്ധമായ കണ്ടമംഗലം ദേവീക്ഷേത്രം പടിഞ്ഞാറേ കൊട്ടാരം, ശ്രീധർമ ശാസ്താ ക്ഷേത്രം, കിഴക്കേ കൊട്ടാരം ക്ഷേത്രം എന്നീ ഹിന്ദു ആരാധനാലയങ്ങൾ പഞ്ചായത്തിലുണ്ട്. സെൻറ് ഫ്രാൻസി

സ് അസീസി ചർച്ച്, തൈക്കൽ, സെൻറ് ജോസഫ് സ് ചർച്ച് ഒറ്റമശ്ശേരി, സെൻറ് മേരീസ് ഫൊറോനാ ചർച്ച് തങ്കി, ക്രിസ്തുരാജ് ചർച്ച് തങ്കി എന്നീ ക്രിസ് ത്യൻ ദേവാലയങ്ങളും തൈക്കലെ മുസ്ലീം ദേവാല യവും നമ്മുടെ പ്രമുഖ ആരാധനാലയങ്ങളാണ്. തങ്കി ഫൊറോനപ്പള്ളി ഒരു പ്രസിദ്ധ തീർഥാടനകേ ന്ദ്രമാണ്. പ്രസ്തുത ദേവാലയങ്ങൾ ഈ നാടിന്റെ സംസ്കാരവുമായി അഭേദ്യമായി ബന്ധപ്പെട്ടിരി ക്കുന്നു. ജനങ്ങളുടെ കലാ-സാംസ്കാരിക ബോ ധം ഉയർത്താൻ ദേവാലയങ്ങളിലെ കലാ പരിപാടി കൾ വലിയ ഒരളവുവരെ സഹായകമായിട്ടുണ്ട്.

കലാ-സാംസ്കാരിക രംഗത്തെ ഇന്നത്തെ പ്രവർത്തനം തൃപ്തികരമല്ല. പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതി കൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതാണ്. നിലവി ലുള്ള കലാ കായിക സമിതികൾ, ഗ്രന്ഥശാലകൾ എന്നിവയുടെ വിവരങ്ങൾ താഴെ പട്ടികയിൽ ചേർ ക്കുന്നു.

നമ്പർ	പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	ആനുകാലിക പ്രസിദ്ധീകരണങ്ങൾ	TV
1	പഞ്ചായത്ത് സാംസ്കാരിക നിലയം	1988		749	5	
2	C.S 1125 ഗ്രന്ഥശാല	1946	A	20000	30	TV
3	അക്ഷര വായനശാല	1992		1000	9	
4	ആഞ്ഞിലിച്ചുവട് വായനശാല	1993		130	1	TV

കേരള ഗ്രന്ഥശാലാ സംഘത്തിൽ രജിസ്റ് ചെയ്തിട്ടുള്ള ഗ്രന്ഥശാലകൾ പഞ്ചായത്തിൽ ഒന്നു മാത്രമേയുള്ളൂ, കൊട്ടാരം വായനശാല മാത്രം. ഏറ്റവും പഴക്കംചെന്ന വായനശാലയും അതുതന്നെ. പഞ്ചായത്ത് സാംസ്കാരിക നിലയ ത്തിനുപോലും അത്തരമൊരു അംഗീകാരമില്ല. ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരം പഞ്ചായ ത്ത് സാംസ്കാരിക നിലയത്തിന് ലഭ്യമാക്കേണ്ടതാ ണ്. 25 വർഷം മുൻപ് രൂപീകൃതമായ എസ്.എൻ. വൈ.എം. റീഡിങ് ക്ലബ് പഞ്ചായത്ത് ഏറ്റെടുത്താ ണ് സാംസ്കാരിക നിലയമാക്കിയത്. പൊതുവേ നമ്മുടെ പഞ്ചായത്തിൽ കൂടുതൽ ഗ്രന്ഥശാലക ളും റീഡിങ് ക്ലബ്ബുകളും കുറവാണെന്ന വസ്തുത മനസ്സിലാക്കി, ഇത്തരം പ്രസ്ഥാനങ്ങൾ ആരംഭിക്കു കയും ഉള്ളവയുടെ പ്രവർത്തനം സജീവമാക്കുക യും ചെയ്യണം.

ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള 3 ജനവിദ്യാ കേന്ദ്രങ്ങളുടെ പ്രവർത്തനം ഊർജിത പ്പെടുത്തി സ്ഥിരം ആസ്ഥാനം നിർമിക്കാനുള്ള നടപടികൾ ആരംഭിക്കേണ്ടതാണ്.

ജനവിദ്യാകേ ന്ദ്രങ്ങൾ

വാർഡ്	പേര്
8	എസ്.എൻ.വൈ.എം. ജനവിദ്യാ കേന്ദ്രം.
2	ഗ്രാമശ്രീ ജന വിദ്യാകേന്ദ്രം.
3	ലോട്ടസ് ജനവിദ്യാ കേന്ദ്രം.

കായികരംഗത്ത് വേണ്ടത്ര പുരോഗതി കൈവ രിക്കാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. പൊതു കളിസ്ഥലത്തിന്റെ അപര്യാപ്തത പ്രധാന കാരണ മാണ്. എന്നാൽ, കണ്ടമംഗലം, കൊട്ടാരം, ക്ഷേത്ര മൈതാനങ്ങൾ കളിസ്ഥലങ്ങളായി ഉപയോഗിക്കു ന്നുണ്ട്. കായിരംഗത്തു താൽപര്യമുള്ള യുവതീ യുവാക്കൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായ ത്തിന് ഒരു മിനി സ്റ്റേഡിയം എന്നത് ഇന്നുമൊരു സ്വപ്നം മാത്രമാണ്.

ഇരുപതോളം കലാ കായിക സമിതികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഓണം, ക്രിസ്മ

സ് തുടങ്ങിയ ആഘോഷങ്ങളോടനുബന്ധിച്ച് ചില പരിപാടികൾ നടത്തുക എന്നതു മാത്രമാണ് ചില സമിതികളുടെ പ്രവർത്തനമെങ്കിലും പത്തോളം കലാ കായിക സമിതികൾ സജീവ പ്രവർത്തനത്തിൽ ഏർപ്പെട്ടുവരുന്നുണ്ട്. ഭൂരിഭാഗം ക്ലബ്ബുകൾക്കും സ്ഥിരമായ ഓഫീസ്, പ്രവർത്തന റിപ്പോർട്ട്, കായിക വിനോദ ഉപകരണങ്ങൾ ഇവയൊന്നുമില്ല. ക്ലാസ്സിക്കൽ സംഗീത വിദ്യാലയങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സംഗീതരംഗത്ത് പ്രാവീണ്യമുള്ള അദ്ധ്യാപകരുടെ ശിക്ഷണത്തിൽ സംഗീതം അഭ്യസിച്ച ഒരു പുതിയ തലമുറ ഈ പഞ്ചായത്തിലുണ്ട്. എന്നാൽ, കലാരംഗത്തെ പുതിയ തലമുറയുടെ താൽപര്യം പൊതുവേ കുറവായിട്ടാണു കാണുന്നത്.

ഇലക്ട്രോണിക്സ് മാധ്യമങ്ങൾ സാംസ്കാരരംഗത്ത് വമ്പിച്ച സ്വാധീനം ചെലുത്തിയിട്ടുണ്ട്. റേഡിയോ, ടെലിവിഷൻ, കേബിൾ ടെലിവിഷൻ എന്നിവയിൽ ഏതെങ്കിലും ഒന്നില്ലാത്ത വീടുകൾ അപൂർവമാണ് ഈ പഞ്ചായത്തിൽ. ലോക വർത്തമാനങ്ങളറിയുവാനും കലാ കായിക വിനോദങ്ങൾ ആസ്വദിക്കുവാനും ഇലക്ട്രോണിക്സ് മാധ്യമങ്ങൾ സഹായിക്കുന്നുണ്ടെങ്കിലും, അതിന്റെ അതിപ്രസരംമൂലം ജനങ്ങളുടെ വായനാശീലംതന്നെ നഷ്ടപ്പെട്ടിരിക്കുന്നു. വർത്തമാന പത്രങ്ങൾ, വാരികകൾ എന്നിവപോലും വായിക്കാതെ, ടെലിവിഷന്റെ മുന്നിലിരുന്ന് സമയം പാഴാക്കുന്ന ഒരു വലിയ വിഭാഗം ആളുകൾ ഉണ്ട്. ചെറുകഥ, നോവൽ, കവിതാ സമാഹാരങ്ങൾ എന്നിവ വായിക്കുന്നവരുടെ എണ്ണം തുലോം കുറവാണ്. പഞ്ചായത്തിൽ സജീവമായിക്കൊണ്ടിരിക്കുന്ന കേബിൾ ടെലിവിഷന്റെ പ്രചാരണം സാംസ്കാരിക രംഗത്ത് മൂല്യച്യുതി വരുത്തിവയ്ക്കും. ഭീകരത, തരംതാണ സെക്സ്, അവിശ്വസനീയമായ കഥകൾ എന്നിവകൊണ്ട് കുത്തിനിറച്ച പരിപാടികൾ കണ്ട് യുവതലമുറ വഴിതെറ്റിപ്പോകാൻ സാദ്ധ്യതകളേറെയാണ്.

കലാമൂല്യമുള്ള പരിപാടികളും സാഹിത്യമൂല്യമുള്ള കൃതികളും ആസ്വദിക്കുവാനുള്ള വിമുഖത കൂടിവരികയാണ്. പാരമ്പര്യ കലയായ കഥകളിക്ക് അന്തർദേശീയ അംഗീകാരം നേടിയെടുക്കാവൻ കഴിഞ്ഞുവെങ്കിലും ഈ കലാരൂപം ആസ്വദിക്കാൻ യുവതലമുറയ്ക്ക് കഴിയുന്നില്ല. ശാസ്ത്രീയ സംഗീത കച്ചേരികൾക്ക് വേണ്ടത്ര പരിഗണന നൽകാൻ നമുക്കു കഴിയണം. പാശ്ചാത്യ സംസ്കാരത്തെ അനുകരിക്കുന്നതിൽനിന്ന് യുവതലമുറയെ പിന്തിരിപ്പിക്കാനുള്ള മാർഗങ്ങൾ ആരായണം.

എടുത്തുപറയത്തക്ക ടൂറിസ്റ്റ് കേന്ദ്രങ്ങളൊന്നുമില്ലാത്ത ഈ പഞ്ചായത്തിൽ ടൂറിസ്റ്റ് സാദ്ധ്യതകൾ വളർത്തിയെടുക്കുവാനുള്ള ചില ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ട്. അത്തരം സാഹചര്യങ്ങളെ വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു.

നിർദേശങ്ങൾ

1. കൂടുതൽ വായനശാലകൾ സ്ഥാപിക്കുക, ഉള്ളത് വിപുലപ്പെടുത്തുക.

2. പഞ്ചായത്ത് സാംസ്കാരിക നിലയത്തോടനുബന്ധിച്ചുള്ള ഗ്രന്ഥശാല കൂടുതൽ പുസ്തകങ്ങൾ ചേർത്തു ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരം നേടണം.

3. പഞ്ചായത്തിൽ ഒരു പൊതു കളിസ്ഥലവും (മിനി സ്റ്റേഡിയം) ഒരു ഓപ്പൺ എയർ തിയേറ്ററും സ്ഥാപിക്കുക.

4. ഓരോ വാർഡിലെയും ഒരു കലാ കായിക സംഘത്തിനെങ്കിലും പഞ്ചാ: രജിസ്ട്രേഷനും മെറിട്ടടിസ്ഥാനത്തിൽ സാമ്പത്തിക ആനുകൂല്യവും നൽകുക.

5. സംഗീതം, നൃത്തം, ചിത്രകല, നാടകം, കഥകളി ഇവ പരിശീലിപ്പിക്കാൻ ഒരു ആർട്സ് സ്കൂൾ തുടങ്ങുക.


6. ഗ്രന്ഥശാലകളുടെ നേതൃത്വത്തിൽ കഥ, കവിത, ലേഖനങ്ങൾ എന്നിവർ എഴുതുന്നതിനുള്ള പരിശീലനം കുട്ടികൾക്കും ചെറുപ്പക്കാർക്കും നൽകുന്ന ഒരു പദ്ധതിക്ക് രൂപംനൽകുക.

7. സാംസ്കാരിക ചർച്ചയ്ക്കുള്ള ഒരു സ്ഥിരം വേദിയും വേദിക്കു പ്രോൽസാഹനവും നൽകുക.

8. സാമൂഹ്യ തിന്മകൾക്കെതിരേ ചർച്ചാ ക്ലാസ്സുകൾ, സെമിനാറുകൾ സംഘടിപ്പിക്കുകയും ബോധവൽകരണം നടത്തുകയും ചെയ്യും.

9. യുവാക്കൾക്ക് ഇന്നു നൽകിവരുന്ന പ്രോൽസാഹനങ്ങൾ കായിക കലാരംഗത്ത് കൂടുതൽ ഫലപ്രദമാക്കി പ്രതിഭകളെ അംഗീകരിക്കുക.

•••



ഊർജ്ജം, മാർക്കറ്റ്, ഗതാഗതം

കടക്കരപ്പള്ളി പഞ്ചായത്തിലെ പ്രധാന ഊർജ്ജ മാർഗങ്ങൾ വൈദ്യുതിയും വിറകുമാണ്. പാചകാവശ്യത്തിന് മിക്കവാറും തെങ്ങിൽനിന്നുള്ള പാഴ്വസ്തുക്കൾ ഉൾപ്പെടെ വിറകും ഉപയോഗിക്കുന്നു. പഞ്ചായത്തിൽനിന്നുള്ള വിറകല്ലാതെ പുറമേനിന്ന് വിറക് ഇവിടെ കൊണ്ടുവരുന്നില്ല.

പാചകത്തിനുപയോഗിക്കുന്ന ഊർജ്ജം

1. വിറകും തെങ്ങിൽനിന്നുള്ള പാഴ്വസ്തുക്കളും.
2. മണ്ണെണ്ണ.
3. എൽ.പി.ജി.

പാചകാവശ്യത്തിന് എഴുപത്തിനാല് ശതമാനം ജനങ്ങളും വിറകും തെങ്ങിൽനിന്നുള്ള പാഴ്വസ്തുക്കളും ഉപയോഗിക്കുന്നു. എൽ.പി.ജി. ഉപഭോക്താക്കൾ വളരെ കുറവാണ്. എൽ.പി.ജി.യെ മാത്രം ആശ്രയിക്കുന്ന വീടുകൾ 7.02 ശതമാനത്തിൽ താഴെയാണ്. മണ്ണെണ്ണയുടെ ഉപയോഗം ഏതാണ്ട് 19 ശതമാനം വരും. എന്നാൽ വിറക് യാതൊരു തരത്തിലും ഉപയോഗിക്കാത്തവർ പഞ്ചായത്തിലില്ല എന്നു പറയാം. തെങ്ങിൽനിന്നുള്ള പാഴ്വസ്തുക്കളുടെ ലഭ്യതയും വൃക്ഷഭാഗങ്ങൾ വിറകായി ഉപയോഗിക്കാനുള്ള സൗകര്യവും ഉള്ളതുകൊണ്ടാകാം പഞ്ചായത്തിൽ വിറക് വിൽപ്പന കേന്ദ്രങ്ങൾ ഒന്നുപോലുമില്ലാത്തത്. എന്നാൽ ചെറിയൊരു ശതമാനം കുടുംബങ്ങൾ അറക്കപ്പൊടി ഉപയോഗിക്കുന്ന അടുപ്പുകളും ഉപയോഗിക്കുന്നു.

ഭൂരിപക്ഷം വീടുകളിലെ അടുപ്പുകളും പരമ്പരാഗത രീതി അനുസരിച്ചുള്ള മൂന്നു കല്ല് അടുപ്പുകളാണ്. 11 ശതമാനം പരിഷത്തടുപ്പുകൾ ഉപയോഗിക്കുന്നുണ്ട്. 80 ശതമാനം വീടുകളിലും തറയിലുള്ള അടുക്കള അടുപ്പുകളാണ്. ഇത്തരം അടുപ്പുകൾ വളരെയധികം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇവയ്ക്കു പകരം പുകയില്ലാത്ത അടുപ്പുകൾ കൂടുതൽ പ്രചാരത്തിലാക്കുകയും സ്ഥാപിക്കുകയും ചെയ്യാൻ പഞ്ചായത്ത് താൽപര്യമെടുക്കുന്നത് നന്നായിരിക്കും. കല്ലടുപ്പുകളുടെ ദക്ഷതക്കുറവിനെ സംബന്ധിച്ചും അടുപ്പുകൾ വരുത്തുന്ന പരിതസ്ഥിതി ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും നമ്മുടെ സഹോദരിമാർ ഇനിയും ബോധവതികളല്ലെന്ന് കാണുന്നു. ഇക്കാലത്ത് പ്രചാരത്തിൽ വന്നിട്ടുള്ള പരിഷത്തടുപ്പുകൾ പരമാവധി വീടുകളിൽ സ്ഥാപിക്കേണ്ടതാണ്. ആരോഗ്യ രക്ഷയ്ക്കും പ്രത്യേകിച്ച് കണ്ണുകളുടെ രക്ഷയ്ക്കും പരിഷത്തടുപ്പുകൾ പ്രചരിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ക്യാമ്പുകൾ വഴി ബോധവൽക്കരണം നടത്തിയും ANERTന്റെ സേവനം ഈ ആവശ്യത്തിന് ലഭ്യമാക്കേണ്ടതുമാണ്. വിവിധതരം അടുപ്പുകളുടെ ദക്ഷത താഴെ കൊടുക്കുന്ന ചാർട്ടിൽനിന്നു വ്യക്തമാകും.

മൂന്നു കല്ലടുപ്പ്	10%
വശങ്ങൾ അടഞ്ഞ സാധാരണ അടുപ്പ്	12%
പരിഷത്തടുപ്പ്	27.5%

പ്രശ്നങ്ങൾ–നിർദ്ദേശങ്ങൾ


1. പരമ്പരാഗത മൂന്നുകല്ലടുപ്പുകൾ ഘട്ടം ഘട്ടമായി മാറ്റി പരിഷത്തടുപ്പ് സ്ഥാപിക്കുക.

2. വരുംകാലങ്ങളിലെ വർദ്ധിച്ച ഉപയോഗം മുന്നിൽ കണ്ട് കൂടുതൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക.

3. ഊർജ്ജ ദുരുപയോഗവും നഷ്ടവും ബോധവൽക്കരണത്തിലൂടെ തടയുക.

വൈദ്യുതി

കടക്കരപ്പള്ളി പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത് ഒറ്റപ്പുന്ന 66 കെ.വി. സബ് സ്റ്റേഷനിൽനിന്നാണ്. ടി സബ് സ്റ്റേഷൻ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഈ പഞ്ചായത്തിലെ വീടുകളിൽ 2005 വീടുകൾ വൈദ്യുതീകരിച്ചതാണ്. കാർഷികാവശ്യത്തിനുള്ള വൈദ്യുത കണക്ഷനുകളുടെ എണ്ണം, പത്തിൽ താഴെയാണ്. വ്യവസായ ആവശ്യത്തിനുള്ള 35 കണക്ഷനുകളും വ്യാപാരാവശ്യങ്ങൾക്കുള്ള 300 കണക്ഷനുകളും ഇപ്പോൾ നിലവിലുണ്ട്. സ്ട്രീറ്റ് ലൈറ്റുകളുടെ ആവശ്യത്തിന് ഇരുന്നൂറ്റിനാല് 40 വാട്ട് ബൾബുകളും 60 ട്യൂബ് ലൈറ്റുകളും ഉപയോഗിച്ചുവരുന്നു. പഞ്ചായത്തതിർത്തിയിൽ എട്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഒന്നും രണ്ടും വാർഡുകളിൽ വളരെ കടുത്ത വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഗാർഹികാവശ്യങ്ങൾക്ക് കൂടുതൽ ബൾബുകൾ ഉപയോഗിക്കുന്ന രീതിയാണ് ഇവിടെ നിലവിലുള്ളത്. ട്യൂബ് ലൈറ്റുകൾ കഴിയുന്നത്ര കൂടുതലുപയോഗിച്ച് വൈദ്യുതിയുപയോഗത്തോത് കുറയ്ക്കാൻ ശ്രമിക്കുന്നത് നല്ലതാണ്.



പരിഹാരങ്ങൾ

1. വോൾട്ടേജ് നഷ്ടം പരിഹരിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുക.

2. ഉപയോഗിക്കുന്ന വൈദ്യുതിക്കുമാത്രം ചാർജടച്ചാൽ മതി എന്ന രീതി കെ.എസ്.ഇ.ബി.യെക്കൊണ്ട് അംഗീകരിപ്പിക്കുക.

3. സ്ട്രീറ്റ് ലൈറ്റുകൾക്ക് ഉപയോഗിക്കുന്ന ബൾബുകൾക്കു പകരം ട്യൂബ് ലൈറ്റുകളുപയോഗിക്കാൻ പടിപടിയായി നടപടി സ്വീകരിക്കുക.

4. വൈകുന്നേരം 6 മണി മുതൽ 10 മണിവരെ വ്യാവസായികാവശ്യത്തിന് വൈദ്യുതി ഉപയോഗിക്കാതെ കർശനമായി നിയന്ത്രിക്കുക.

5. 1, 2 വാർഡുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഉടനെ നടപടി സ്വീകരിക്കുക.

6. ഒറ്റമശ്ശേരിക്കനുവദിച്ച ട്രാൻസ്ഫോർമർ ഉടനടി സ്ഥാപിക്കുക. വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ ആവശ്യമായ കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

മാർക്കറ്റ്

പഞ്ചായത്തിൽ രണ്ട് മാർക്കറ്റുകളുണ്ട്. കടക്കരപ്പള്ളി മാർക്കറ്റ് സ്വകാര്യവും തൈക്കൽ മാർക്കറ്റ് പഞ്ചായത്തിന്റേതുമാണ്. കൂടുതൽ ജനങ്ങളും

ആശ്രയിക്കുന്നത് കടക്കരപ്പള്ളിയിലെ സ്വകാര്യ മാർക്കറ്റിനേയാണ്. നിലവിലുള്ള രണ്ട് മാർക്കറ്റുകളിലും ശുചീകരണ സംവിധാനങ്ങൾ തൃപ്തികരമല്ല.

തൈക്കൽ മാർക്കറ്റിനോടനുബന്ധിച്ച് പഞ്ചായത്തുവക ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണികഴിപ്പിച്ചിട്ടുണ്ട്. അവിടെ എല്ലാ കാലാവസ്ഥയിലും സുഗമമായി പ്രവർത്തിക്കത്തക്ക വിധത്തിൽ മൽസ്യ മാർക്കറ്റ് വിപുലമാക്കുകയും വെള്ളം, വെളിച്ചം, മലമൂത്ര വിസർജന സൗകര്യങ്ങൾ എന്നിവ വിപുലമാക്കുകയും ചെയ്യണം. കടക്കരപ്പള്ളി മാർക്കറ്റിൽ ഈ സൗകര്യങ്ങൾ ഉണ്ടാക്കുവാൻ കോൺട്രാക്ടറോട് ആവശ്യപ്പെട്ട് നടപ്പിൽ വരുത്തുക. കൂടാതെ പഞ്ചായത്തിൽ ആധുനിക ഡ്രൈനേജ് സൗകര്യമുള്ള ഒരു അറവുശാല ഉണ്ടാക്കുകയും അവിടെ കൊണ്ടു വന്നു മാത്രമേ അറവു നടത്താവൂ എന്ന് നിഷ്കർഷിക്കുകയും ചെയ്യുക. അറവിനു മുൻപ് മൃഗങ്ങളെ പരിശോധിക്കുന്നത് നിർബന്ധമാക്കുക.

ഗതാഗതം

പഞ്ചായത്തിലെ ആദ്യത്തെ റോഡ് തങ്കി കവലയിൽനിന്നുള്ള ആറാട്ടുവഴി റോഡാണ്. പഞ്ചായത്തിൽ ഇപ്പോൾ 32.375 കി.മീ. റോഡാണുള്ളത്.

ടാർ റോഡ് : 14. കി.മീ.

മെറ്റൽ റോഡ് : 100 മീ.

ഗ്രാവൽ റോഡ് : 18.275 കി.മീ.

ഇതിൽ ബസ് സർവീസ് നടത്തുന്നത് 12.4 കി.മീ. യിൽ മാത്രമാണ്. റോഡുപോലെതന്നെ പ്രധാനമാണ് ജലഗതാഗത മാർഗങ്ങളും. പഞ്ചായത്തിൽ 27.5 കി.മീ. ജലപാതകളുണ്ട്. ഇതിൽ കൂടുതലും ചപ്പുചവറുകളിട്ടും സൈഡ് അതിക്രമിച്ചു നികത്തിയും സഞ്ചാര യോഗ്യമല്ലാതാക്കിത്തീർത്തിട്ടുണ്ട്. നിലവിലുള്ള റോഡ് വശങ്ങളിൽ വെള്ളമൊഴുകിപോകാനുള്ള മാർഗങ്ങൾ ഇല്ലാത്തതുകൊണ്ട് റോഡ് വളരെ വേഗം സഞ്ചാരയോഗ്യമല്ലാതായിത്തീരുന്നു. വളരെ വർഷങ്ങളായി ടാർ ചെയ്തു കിടക്കുന്ന കടക്കരപ്പള്ളി തൈക്കൽ റൂട്ടിലൂടെ ബസ് സർവീസ് ആരംഭിക്കേണ്ടത് ആവശ്യമാണ്.

	നിലവിലുള്ള റോഡുകൾ	നീളം കി.മീ.	വീതി മീറ്റർ	ടാർ	മെറ്റൽ	പൂഴി	കടന്നു പോകുന്ന വാർഡുകൾ
1.	തങ്കി-ആറാട്ടുവഴി റോഡ്	2.300	8	✓			3,4,5,6,7
2.	കൊട്ടാരം-ആലുങ്കൽ റോഡ്	1.000	8	✓			5,6,7
3.	കെ.എം.പി.-ആയിക്കാട് റോഡ്	0.600	6	✓			6,7
4.	കെ.എം.പി. റോഡ്	2.000	8	✓			4,7,8,9
5.	കടക്കരപ്പള്ളി-വെട്ടയ്ക്കൽ റോഡ്	0.100	8	✓			4
6.	പാലക്കാട്-അഴീത്തോട്	0.500	6	✓			3
7.	കെ.എം.പി. ആശുപത്രി-തൈക്കൽ	1.500	6	✓			4,8,9
8.	തൈക്കൽ-ബീച്ച് റോഡ്	2.500	6	✓			1,8,9
9.	ബീച്ച്-ഒറ്റമശ്ശേരി റോഡ്	3.500	6	✓			1,2
10.	കൊട്ടാരം റോഡ്	0.100	6		✓		5,6
11.	കൊട്ടാരം-ആലുങ്കൽ റോഡ്	1.800	6			✓	5,6,7
12.	ഒറ്റപ്പുന്ന-കൊട്ടാരം കവല റോഡ്	0.500	4			✓	5
13.	ഒറ്റപ്പുന്ന-വാടപ്പുറം	0.600	4			✓	5
14.	കല്യാണംപറമ്പ്	0.500	4			✓	5,6
15.	കല്യാണംപറമ്പ്-മാടയ്ക്കൽ	0.500	4			✓	5
16.	കൊട്ടാരം-ആയിക്കാട്	0.600	4			✓	6
17.	കൊട്ടാരം-കണ്ടമംഗലം	0.700	3			✓	6

	നിലവിലുള്ള റോഡുകൾ	നീളം കി.മീ.	വീതി മീറ്റർ	ടാർ	മെറ്റൽ	പൂഴി	കടന്നു പോകുന്ന വാർഡുകൾ
18.	ആയിക്കാട്-കളത്തിൽപറമ്പ്	1.200	4			✓	6,7
19.	കണ്ടമേംഗലം-ആയിക്കാട്	0.500	4			✓	7
20.	കണ്ടമേംഗലം-ഒതേകാട്	0.400	4			✓	4
21.	കളത്തിൽപറമ്പ് ചടയംകാട്ട്	0.275	4			✓	7
22.	പാലക്കാട്-അഴീത്തോട്	0.500	4			✓	3
23.	തങ്കി-പൊഴിച്ചാൽ ബണ്ട്	1.300	4			✓	2,4
24.	കണ്ടമേംഗലം-വാഴത്തറ	0.100	3			✓	4
25.	കെ.പി.എം. ആശുപത്രി-തൈക്കൽ	1.500	6			✓	4,6,7,9
26.	തൈക്കൽ-പുളിക്കി കോളനി	0.500	3			✓	9
27.	വട്ടക്കര	0.800	4			✓	9
28.	വട്ടക്കര-കുഞ്ഞിത്തൈ	0.200	4			✓	7,9
29.	കുഞ്ഞിത്തൈ-വട്ടക്കര	0.400	4			✓	7,9
30.	തൈക്കൽ പള്ളി-എസ്.എസ്.പി.	0.200	4			✓	1
31.	പൊഴിച്ചാൽ-ബീച്ച്	0.100	3			✓	2
32.	എൻ.എച്ച്.-കിഴക്കേ കൊട്ടാരം	0.100	3			✓	5
33.	കൊച്ചുപറമ്പ്-വെളുത്തേടത്ത് പറമ്പ്	0.500	3			✓	6

റോഡുകളുടെ നിർമ്മാണത്തിന് സന്നദ്ധ പ്രവർത്തനം എല്ലാ വാർഡുകളിൽനിന്നും വാഗ്ദാനം ചെയ്തിട്ടുണ്ട്. പുതിയതായി ആവശ്യപ്പെട്ടിട്ടുള്ള റോഡുകൾ മുൻഗണനാ ക്രമത്തിൽ പട്ടികപ്പെടുത്തുക എന്നുള്ളത് ശ്രമകരമായ പ്രക്രിയയാണ്. 5 വർഷംകൊണ്ട് പൂർത്തീകരിക്കാവുന്നവയും പൂർത്തീകരിക്കേണ്ടവയും അത്യാവശ്യമായവയും എന്ന ക്രമത്തിൽ പട്ടികപ്പെടുത്തുകയാണുത്തമം. നിലവിൽ ടാർ ചെയ്തിട്ടുള്ള റോഡുകളിലെങ്കിലും ബസ് സർവീസ് നടത്തുന്നതിന് ശ്രമം ആരംഭിക്കണം. നിലവിലുള്ള ഒരു റോഡിനും കാണകളില്ല. തങ്കി ആറാട്ടുവഴി റോഡിൽ കണ്ടമേംഗലം ക്ഷേത്രത്തിനു കിഴക്കോട്ട് ഉടനടി കാണ പണിയേണ്ടതാണ്. കടക്കരപ്പള്ളി ചന്തയ്ക്കു ചുറ്റുമുള്ള റോഡിനും കാണ കൂടിയേ കഴിയൂ. ഒപ്പം വെള്ളക്കെട്ടുള്ള മറ്റ് പ്രദേശങ്ങളിലും ഉടനടി കാണ പണിത് റോഡുകളുടെ ആയുസ് വർദ്ധിപ്പിക്കേണ്ടതാണ്. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ ജല നിർഗമന മാർഗങ്ങൾ അടയാളപ്പെടുത്തുന്നില്ലെന്ന് ഉറപ്പുവരുത്തുകയും പുറമ്പോക്ക് തോടുകളിലൂടെ ഒരു കാരണവശാലും റോഡുകൾ വരാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം.

റോഡുകളെപ്പോലെതന്നെ കടക്കരപ്പള്ളി പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന ആഴംകൂടിയ തോടുകളുടെ ഇരു കരകളും കല്ലുകെട്ടി സംരക്ഷിച്ചില്ലെങ്കിൽ കാലക്രമേണ തോടുകൾ ഇല്ലാതാവുകയും വെള്ളക്കെട്ട് ഇല്ലാതാവുകയും ചെയ്യും. ഒപ്പം തോടുകൾക്കു പുറമേ നിലവിലുള്ള തടിപ്പാലങ്ങൾ അടുത്ത 5 വർഷംകൊണ്ട് കോൺക്രീറ്റ് പാലങ്ങളാക്കി മാറ്റി അനാവശ്യമായ പണച്ചിലവും ആവർത്തനച്ചിലവും കുറയ്ക്കണം.

ഗ്രാമസഭയിൽ ആവശ്യപ്പെട്ടിട്ടുള്ള പാലങ്ങൾ

വാർഡ് I

1. കരിയിൽ ബാലകൃഷ്ണന്റെ വീടിനു സമീപം.
2. കുരിശുങ്കൽ സ്റ്റീഫന്റെ വീടിനു സമീപം.
3. കുരിശിങ്കൽ സ്റ്റീഫന്റെ വീടിനു സമീപത്തുനിന്ന് വടക്കോട്ട് പാണ്ഡ്യാലയ്ക്കൽ യൂസഫിന്റെ വീടിന് സമീപം.

4. കൊച്ചുപറമ്പിൽ സുകുമാരന്റെ വീടിനു സമീപം.

5. കാവുങ്കൽ തങ്കപ്പന്റെ വീടിനു സമീപം.

6. ചേനപ്പറമ്പിൽ സ്റ്റീഫന്റെ വീടിനു സമീപം.

വാർഡ് III

1. ക്രിസ്തുരാജ് കവലയിൽനിന്ന് കിഴക്കോട്ട് പട്ടണക്കാട് 9-ാം വാർഡിലേക്ക്

2. കോനാട്ടുശ്ശേരി വീടിനു കിഴക്കുള്ള തോടിനു കുറുകെ പുതിയ പാലം.

വാർഡ് IV

1. മാളിയേക്കൽ പറമ്പിൽനിന്ന് വടക്കോട്ട് 4-ാം വാർഡിലേക്ക്.

വാർഡ് VII

1. കൊച്ചാൻ ചിറ തോടിനു കുറുകെ.

2. ചാലുങ്കൽ തറയ്ക്ക് വടക്ക്.

3. രാമചന്ദ്രൻ പിള്ളയുടെ വീടിനു സമീപം.

വാർഡ് VIII

1. പുളുക്കി കോളനി ചെറിയപറമ്പ്

2. കുരിശുങ്കൽ തോടിനു കുറുകെ.

3. വെളിയിൽ സതീശന്റെ വീടിനു സമീപം.

സ്ലാബുകൾ

വാർഡ്	എണ്ണം
I	5
III	10
IV	13
VII	15
VIII	13

നിലവിലുള്ള സ്വകാര്യ തടിപ്പാലങ്ങൾക്ക് പകരമാണ് സ്ലാബുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇത്തരം ജോലികൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കേണ്ടതാണ്.

നിലവിലുള്ള തോടുകൾ

		നീളം	വീതി
1.	കൂട്ടുങ്കൽ തോട്	2.5 km.	5 m.
2.	പുന്നയ്ക്കൽ തോട്	2 km.	10 m
3.	അഴീത്തോട് തോട്	2 km.	10 m
4.	തങ്കി പൊഴിക്കൽ തോട്	2.5 km.	10 m
5.	16-ാം മൈൽ തോട്	3.5 km.	10 m
6.	പണ്ടാരത്തൈ തോട്	2 km.	15 m
7.	കുരിശുങ്കൽ തോട്	2.5 km.	8 m
8.	വട്ടക്കര തൈക്കൽ തോട്	3 km.	10 m
9.	അകലാത്തോട്	3 km.	5 m
10.	മാളിയേക്കൽ പൊഴിച്ചാൽ തോട്	2.25 km.	10 m
11.	വട്ടക്കര പണ്ടാരത്തൈ തോട്	2.25 km.	10 m.
	ആകെ	27.5km.	

പട്ടിക ഒന്നിൽ പറഞ്ഞിരിക്കുന്ന ടാർ റോഡുകളിൽ 12.400 km. റോഡിന് VTC ഗ്രാൻറും 2.600 km.ന് VRM ഗ്രാൻറും ലഭിക്കുന്നുണ്ട്. 13.425 km. ഗ്രാവൽ റോഡിന് VRM ഗ്രാൻറും ലഭിക്കുന്നുണ്ട്. നിലവിലുള്ള ഗ്രാവൽ റോഡുകൾ ഗതാഗത യോഗ്യമല്ലാത്ത വിധത്തിൽ തകർന്നുകിടക്കുകയാണെന്നും അടിയന്തിരമായി റിപ്പയർ ചെയ്യണമെന്നുമാണ് ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നിട്ടുള്ള ആവശ്യങ്ങൾ.

വിശേഷാൽ ഗ്രാമസഭയിൽനിന്നും ഉയർന്നുവന്നിട്ടുള്ള പുതിയ റോഡുകൾ താഴെ പട്ടികയിൽ പെടുത്തുന്നു

വാർഡ്	പേര്	അളവ്
I	1. തൈക്കൽപള്ളി-തീരദേശ റോഡ്	1.000 കി.മീ.
	2. നീലുവേലിച്ചിറ-കടക്കരപ്പള്ളി	3.000 കി.മീ.
	3. വാർഡിന്റെ തെക്കേ അറ്റം പള്ളിമുക്ക് തീരം	1.000 കി. മീ.
	4. കോലപ്പശ്ശേരി-തീരദേശം	1.000 കി.മീ.
II	1. പാപ്പുപറമ്പ്-ബണ്ട് റോഡ്	1.200 കി.മീ.
	2. പുന്നയ്ക്കൽ പാലം- ബണ്ടു റോഡ്	0.200 കി.മീ.
	3. പാപ്പുപറമ്പ് പാലം റോഡ്-ബണ്ട് റോഡ്	0.800 കി.മീ.
	4. ബണ്ടു പാലം-ബീച്ച് റോഡ്	0.100 കി.മീ.

വാർഡ്	പേര്	അളവ്
III	1. ക്രിസ്തുരാജ് പള്ളി-അഴീത്തോട്	0.600 കി.മീ.
	2. ക്രിസ്തുരാജ് പള്ളി-പുന്നയ്ക്കൽപാലം	1.000 കി.മീ.
	3. ക്രിസ്തുരാജ് ജംഗ്ഷൻ-പട്ടണക്കാട് 9-ാം വാർഡ്	0.300 കി.മീ.
	4. എസ്.സി.എസ്. 1003ൽനിന്ന് പടിഞ്ഞാറോട്ട്	0.500 മീ.
IV	1. സെൻറ് റീത്താസ് ആശുപത്രി- പെരുവേലി പുരയിടം-പണ്ടാരത്തൈ	0.800 മീ.
	2. കണ്ടമംഗലം-വാഴത്തറ	0.200 മീ.
	3. കടക്കരപ്പള്ളി-കിഴക്കേ വെളി കോളനി	0.100 മീ.
	4. എസ്.എൻ.ഡി.പി. പട്ടണക്കാട് റോഡ്	0.500 മീ.
	5. കണ്ടമംഗലം-ഒതേകാട്ട് പാലം	0.600 മീ.
	6. പൂങ്കാവിൽ-വാഴത്തറ റോഡ്	0.800 മീ.
	7. പണ്ടാരത്തൈ-മാളിയേക്കൽ പറമ്പ്	0.500 മീ.
V	1. വാടപ്പുറം-ഒറ്റപ്പുന്ന റോഡ്	0.500 മീ.
	2. വാടപ്പുറം-പടിയത്ത്	0.600 മീ.
	3. തങ്കി റോഡ്-കിഴക്കേ കൊട്ടാരം	0.500 മീ.
VI	1. കണ്ടമംഗലം കൊല്ലാട്ട്	1 കി.മീ.
VII	1. തൈക്കൽ-കടക്കരപ്പള്ളി ചടയൻകാട്ട്	1.500 മീ.
	2. കൂട്ടുചിറ-അർത്തുങ്കൽ റോഡ്	0.500 മീ.
	3. ആലുങ്കൽ-കൊട്ടാരം-തൈക്കൽ കടക്കരപ്പള്ളി റോഡ് (കൂര്യാംപറമ്പ്)	1.000 കി. മീ.
	4. കണ്ടമംഗലം-കാവരത്തിക്കാട് വഴി പി.എസ്.പി. തൈക്കൽ റോഡ്	1.00 കി.മീ.
	5. കോർത്തുശ്ശേരി-കൈതക്കാട്	0.800 കി.മീ.
VIII	1. മാർക്കറ്റ് റോഡ്-ലക്ഷം വീട്	0.750 കി.മീ.
	2. തൈക്കൽപള്ളി-വടക്കേ വീട് കോളനി	1.000 കി.മീ.
	3. കൈതക്കാട് എസ്.എൻ.ഡി.പി. പുളുക്കി കോളനി	0.500 കി.മീ.
	4. നീലുവേലിച്ചിറ-പട്ടാണിശേരി കോളനി	0.750 കി.മീ.
	5. കുഞ്ഞിത്തൈ-വെള്ളപ്പനാട്	1.000 കി.മീ.
IX	1. നീലുവേലിച്ചിറ-പടിഞ്ഞാറെ വട്ടക്കര	0.500 കി.മീ.
	2. പൂവച്ചുപറമ്പ്-ഒറ്റമശ്ശേരി	0.275 കി.മീ.
	3. ആഞ്ഞിലിച്ചുവട്-പടിഞ്ഞാറെ വട്ടക്കര	0.500 കി.മീ.
	4. മാർത്താണ്ഡശേരി-പടിഞ്ഞാറെവട്ടക്കര	0.500 കി.മീ.

പഞ്ചായത്തിലെ വാഹനങ്ങൾ

സൈക്കിൾ	ഓട്ടോ	കാർ	ലോറി	യന്ത്രവൽകൃത വള്ളം
1238	42	18	32	52

ആരോഗ്യം

കുടിവെള്ളം

ആരോഗ്യമെന്നാൽ നമ്മുടെ ശാരീരികവും മാനസികവുമായ സുസ്ഥിതിയാണ്. ഈ ഒരു അവസ്ഥയ്ക്ക് ശുദ്ധജലവും, ശുദ്ധവായുവും പരിസര ശുചിത്വവും പോഷകാഹാരവും വിനോദവും മറ്റും ആവശ്യമാണ്. ഡോക്ടറും, ആശുപത്രിയും മരുന്നും വേണ്ടിവരുന്നത് ആരോഗ്യപരിപാലനത്തിനാണ്. ആരോഗ്യകരമായ അവസ്ഥയ്ക്ക് കുടിവെള്ളം പ്രധാനമാണ്.

പട്ടിക – 1

കടക്കരപ്പള്ളി പഞ്ചായത്ത് – കുടിവെള്ള സ്രോതസ്

വാർഡ്	ടാപ്പ്	കിണർ	കുഴൽ കിണർ
1	15	121	9
2	18	127	41
3	20	88	37
4	19	95	148
5	18	165	111
6	16	251	191
7	42	191	55
8	15	97	52
9	14	138	18

(അവലംബം പഞ്ചാ. സോഷ്യോ എക്കണോമിക് സർവെ)

ഈ പഞ്ചായത്തിലെ 43% ആളുകളും കുടിനീരിന് കുളങ്ങളേയും കിണറുകളേയുമാണ് ആശ്രയിക്കുന്നത്. ആകെയുള്ള 179 ടാപ്പുകളിൽ പലതും പ്രവർത്തനക്ഷമമല്ല. ശുദ്ധജല വിതരണത്തിന് ഒരു ലക്ഷത്തി പതിനയ്യായിരം ലിറ്റർ കപ്പാസിറ്റിയുള്ള ഒരു ടാങ്കും ഒരു കിണറും പഞ്ചായത്ത് കെട്ടിടത്തോട് ചേർന്ന് നിലവിലുണ്ട്. ആവശ്യമുള്ള സമയത്ത് അറ്റകുറ്റപ്പണികൾ നടത്താതിരുന്നതിനാൽ ശുദ്ധജല വിതരണം നേരത്തെ കാര്യക്ഷമമല്ലായിരുന്നു. ഇപ്പോൾ പഞ്ചായത്തിനുകൂടി നിയന്ത്രണമുള്ള രീതിയിൽ വാട്ടർ അതോറിറ്റി പ്രവർത്തിക്കുന്നതുകൊണ്ട് ജലം പാഴായി പോകാതിരിക്കുന്നു. എന്നാൽ ലൈനിലേക്ക് നേരിട്ട് പമ്പ് ചെയ്യുന്ന സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. ഇത് യഥാവിധി ജലം ക്ലോറിനേഷൻ നടത്തി ശുദ്ധി ചെയ്യുന്നതിന് തടസ്സമാണ്. ദൂരസ്ഥലങ്ങളിൽ വെള്ളം എത്തുന്നതിന് ടാങ്കിൽ ലോഡ് ചെയ്ത് വിതരണം നടത്തേണ്ടതുമാണ്. ഈ പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് കടലിനോടും പൊഴിച്ചാലിനോടും ചേർന്നു കിടക്കുന്ന ഒന്നും, രണ്ടും,, മൂന്നും വാർഡുകളിൽ പൂർണ്ണമായും 4, 7, 8, 9 വാർഡുകളിൽ ഭാഗികമായിട്ടുമാണ്.

അടുത്ത കാലത്തായി ഹരിജൻ കോളനികൾക്ക്, വാർഡ് മൂന്നിലും ഏഴിലും, -28 വാട്ടർ ടാപ്പുകൾ അനുവദിച്ചിരുന്നു. യുണിസേഫിന്റെ സഹായത്തോടെ ആധുനിക രീതിയിലുള്ള ചാമ്പ് പൈപ്പുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. കുടിവെള്ള ശൃംഖലയിലെ നമ്മുടെ 80 കിണറുകളിൽ പലതും

കാലപ്പഴക്കം കൊണ്ടോ ഓരുകയറ്റം കൊണ്ടോ ഉപയോഗശൂന്യമായിട്ടുണ്ട്.

ആകെ വീടുകളിൽ 57% വീടുകളിൽ ശുദ്ധജലം ലഭ്യമല്ല. ടാപ്പുകളുടെ എണ്ണം ക്രമാനുഗതമായി കൂട്ടുക. ശുദ്ധജല വിതരണം കാര്യക്ഷമവും വിപുലവുമാക്കുക. കൂടാതെ ജനപങ്കാളിത്തത്തോടെ ടാപ്പുകൾ കേടാകാതെയും ജലം പാഴായിപ്പോകാതെയും വിതരണം കാര്യക്ഷമമാക്കാവുന്നതാണ്.

ഗ്രാമ സഭയിൽ ഉയർന്നുവന്നിട്ടുള്ള ആവശ്യങ്ങൾ താഴെ കൊടുക്കുന്നു.

1. പഞ്ചായത്തിന് ഒരു പൂർണ്ണ ജലവിതരണ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുക.
2. നിലവിലുള്ള പൊതു കുളങ്ങൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.
3. പുതിയ പൊതു കിണറുകൾ സ്ഥാപിക്കുകയും പഴയവ ഉപയോഗ യോഗ്യമാക്കുകയും ചെയ്യുക.
4. കുളങ്ങളും കിണറുകളും കാലാകാലങ്ങളിൽ തേകി ശുദ്ധമാക്കുക.
5. കോളനികളിൽ ശുദ്ധജല വിതരണത്തിനുള്ള ഏർപ്പാടുണ്ടാക്കുക.

മേൽപ്പറഞ്ഞ ഉചിതമായ ആവശ്യങ്ങൾ നടപ്പിലാക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

ശുചിത്വം

ആരോഗ്യ പരിപാലനത്തിലെ പ്രധാന ഘടകങ്ങളിലൊന്നാണ് ശുചിത്വം. ഇതിൽ ജനങ്ങളുടെ മലമൂത്ര വിസർജ്ജനരീതി പൊതുജനാരോഗ്യത്തെ സാരമായി സ്വാധീനിക്കുന്നു.

നിലവിലുള്ള കക്കൂസുകൾ

E.S.P. ടൈപ്പ് കക്കൂസുകളാണ് ഗ്രാമ പ്രദേശത്ത് ബഹുഭൂരിഭാഗവും. ഇവ വർഷകാലത്ത് ജലനിരപ്പുയരുന്നതുമൂലം ഉപയോഗരഹിതമാകുന്നു എന്നു മാത്രമല്ല സമീപ പ്രദേശങ്ങളിലേക്കും വെള്ളക്കെട്ടുകളിലേക്കും ഇത് ഒഴുകി എത്തിച്ചേരുന്നുതു മൂലം പരിസര മലിനീകരണം ഉണ്ടാകുന്നു. മാരകമായ പല രോഗങ്ങളും പരത്തുന്നതിന് ഇപ്രകാരമുള്ള മലിനീകരണം സാദ്ധ്യമാകുന്നു. സ്ഥലപരിമിതിയിൽ താമസിക്കുന്ന ജനങ്ങളുടെ ഇത്തരം കക്കൂസുകൾ അടുത്തടുത്തു വരുന്നതിനാൽ ശുദ്ധജലത്തിനായി പ്രസ്തുത പ്രദേശങ്ങളിൽ കിണർ കുഴിക്കുന്നതിന് കഴിയാതെ വരുന്നു. സമയബന്ധിതമായി ഇത്തരം കക്കൂസുകൾ പൂർണ്ണമായും നീക്കം ചെയ്ത് സെപ്റ്റിക് ടാങ്കുകൾ സ്ഥാപിക്കേണ്ടതാണ്.

പഞ്ചായത്തിലെ 23% വീടുകൾക്ക് മാത്രമാണ് ശുചിത്വമുള്ള കക്കൂസുകൾ ഉള്ളത്. കക്കൂസുകൾ ഇല്ലാത്ത കുടുംബങ്ങളുടേയും, നാടൻ കക്കൂസുകൾ ഉപയോഗിക്കുന്ന കുടുംബങ്ങളുടേയും, പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്. തുറസ്സായ സ്ഥലത്തും ജലാശയങ്ങളിലും മലമൂത്ര വിസർജ്ജനം നടത്തുന്നത് പൊതുജനാരോഗ്യത്തെ സാരമായി ബാധിക്കുന്നതുകൊണ്ട് അതിനെതിരായി ബോധവൽക്കരണം നടത്തേണ്ടതും തടയേണ്ടതും ആവശ്യമാണ്. പൊട്ടിയൊലിക്കുന്ന കക്കൂസുകൾ ജലാശയങ്ങളിലേയ്ക്ക് തുറക്കുന്ന കക്കൂസുകൾ ഇവ ഗുരുതരമായ ജലമലിനീകരണത്തിന് ഇടയാക്കുന്നതിനാൽ അതിന്റെ അറ്റകുറ്റപ്പണികൾ എത്രയും വേഗം നടത്തേണ്ടതാണ്.

കോളനി നിവാസികൾക്ക് അനുയോജ്യമായ ശുചിയായ കക്കൂസ് സ്ഥാപിക്കേണ്ടതാണ്. കോളനികളിൽ ഓരോ കുടുംബത്തിനും ഓരോ മുറി ഉപയോഗിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്ന വിധത്തിൽ പൊതു കക്കൂസുകൾ ആരോഗ്യകരമാണ്. മാർക്കറ്റ്, ബസ് സ്റ്റോപ്പ് മുതലായ പൊതുസ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനത്തിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതും ശുചിയായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

കക്കൂസ് ഉപയോഗം

വാർഡ്	സെപ്റ്റിക് ടാങ്ക്	E.S.P.	കക്കൂസ് ഇല്ലാത്തവർ
1	21	111	262
2	157	148	214
3	91	160	150
4	118	216	292
5	119	207	68
6	238	116	111
7	79	300	105
8	73	283	237
9	75	262	80

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത്

കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

പ്രായം	നോർമൽ		ഒന്നാം ഗ്രേഡ്		രണ്ടാം ഗ്രേഡ്		മൂന്നാം ഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1 വയസ്സിൽ താഴെ	50	59	62	51	4	3	-	-
1-3 വയസ്സ്	101	87	99	104	21	27	-	-
3-6 വയസ്സ് (0-5) (3-5) വയസ്സ് കുട്ടികളുടെ തൂക്കം എടുക്കുന്നുണ്ട്.	84	102	97	92	13	28	1	-

1-ാം ഗ്രേഡ്: ലഘുവായ പോഷണക്കുറവുള്ളവർ.

2-ാം ഗ്രേഡ്: മിതമായ പോഷണക്കുറവുള്ളവർ.

3-ാം ഗ്രേഡ്: ഗുരുതരമായ പോഷണക്കുറവുള്ളവർ.

അവലംബം പി.എച്ച്.സി.

കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്

കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവയ്പ്പ്

കുട്ടികൾ	ബി.സി.ജി.	ഡി. പി. ടി.				പോളിയോ				ഡി. ടി.				മിസിൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 വയസ്സിൽ താഴെ	229	199	187	178	-	199	187	178	-	-	-	-	-	64
1 വയസ്സ് വരെ	439	439	439	439	339	439	439	439	339	-	-	-	-	432
3-6 വയസ്സ്	557	553	550	550	533	553	550	550	533	-	206	-	-	

ടൈറ്റനസ് ടോക്സോയിസ് (T. T.)

ഗർഭിണികൾ	1D	2D	BD
	105	64	-

പൊതുജനാരോഗ്യം

ജനങ്ങളുടെ ആരോഗ്യ സ്ഥിതിയുടെ കണക്കുകൾ പരിശോധിച്ചാൽ 'കടക്കരപ്പള്ളിയും' ഏതാണ്ട് പൊതുസ്ഥിതിയോടൊത്തു ചേരുന്നുണ്ട്. ആയുർദൈർഘ്യം, ജനന നിരക്ക്, മരണ നിരക്ക്, ശിശു മരണ നിരക്ക്, മാതൃ മരണനിരക്ക്, പ്രാഥമികാരോഗ്യ കേന്ദ്രത്തിലോ, ഗ്രാമ പഞ്ചായത്തിലോ പൂർണ്ണമായി ലഭ്യമാകുന്ന രീതിയിലല്ലാ ഇന്നത്തെ സംവിധാനം. ഗ്രാമ പഞ്ചായത്തിന് പുറത്ത് നടക്കുന്ന സ്ഥിതി വിവരണക്കണക്ക് സംക്ഷിപ്തമായിട്ടുപോലും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ എത്തിക്കാത്തതാണ് ഇതിന് കാരണം. ഇതിന് ഒരു മാറ്റമുണ്ടാവണം. ആയുർദൈർഘ്യം കൂടുന്നു എന്ന് കണക്കുകൾ തെളിയിച്ചിട്ടും ഈ ഗ്രാമ പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രിയോ ഹോമിയോ ആശുപത്രിയോ ഇല്ല. എന്നാൽ വിവിധ സ്ഥലങ്ങളിൽ സ്വകാര്യ വ്യക്തികൾ ആയുർവേദ - ഹോമിയോ സ്ഥാപനങ്ങൾ സ്ഥാപിച്ച് നടത്തിവരുന്നത് ജനങ്ങൾക്ക് സാമ്പത്തികചെലവ് വർദ്ധിപ്പിക്കുന്നുണ്ടെങ്കിലും ചികിൽസക്ക് ആശ്വാസം ഈ രംഗത്ത് കണ്ടെത്തുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ദിനംപ്രതി വരുന്ന ഒ.പി. വിഭാഗം രോഗികളെ ഒന്ന് നിരീക്ഷിക്കുന്നതിനോ, അതുകഴിഞ്ഞ് കിടത്തി ചികിൽസിക്കുന്നതിനോ സൗകര്യപ്രദമായ ഒരു സംവിധാനവുമില്ല. കയർ ഉൽപ്പാദന - വിപണന കേന്ദ്രമായ കടക്കരപ്പള്ളിയിൽ കയർ തൊഴിലാളികളുടെ ചികിൽസയ്ക്ക് മറ്റു കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതുപോലെ 8-10 കിടക്കകളുടെ ഒരു വാർഡ് സ്ഥാപിച്ചാൽ ഈ ദു:സ്ഥിതിക്ക് ഒരു പരിഹാരമാവും. ഏറ്റവും അടുത്തുള്ള സർക്കാർ ആശുപത്രിയിലേയ്ക്ക് 8-10 കിലോമീറ്റർ യാത്ര ചെയ്യണം ഈ ആനുകൂല്യം ലഭ്യമാക്കാൻ. ജനസംഖ്യാ വർദ്ധനവിനനുസരിച്ച് ചികിൽസാ സൗകര്യം ഗ്രാമ പ്രദേശത്ത് കൂടുതൽ കാര്യക്ഷമമാക്കണം. 1963ന് ശേഷം ഒരു ഫാമിലി വെൽഫയർ സെൻറർ പോലും സ്വന്തം സ്ഥലത്ത് സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ലാ എന്നത് ഒരു സത്യം മാത്രമാണ്. ചുവടെ ചേർക്കുന്ന പട്ടിക വ്യക്തമാകുന്നു.

കടക്കരപ്പള്ളി പഞ്ചായത്തിലെ പൊതു സ്ഥാപനങ്ങൾ

പ്രാഥമികാരോഗ്യ കേന്ദ്രം - 1
ആകെ ജീവനക്കാർ - 14
മാതൃ ശിശു സംരക്ഷണ കേന്ദ്രം - 4
ആകെ ജീവനക്കാർ - 4

നമ്പർ	സ്ഥാപനങ്ങൾ	ഇനം	കെട്ടിടം സ്വന്തം/വാടക	സ്ഥാപിച്ച വർഷം	ജീവനക്കാർ
1.	P.H.C. കടക്കരപ്പള്ളി	P.H.C.	സ്വന്തം	1968	14
2.	മാതൃശിശു സംരക്ഷണ കേന്ദ്രം W. മെയിൻ സെൻറർ, W.4, W. 3	,,	P.H.C.	,,	1
3.	P.H. Centre - W IV	F.W.C.	സ്വന്തം	1963	1
4.	,, W. 8	,,	വാടക	,,	1
5.	,, W. I	,,	വാടക	,,	1

സ്ത്രീകളുടേയും, കുഞ്ഞുങ്ങളുടേയും ആരോഗ്യ പ്രശ്നം പരിഹരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള J. P.H. ന് സൗകര്യപ്രദമായി ജോലി ചെയ്യാനോ, താമസിക്കാനോ, സൗകര്യങ്ങളില്ല. കെട്ടിടങ്ങളുടെ പോരായ്മ പ്രവർത്തന രംഗങ്ങളുടെ ഗുണനിലവാരത്തെ സാരമായി ബാധിക്കുന്നുണ്ട്.

ജില്ലയിൽ പൊതുവെ പകർച്ചവ്യാധി രോഗങ്ങൾ ബാധിക്കുന്നത് ഈ പ്രദേശത്തും ബാധിക്കുന്നുണ്ട്. ജലജന്യം, വായുജന്യം, പ്രാണിജന്യം തുടങ്ങിയ രോഗങ്ങൾ തടയാൻ ഫലപ്രദമായ നടപടികൾ രോഗാരംഭത്തിൽ തന്നെ സ്വീകരിക്കണം. ജനപങ്കാളിത്തത്തോടെ, പ്രത്യേകിച്ച് വനിതകളെ സംഘടിപ്പിച്ച് ആരോഗ്യരംഗത്ത് ബോധവൽക്കരണത്തിലൂടെ മെച്ചപ്പെട്ട ആരോഗ്യ സമ്പാദനം സാധിക്കാവുന്നതാണ്.

P.H. Centre പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെ ആരോഗ്യ കേന്ദ്രമായി മാറുന്നതിനുള്ള പ്രവർത്തനം ആവിഷ്ക്കരിക്കണം.

a) വാർഡ് തലത്തിൽ രണ്ടു വനിതകളെ വീതം സംഘടിപ്പിച്ച് ട്രെയിനിംഗ് നൽകി ആരോഗ്യ സമിതി രൂപീകരിച്ച് പ്രവർത്തിപ്പിക്കുക.

b) സമൂഹത്തിലെ വൃദ്ധജനങ്ങൾക്ക് - മുഖ്യമായും ആശ്രിത വിഭാഗങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിന് വയോജന കേന്ദ്രം സ്ഥാപിച്ച് മാനസികവും, ശാരീരികവുമായ പ്രശ്നങ്ങൾക്ക് പ്രത്യേകം പരിശീലനം നേടിയവരെ ഉപയോഗിച്ച് പദ്ധതികൾ രൂപപ്പെടുത്തുക.

c) മെച്ചപ്പെട്ട ആരോഗ്യ സമ്പാദനത്തിന് ഹാനികരമായ പുകവലി, മുറുക്ക്, പാൻ മസാല, മദ്യപാനം, കഞ്ചാവ്, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം ബോധവൽക്കരണത്തിലൂടെ ഇല്ലാതാക്കാൻ ശ്രമിക്കുക.

d) മന്തു രോഗ നിവാരണത്തിന് രാത്രികാലങ്ങളിൽ രക്തപരിശോധന നടത്തി രോഗസാദ്ധ്യതയുള്ളവർക്ക് മരുന്ന് നൽകി സഹായിക്കുക.

e) രക്തദാനം, നേത്രദാനം നടത്തുന്നതിന് സന്നദ്ധ സംഘടനകളുമായി സഹകരിച്ച് ബോധവൽക്കരണത്തിലൂടെ പ്രവർത്തിച്ച് കുറ്റമറ്റതാക്കുക.

f) പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഇല്ല. വീടുകളുടെ എണ്ണം വർദ്ധിക്കുന്നതോടൊപ്പം ജനസാന്ദ്രതയും വർദ്ധിക്കുന്നു. അതുകൊണ്ട് പൊതു ശ്മശാനം ആവശ്യമായി വരുന്നു. മറ്റു സൗകര്യങ്ങൾ എല്ലാം പരിശോധിച്ച് ശ്മശാനം എത്രയും വേഗം സ്ഥാപിക്കണം.

g) ജനങ്ങളുടെ പ്രത്യേകിച്ച് യുവജനങ്ങളുടെ കായിക പരിശീലനത്തിനും, യോഗാഭ്യാസത്തിനും വേണ്ടി ഒരു കേന്ദ്രവും കളിസ്ഥലവും സജ്ജമാക്കുക. അങ്ങിനെയെങ്കിൽ "ആരോഗ്യ ഗ്രാമമായി" മാറ്റാൻ കഴിയുന്നതാണ്.

ഏറ്റവും അടിത്തട്ടിലുള്ളവർക്കുപോലും
ഇത് എന്റെ നാടാണെന്നും, ഇതിന്റെ നിർമ്മിതിയിൽ
എനിക്കും പങ്കുണ്ടെന്നും ബോദ്ധ്യമാവണം - അതാണ്
'ഗ്രാമസ്വരാജി'ലേയ്ക്കുള്ള വഴി.

-ഗാന്ധിജി.



പാർപ്പിടം

എട്ട് പഞ്ചവൽസര പദ്ധതികൾ കഴിഞ്ഞിട്ടും നമ്മുടെ ജനതയുടെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. 9-ാം പഞ്ചവൽസര പദ്ധതിയിൽ പാർപ്പിടം സാമൂഹിക ക്ഷേമം എന്നിവയ്ക്കായി അടിയന്തിര ശ്രദ്ധ വേണ്ടിയിരിക്കുന്നു. ഒരുവശത്ത് കൊട്ടാര സദൃശ്യമായ മണിമാളികകളും മറുവശത്ത് അവ സ്വപ്നം കാണാൻപോലും കഴിയാത്ത സാധാരണക്കാരുടെ കുടിലുകളും ഈ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലെ സാധാരണക്കാരന് വീട് ദുഷ്ക്കരമായ ഒരു അവസ്ഥാവിശേഷമായി മാറിയിരിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ സർക്കാരിന്റെ വിവിധ ഏജൻസികൾ വഴി കുറെ വീടുകൾ നമ്മുടെ ഗ്രാമത്തിൽ നിർമ്മിച്ചിട്ടുണ്ട്. ജെ. ആർ. വൈ., അൺടൈഡ് ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി നാൽപ്പതിൽപ്പരം വീടുകൾ നിർമ്മിച്ചിട്ടുണ്ട്. വിവിധ ഭവന നിർമ്മാണ പദ്ധതികളിൽക്കൂടി പാർപ്പിട പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമായിട്ടുണ്ടെങ്കിലും ലക്ഷം വീട് കോളനികളിലും സർക്കാർ ഏറ്റെടുത്ത് പഞ്ചായത്തുവഴി വിതരണം നടത്തിയിട്ടുള്ള ഭൂരഹിത കർഷകത്തൊഴിലാളി ഫ്ളോട്ടുകളിലും കൊച്ചു കുടിലുകളിൽ ജനങ്ങൾ അധിവസിക്കുന്നു. നൽകിയ ലക്ഷം വീടുകൾ പുനർനിർമ്മാണഘട്ടം കഴിഞ്ഞവയാണ്. പരിധികഴിഞ്ഞ കുടുംബാംഗങ്ങളുടെ അംഗസംഖ്യാ വർദ്ധനവും പാർപ്പിടക്കാര്യത്തിൽ ഒരു പ്രശ്നമാണ്.

കൈരളി ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി പഞ്ചായത്തിൽ 45 വീടുകൾ നിർമ്മിച്ചുവരുന്നു. വിവിധ ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി (എം. ഐ. ജി- രാജീവ് ദശലക്ഷ പദ്ധതി മുതലായവ) പദ്ധതിയിൽപ്പെടുത്തി വീടുകൾ നിർമ്മിക്കുന്നതിന് വലിയ സംഭാവനകൾ ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ഈ രംഗത്തെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുവാനുള്ള പഞ്ചായത്തിന്റെ ശ്രമങ്ങൾ ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. ഈ പഞ്ചായത്തിന്റെ ഒൻപത് വാർഡുകളിലായി 4404 വീടുകൾ ഉണ്ട്. അതിൽ 587 കുടിലുകളും 396 ഓലമേഞ്ഞ വീടുകളും 2533 ഓടുമേഞ്ഞ വീടുകളും 392 കോൺക്രീറ്റ് വീടുകളും ഉണ്ട്. ഇതിൽനിന്ന് നമ്മുടെ പഞ്ചായത്തിലെ പാർപ്പിട സൗകര്യത്തിന്റെ ചിത്രം മനസ്സിലാക്കാവുന്നതാണ്. മുഴുവൻ കുടിലുകളും അടിയന്തിരമായി ഭവന നിർമ്മാണ പദ്ധതികളിൽപ്പെടുത്തേണ്ടതുണ്ട്.


സാധാരണക്കാരൻ വീട് ഉണ്ടാക്കാൻ നിശ്ചയിച്ചാൽത്തന്നെ ഒരു വലിയ കടമ്പയായി മാറുകയാണ് പതിവ്. തുടങ്ങിയ ഭവന നിർമ്മാണം പൂർത്തിയാക്കാനാവാത്തവ ധാരാളമുണ്ട്. ഇതിൽ ഒരുപിടി കാര്യങ്ങളുണ്ട്. ഒന്നാമതായി കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാധന സാമഗ്രികളുടെ അനിയന്ത്രിതമായ വിലവർദ്ധനവ്, പരിധിവിട്ട് കൂലി കൊടുക്കേണ്ടിവരുന്ന അവസ്ഥ, വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം, കൂടാതെ ഭവന നിർമ്മാണത്തിനാവശ്യമായ ഭൂമിയുടെ ഭാരിച്ച വിലവർദ്ധനവ്, ലോണുകളായി ലഭിക്കുന്ന തുക നിർമ്മാണം പൂർത്തിയാക്കാൻ തികയാത്തതും മറ്റൊരു പ്രധാന പ്രശ്നമാണ്.

ചതുപ്പുനിലങ്ങളും അതുപോലുള്ള മറ്റ് പ്രദേശങ്ങളും വാങ്ങി നിവർത്തി വീടുവയ്ക്കുന്നതുകൊണ്ടും കാലവർഷക്കെടുതിയും വെള്ളപ്പൊക്ക ഭീഷണിയും ഉണ്ടാകുന്നതുകൊണ്ടും നിർമ്മിക്കുന്ന വീടുകൾക്ക് ബലഷയവും ഉണ്ടാകുന്നുണ്ട്. സഞ്ചാര സൗകര്യത്തിനുള്ള വഴികൾ ഇല്ലാത്തത് പ്രധാന പ്രശ്നങ്ങളിലൊന്നാണ്. ഇതിന് പരിഹാരം കാണേണ്ടതുണ്ട്.

ജനങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തത് മറ്റൊരു പ്രശ്നമാണ്. ജനങ്ങളെ ബോധവാൻമാരാക്കി പദ്ധതിയെ കാര്യക്ഷമമാക്കണം. സർക്കാരിന്റെ പല ഭവന നിർമ്മാണ പദ്ധതികളും അപേക്ഷ നൽകിയവർക്ക് നിർമ്മാണ ശേഷവും സ്വത്തിന്റെ ആധാരം തിരിച്ചുകിട്ടാൻ പ്രയാസം അനുഭവപ്പെടുന്നുണ്ട്. ഇത് പദ്ധതികളോടുള്ള ജനങ്ങളുടെ വിമുഖതക്ക് കാരണമാകുന്നു.

നിർദ്ദേശങ്ങൾ

1. ഭവന നിർമ്മാന പദ്ധതിയുടെ നടപടിക്രമം ലഘൂകരിച്ച് സാധാരണക്കാരന്റെ വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുക.



2. പഞ്ചായത്തുതന്നെ പുതിയ ഭവന നിർമ്മാണ പരിപാടികൾ ആവിഷ്ക്കരിക്കുക.
3. വിവിധ ഭവന നിർമ്മാണ ഏജൻസികളുടെ തവണ വ്യവസ്ഥയിലെ വീട് നിർമ്മാണത്തിനുള്ള അധികാരം പഞ്ചായത്തിനെ ഏൽപ്പിക്കുക.
4. ചിലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് നിർമ്മിതിപോലുള്ള ഏജൻസികളെ പരമാവധി ഉപയോഗിക്കുക.
5. കെട്ടിക നിർമ്മാണ നിയന്ത്രണ ചട്ടം നടപ്പിലാക്കുക.
6. മുഴുവൻ കുടിലുകളും ഒരു സമയബന്ധിത പരിപാടിയിൻകീഴിൽ സ്ഥിരം വീടുകളാക്കി മാറ്റുക.
7. ഘട്ടം ഘട്ടമായി ഓലമേഞ്ഞ വീടുകൾക്ക് ഓടുമേയുന്നതിനുള്ള സഹായധനം ലോണായി നൽകുക.
8. എല്ലാ ലക്ഷം വീടുകളും അടിയന്തിരമായി പുനർനിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുക.
9. ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പൊതുസഞ്ചാര സൗകര്യവും ജല നിർഗമന സൗകര്യവും കർശനമായി നടപ്പാക്കുക.

★❀★



വനിതാ ക്ഷേമം

പല പരാധീനതകൾക്കും നടുവിൽ അഭിമാനിക്കാവുന്ന ഏറെ നേട്ടങ്ങൾ കൊയ്ത സംസ്ഥാനമാണ് കേരളം. നമുക്ക് ലഭ്യമായ നേട്ടങ്ങളുടെ അർഹമായ പങ്ക്, ജനസംഖ്യയിൽ പകുതിയിലേറെ വരുന്ന സ്ത്രീകൾക്ക് ലഭ്യമായിട്ടില്ല എന്ന വസ്തുത നമുക്ക് ഭൂഷണമല്ല. സമൂഹം നേരിടുന്ന വെല്ലുവിളികളുടെ തീഷ്ണമായ അനുഭവം പുരുഷന്മാരേക്കാൾ സ്ത്രീകൾക്കാണ് നേരിടേണ്ടിവരുന്നത്.

സ്ത്രീക്ക് തുല്യ പരിഗണന നൽകാൻ വിമുഖത കാട്ടിയ ചരിത്രമാണ് നമ്മുടെ സംസ്ഥാനത്തിനുള്ളത്. അനീതികൾ നിറഞ്ഞ ആ പൂർവ ചരിത്രം കറുത്ത അദ്ധ്യായം തന്നെയാണ്. നമ്മുടെ നാട്ടിൽ നിലവിലുണ്ടായിരുന്ന ഫ്യൂഡൽ സമ്പ്രദായം, പുരുഷ മേധാവിത്വത്തെ പ്രോൽസാഹിപ്പിക്കുന്നതും, സ്ത്രീകളോട് അനീതി കാട്ടുന്നതുമായിരുന്നു. ബാല്യ വിവാഹവും, ബഹുഭാര്യത്വവും, സ്ത്രീകളെ അടിമകളാക്കി വയ്ക്കുവാനുള്ള പ്രോൽസാഹനം നൽകിപ്പോന്നു.

യാഥാസ്ഥിതിക മതവിശ്വാസികളുടെയും നാടുവാഴികളുടെയും, ഭൂപ്രമാണിമാരുടെയും കടുത്ത എതിർപ്പിനെ നേരിട്ടുകൊണ്ട് കേരളത്തിലും പൊതുവേ ഇന്ത്യാ രാജ്യത്തും നവോത്ഥാന പ്രസ്ഥാനങ്ങൾ നിലവിൽ വന്നു. അത്തരം നവോത്ഥാന സംരംഭങ്ങളുടെ ചരിത്രത്തിൽ കേരളത്തിന് അനിഷേധ്യമായ സ്ഥാനമാണുള്ളത്.

1827-ൽ പാസാക്കിയ സതി നിരോധന നിയമവും, 1856-ൽ പാസാക്കിയ വിധവാ വിവാഹ നിയമവും സ്ത്രീകളുടെ അവകാശങ്ങളെ അംഗീകരിച്ച സുപ്രധാന തീരുമാനങ്ങളായിരുന്നു. നമ്മുടെ സംസ്ഥാനം 9-ാം പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്ന പ്രധാന പ്രശ്നം സ്ത്രീകളുടെ ഉന്നമനമാണ്. കേരളം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നുകൂടിയാണ് പ്രസ്തുത പ്രശ്നം.

സ്ത്രീ-വിദ്യാഭ്യാസ നില	
S.S.L.C	6003
P.D.C	749
സാങ്കേതിക വിദ്യ (ITI, Typewriting, Nursing, etc.)	107
ബിരുദം	332
ബിരുദാനന്തര ബിരുദം	82

സ്ത്രീ-തൊഴിൽ	
കാർഷിക മേഖല	206
കയർ മേഖല	2320
മൽസ്യം	61
ഗൃഹ ഭരണം	1779
സ്ഥിര വരുമാനക്കാർ	245
മറ്റ് ജോലിക്കാർ	494

നമ്മുടെ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തും, ആതുര സേവന മേഖലയിലും, സ്ത്രീകൾക്ക് പ്രമുഖ സ്ഥാനമുണ്ടെങ്കിലും നാമമാത്രമാണ്. നിലവിലുള്ള ഉദ്യോഗസ്ഥരിൽ ചില മേഖലകളിൽ സ്ത്രീ അനുപാതം കൂടുതൽ കാണാമെങ്കിലും നമ്മുടെ പഞ്ചായത്തിൽ തൊഴിലില്ലായ്മ മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന വിദ്യാസമ്പന്നരായ സ്ത്രീകൾ കൂടുതലാണ്.

കയർ നിർമ്മാണ രംഗത്തും മറ്റും സ്ത്രീകളുടെ പങ്ക് നിസ്തുലമാണ്. എന്നാൽ, 1991-ലെ സെൻസസ് പ്രകാരം ജനസംഖ്യയിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ് എങ്കിലും പണിയെടുക്കുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ് എന്ന് കാണുന്നു. പുരുഷന്മാരേക്കാൾ തൊഴിലവസരം സ്ത്രീകൾക്കുണ്ട്. തുണിനെയ്ത്ത്, കയർ നിർമ്മാണം, തയ്യൽ തുടങ്ങിയ മേഖലകളിൽ കൂടുതൽ സ്ത്രീകൾ മുന്നോട്ട് വരേണ്ടതുണ്ട്. സ്ത്രീകളുടെ തൊഴിൽ മേഖലയിലെ കുറവിന് ശാസ്ത്രീയമായ പഠനവും പരിഹാരവും കണ്ടെത്തേണ്ടതാണ്.

പഞ്ചായത്ത് സോഷ്യൽ എക്കണോമിക്സ് സർവ്വേ

No	ഇന വിവരം	പുരുഷന്മാർ	സ്ത്രീകൾ	ആകെ
1.	ജനസംഖ്യ	8820	9192	18012
2.	കാർഷികവൃത്തി	523	206	729
3.	സ്ഥിരം ജോലിക്കാർ	479	245	724
4.	കയർത്തൊഴിലാളികൾ	457	2320	2777
5.	വ്യാപാരികൾ	158	12	170
6.	മറ്റുള്ളവർ	1604	494	2098
7.	മൽസ്യത്തൊഴിലാളികൾ	1280	61	1341

വനിതാ സംഘടനകളുടെ പ്രവർത്തനം

വനിതാ സംഘടനകളുടെ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ കുറേക്കാലം മുമ്പ് സജീവമായിരുന്നെങ്കിലും ഇപ്പോൾ സജീവമല്ല. 71 വർഷം പഴക്കമുള്ള ഹിന്ദു വനിതാ സമാജത്തിന്റെ യൂണിറ്റ് കടക്കരപ്പള്ളിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ നിർജീവമാണ്.

സ്ത്രീകൾക്ക് സംവരണം

പുതിയ പഞ്ചായത്ത് രാജ് വ്യവസ്ഥയിൽ സ്ത്രീകൾക്ക് മൂന്നിൽ ഒന്ന് സംവരണം വ്യവസ്ഥ ചെയ്തിട്ടുള്ളത് തികച്ചും സ്വാഗതാർഹമാണ്. പുതിയ ഈ ഭരണ വ്യവസ്ഥയുടെ ഫലമായി സ്ത്രീകൾക്ക് സാമൂഹിക, രാഷ്ട്രീയ രംഗങ്ങളിൽ കടന്നുവന്ന്, അർഹമായ പ്രാതിനിധ്യം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ, ചുമതലകൾ നിർവഹിക്കാൻ സ്ത്രീകൾ പ്രാപ്തരാകുകയും, അങ്ങനെ അവരുടെ പദവി ഉയരുവാനുള്ള സാഹചര്യം സ്വയം ഉണ്ടാക്കുകയും വേണം.

പ്രശ്നങ്ങളും സാദ്ധ്യതകളും

1. വിദ്യാ സമ്പന്നരായവർ പുരുഷന്മാരേക്കാൾ സ്ത്രീകളാണ് കൂടുതൽ. പക്ഷേ, പലരും വീട്ടമ്മമാരായി ഒതുങ്ങിക്കഴിയുകയാണ്. വീട്ടിലും സമീപ പ്രദേശങ്ങളിലും ഒതുങ്ങിനിന്നുതന്നെ സൗകര്യപ്രദമായി ചെയ്യാവുന്ന ഒത്തിരി തൊഴിൽ മേഖലകളുണ്ട്. തയ്യൽ, ആട് - പശു വളർത്തൽ, പാൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ഗാർമെന്റ് നിർമ്മാണം, കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയവ സ്ത്രീകൾക്ക് ഒറ്റയ്ക്കും, കൂട്ടായും സഹകരണാടിസ്ഥാനത്തിലും ചെയ്യാവുന്ന തൊഴിൽ മേഖലകളാണ്. മേൽപ്പറഞ്ഞ വ്യവസായങ്ങൾക്ക് സർക്കാരിൽ നിന്ന് ധനസഹായം ലഭിക്കാനുള്ള സാദ്ധ്യതകളുണ്ട്.

2. ആധുനിക സംസ്ക്കാരത്തിന്റെ ജീർണ്ണത നിമിത്തം, പുത്തൻ തലമുറയിലെ പെൺകുട്ടികളിൽ അപകർഷതാ ബോധത്തിൽ അധിഷ്ഠിതമായ പല തെറ്റായ പ്രവണതകളും കടന്നുകൂടിയിട്ടുണ്ട്. ഗൃഹജോലിയിലും മറ്റു തൊഴിലുകളിലും ഏർപ്പെടുന്നത് വളരെ മോശപ്പെട്ട കാര്യമാണെന്ന ചിന്ത പുതിയ തലമുറയിൽ വളരെ കൂടുതലാണ്. ശക്തമായ ബോധവൽക്കരണത്തിലൂടെ മാത്രമേ ഇതിന് ഒരു പരിഹാരമുണ്ടാകൂ.

3. സ്വന്തം കഴിവും ശക്തിയും വേണ്ടത്ര ബോദ്ധ്യപ്പെടാത്തതാണ് സ്ത്രീകളുടെ മറ്റൊരു പ്രശ്നം. വെല്ലുവിളികൾ ഏറ്റെടുക്കാൻ സ്ത്രീകൾ പൊതുവെ മടികാണിക്കുന്നു. ഉന്നമനത്തിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ബോധവൽക്കരണവുമാണ് ഇതിനുള്ള പോംവഴി.

4. തൊഴിൽ ചെയ്യുന്നത് കുടുംബ ഭരണത്തിന് ഒരു തടസ്സമായി പല സ്ത്രീകൾക്കും അനുഭവപ്പെടുന്നു. ഭക്ഷണം പാകംചെയ്യുകയും മാതാപിതാക്കളേയും കുട്ടികളേയും സംരക്ഷിക്കുന്നതിനു പുറമെ തൊഴിലിനായി വീടുവിട്ടുപോകുന്ന സ്ത്രീകളുടെ അവസ്ഥ വളരെ പരിതാപകരമാണ്. ഗൃഹഭരണം സ്ത്രീകളുടെ മാത്രം തൊഴിലല്ല എന്നും അത് പുരുഷനുകൂടി വിഭജിച്ച് നൽകുന്നത്, തെറ്റോ നാണക്കേടോ ആണെന്ന ധാരണ ശരിയല്ലെന്നുമുള്ള ബോധം ഉണ്ടാകേണ്ടിയിരിക്കുന്നു.

5. സാമ്പത്തിക ബുദ്ധിമുട്ടുമൂലം അന്യദേശങ്ങളിൽ തൊഴിൽ അന്വേഷിച്ച് പോകുന്ന സ്ത്രീകൾക്ക് സന്മാർഗിക പ്രവർത്തനങ്ങൾക്കും പീഡനങ്ങൾക്കും ഇരയാകേണ്ടിവരുന്ന സാഹചര്യങ്ങളും ഇല്ലാതില്ല. ഇത്തരം പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരം കാണാനാവുമെന്ന് ചർച്ച ചെയ്ത് തീരുമാനിക്കണം. ചൂഷണം ചെയ്യുന്ന ഏജൻസികളെയും വ്യക്തികളെയും തിരിച്ചറിഞ്ഞ് ശക്തമായ നടപടിയെടുക്കാൻ സന്നദ്ധ സംഘടനകൾ നേതൃത്വം ഏറ്റെടുക്കണം.

പരിഹാര നിർദ്ദേശങ്ങൾ

1. വനിതകളുടെ അഭിരുചിക്കും, അവരുടെ സാഹചര്യങ്ങൾക്കും അനുസൃതമായ തൊഴിൽ മേഖലകൾ കണ്ടുപിടിക്കുകയും അതിനാവശ്യമായ സാങ്കേതിക പരിശീലനവും പ്രചാരണവും സംഘടിപ്പിച്ച് ഈ രംഗത്തെ കാര്യക്ഷമമാക്കണം.

2. മൽസ്യ സംസ്ക്കരണ, തയ്യൽ യൂണിറ്റുകൾ സ്ഥാപിച്ച് നടപ്പാക്കുക.

3. വനിതാ കയർ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

4. പുല്ല് ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളും ചവിട്ടികളും സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.

★✪★



മൽസ്യബന്ധനം

കടക്കരപ്പള്ളി പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗം ഏകദേശം 4 കിലോമീറ്റർ നീളത്തിൽ കടലോരമാണ്. കടലോരത്തുനിന്നും അര കിലോമീറ്റർ കിഴക്ക് 2.5 കിലോമീറ്ററോളം പൊഴി ഉൾപ്പെടെ 27.5 കിലോമീറ്റർ നീളത്തിൽ ഉൾനാടൻ ജലാശയങ്ങൾ, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപിച്ചുകിടക്കുന്നു.

കടൽ മൽസ്യബന്ധനവുമായി ബന്ധപ്പെട്ട് 1296 പേർ പ്രവർത്തിക്കുന്നു. ഉൾനാടൻ മൽസ്യബന്ധനവുമായി ബന്ധപ്പെട്ട് 45 ഓളം മൽസ്യത്തൊഴിലാളികൾ പ്രവർത്തിക്കുന്നു. കയർ മേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ പണി ചെയ്യുന്നത് മൽസ്യബന്ധന മേഖലയിലാണ്.

കടലിൽ നിന്നും പ്രധാനമായും അയില, മത്തി, ചെമ്മീൻ, ചൂടൻ, സ്രാവ് എന്നിങ്ങനെ പലവക മീനുകളാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. ജനുവരി മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ അയില, മത്തി, ചൂടൻ എന്നീ മൽസ്യങ്ങളും, സെപ്റ്റംബർ മുതൽ ഡിസംബർ വരെ മാസങ്ങളിൽ അയില, മത്തി, സ്രാവ്, ആകോലി എന്നീ മൽസ്യങ്ങളും കൂടാതെ അയില കുടുക്ക, ഞണ്ട് എന്നിവയുമാണ് കിട്ടുന്നത്.

പുഴയിൽ നിന്ന് പ്രധാനമായി കരിമീൻ, ചെമ്മീൻ, തിലോപ്പിയ, കണ്ണി, ഞണ്ട് എന്നിവയും ഉൾനാടൻ ജലാശയങ്ങളിൽ നിന്ന് വരാൽ, ചെമ്പല്ലി, കാരി, കൂരി എന്നിവയും ലഭിക്കുന്നു.

കടക്കരപ്പള്ളി മൽസ്യത്തൊഴിലാളി ക്ഷേമ സംഘം എന്ന പേരിൽ കുറ്റമശ്ശേരിൽ 2-7-93 മുതൽ പ്രവർത്തിക്കുന്ന ഈ സംഘത്തിൽ ഇപ്പോൾ 484 തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്.

ഇവിടെ പിടിക്കുന്ന മൽസ്യം പ്രധാനമായും മറ്റ് സ്ഥലങ്ങളിലേക്കാണ് കൊണ്ടുപോകുന്നത്. പഞ്ചായത്തിലെ തൈയ്ക്കൽ ബീച്ചിലാണ് മൽസ്യം പിടിച്ചുകൊണ്ടവരുന്ന വള്ളങ്ങൾ അടുപ്പിക്കുന്നത്. ഈ തീരപ്രദേശത്ത് 60 യന്ത്രം ഘടിപ്പിച്ച വള്ളങ്ങളും 10 നാടൻ വള്ളങ്ങളും ഉപയോഗിച്ചാണ് മൽസ്യബന്ധനം നടത്തിവരുന്നത്. നാടൻ വള്ളങ്ങളുടെ എണ്ണം കുറഞ്ഞുവരികയാണ്. പ്രധാനമായും മൽസ്യം വിറ്റുവരുന്ന രണ്ട് വിപണന കേന്ദ്രങ്ങളാണ് നമുക്കുള്ളത്. ഇതിൽ തൈക്കൽ മാർക്കറ്റ് പഞ്ചായത്തുവകയും, കടക്കരപ്പള്ളിയിൽ സ്ഥിതി ചെയ്യുന്ന മാർക്കറ്റ് സ്വകാര്യ മേഖലയിലുമാണ്.

വളരെയേറെ സാദ്ധ്യതകളുള്ള ശുദ്ധജല മൽസ്യക്കൃഷി, ഓരുജല ചെമ്മീൻ കൃഷി എന്നിവയിൽ കാര്യമായ ഒരു ചലനവും ഇക്കാലമത്രയും ഉണ്ടായിട്ടില്ല. സാദ്ധ്യതകളുണ്ടെങ്കിലും മൂന്ന് ചെമ്മീൻ വളർത്ത് കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്. ശുദ്ധജല മൽസ്യക്കൃഷി ഒന്നുംതന്നെയില്ല. സ്വാഭാവികമായി വളരുന്ന മൽസ്യങ്ങൾ മാത്രമാണ് വിപണിയിലെത്തുന്നത്. 1, 2, 3, 8 എന്നീ വാർഡുകളിലാണ് മൽസ്യത്തൊഴിലാളികൾ കൂടുതലായും താമസിക്കുന്നത്.


മൽസ്യഫെഡ് മുഖാന്തിരം വള്ളം, വല, എഞ്ചിൻ എന്നിവ നിയന്ത്രിത നിരക്കിൽ നൽകുന്നുണ്ടെങ്കിലും ആവശ്യത്തിന്റെ ചെറിയ ഒരംശം മാത്രമേ ആകുന്നുള്ളൂ. പഞ്ചായത്തിൽ നാല് കിലോമീറ്റർ നീളം വരുന്ന തീരപ്രദേശത്ത് പകുതിയിലേറെ ഭാഗങ്ങൾ മാത്രമേ കടൽഭിത്തി കെട്ടി സംരക്ഷിച്ചിട്ടുള്ളൂ. കെട്ടിയതിൽ നല്ലൊരു ഭാഗം കടലാക്രമണത്തിൽ നശിച്ചു. കടൽഭിത്തിയില്ലാത്തതുകൊണ്ട് മൽസ്യത്തൊഴിലാളികളുടെ വീടിനും സ്വത്തിനും വർഷക്കാലത്ത് നാശം നേരിടുന്നു. തൊഴിലാളികൾ ഭയവിഹ്വലരായാണ് ഈ സമയങ്ങളിൽ കഴി

യുന്നത്.

യന്ത്രവൽക്കരണവും ആധുനിക ഉപകരണങ്ങളുടെ ലഭ്യതയും മൽസ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തിൽ അൽപ്പം ഉയർച്ച ഉണ്ടാക്കിയിട്ടുണ്ട്. വിവിധ ഏജൻസികളിലൂടെ ലോൺ എടുത്തും, തൊഴിലാളികൾ ഒത്തുചേർന്നും സ്വന്തമായി വള്ളവും വലയും വാങ്ങാൻ തുടങ്ങിയതോടെ മൽസ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയരാൻ സഹായിച്ചിട്ടുണ്ട്. എന്നാൽ, ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള കാലങ്ങളിൽ മൽസ്യം ലഭിക്കാത്തതിനാൽ വളരെ ബുദ്ധിമുട്ടിയാണ് തൊഴിലാളികൾ ജീവിക്കുന്നത്.

നിർദ്ദേശങ്ങൾ

1. മുഴുവൻ കടൽത്തീരവും കടൽഭിത്തി കെട്ടി സംരക്ഷിക്കുക. നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ ഉടൻ ചെയ്ത് സംരക്ഷിക്കുക.
2. മൽസ്യബന്ധന ഉപകരണങ്ങൾ എളുപ്പത്തിൽ ലഭിക്കുവാൻ സംവിധാനം ഉണ്ടാക്കുക.
3. മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ പരിസര ശുചിത്വത്തിന്റെ ഗൗരവമേറിയ ചില പ്രശ്നങ്ങളുണ്ട്. പ്രധാനമായും കക്കൂസുകളുടെ അപര്യാപ്തത.
4. മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരം വളരെ കുറവാണ്. ഇത് മെച്ചപ്പെടുത്തുന്നതിന് നടപടികൾ വേണം.
5. പുഴയിലും മറ്റ് ഉൾനാടൻ ജലാശയങ്ങളിലും വർഷക്കാലത്ത് കണ്ടുവരുന്ന മൽസ്യരോഗം തടയാൻ നടപടി വേണം.
6. ട്രോളിംഗ് നിരോധനം മൂന്ന് മാസമാക്കുക. അന്ധകാരനഴിയിൽ ഫിഷിംഗ് ഹാർബർ സ്ഥാപിക്കുക.
7. മൽസ്യവിപണനത്തിന് കോൾഡ് സ്റ്റോറേജ് സൗകര്യം ഏർപ്പെടുത്തുക.
8. ഉൾനാടൻ മൽസ്യത്തൊഴിലാളികൾക്ക് ഉപകരണങ്ങൾക്ക് ധനസഹായം ചെയ്യുക.
9. മൽസ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
10. തൈക്കൽ ഒരു ലൈറ്റ് ഹൗസ് സ്ഥാപിക്കുക.
11. ദേശീയ മൽസ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽപ്പെടുത്തി മൽസ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് 35000 രൂപ ഗ്രാന്റ് നൽകുന്നുണ്ട്. കൂടുതൽ ആളുകൾക്ക് ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കുക.



പട്ടികജാതി പട്ടികവർഗ ക്ഷേമം

കേരളത്തിലെ മറ്റേതൊരു ഗ്രാമത്തേയും പോലെ ഈ പഞ്ചായത്തിന്റെറ വികസനത്തിനുവേണ്ടി തങ്ങളുടെ അദ്ധ്വാനം യാതൊരു വിലയുമില്ലാതെ വിൽക്കേണ്ടി വന്നിട്ടുള്ള ചരിത്രമാണ് പട്ടികജാതി പട്ടികവർഗ വിഭാഗത്തിന്റേറത്. കൃഷിയിടങ്ങളിലും മറ്റും അവരുടെ വിയർപ്പ് സ്വത്തായി രൂപപ്പെട്ടു. അപ്പോഴും അവഗണനയുടേയും വർണ വർഗ വ്യത്യാസംമൂലമുള്ള വേദനകളുടേയും കയ്പ്പുനീർ കുടിക്കുകയായിരുന്നു അവർ.

നവോത്ഥാന കാലഘട്ടത്തിൽ സമൂഹത്തിനാകമാനം സംഭവിച്ച മാറ്റങ്ങൾ ഈ പഞ്ചായത്തിലും സംഭവിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി നേടാൻ ഈ വിഭാഗത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. സാമൂഹിക സാമ്പത്തിക രംഗത്ത് നിരവധി കാലം കൊടിയ ചൂഷണത്തിന് വിധേയരായ ഇവർക്ക് കുടികിടപ്പവകാശവും മിച്ചഭൂമി ലഭ്യതയും ഒരു പരിധിവരെ പുരോഗതി കൈവരിക്കാൻ സഹായകമായിട്ടുണ്ട്. ഉച്ചനീചത്വങ്ങൾ ഏറെക്കുറെ അകന്നിട്ടുണ്ടെങ്കിലും അത് പൂർണമായി മാറി എന്ന് പറയാനാവില്ല. ഈ വിഭാഗത്തിന്റെറ ഉന്നമനത്തിനുവേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പല പദ്ധതികളെക്കുറിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതിയുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും പദ്ധതികൾ പൂർണ ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗിക നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് കോളനി നിവാസികൾക്കാണ്. എന്നാൽ സർക്കാരിൽനിന്നുള്ള സഹായങ്ങൾ പൂർണമായും ഈ വിഭാഗത്തിലുള്ളവരുടെ കൈകളിൽ എത്തുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ചൂഷണം ചെയ്യുന്ന ഒരിടത്തട്ട് ഉണ്ട് എന്ന വസ്തുത കണ്ടെത്തി അർഹമായ സഹായം യഥാർത്ഥ കൈകളിലെത്തിക്കുവാൻ സത്വര നടപടി ആവശ്യമാണ്.

പഴയ തലമുറയിലെ നാമമാത്രമായ കുറച്ചുപേരൊഴിച്ചാൽ മറ്റെല്ലാവരും തന്നെ സാക്ഷരരാണ് ഈ വിഭാഗത്തിൽ. എന്നാൽ എസ്.എസ്.എൽ.സി. കഴിഞ്ഞ് തുടർന്നു പഠിക്കാൻ പല കുട്ടികളും താൽപര്യം കാണിക്കുന്നില്ല. കുടുംബ ബാദ്ധ്യത ഏറ്റെടുക്കേണ്ടി വന്നതിനാൽ പഠനം നിർത്തിവയ്ക്കേണ്ടി വന്ന നിരവധി കുടുംബങ്ങളുണ്ട്.

വിദ്യാഭ്യാസം

96-97 അദ്ധ്യയന വർഷത്തിൽ 160 പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. 95-96 വർഷത്തിൽ യു.പി.യിലും എച്ച്.എസിലുമായി 126 വിദ്യാർത്ഥികൾ പഠനം നടത്തി. എസ്.എസ്.എൽ.സി. കഴിഞ്ഞ് പകുതിയിലേറെ വിദ്യാർത്ഥികളും തുടർ വിദ്യാഭ്യാസം നടത്താത്തവരാണ്.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം നടത്തിവരുന്നവരാണ്. എന്നാൽ അടുത്ത കാല

ത്തായി ഈ മേഖലയിൽ അനുഭവപ്പെടുന്ന തളർച്ച ഈ വിഭാഗത്തിന്റെ തൊഴിലിനെ ബാധിച്ചിട്ടുണ്ട്. മറ്റ് തൊഴിൽ മേഖലയിൽ തൃപ്തികരമായ കൂലിയും കൂടുതൽ പ്രവൃത്തി ദിവസങ്ങളും ലഭിക്കുന്നതിനാൽ ഏറെപ്പേരും കാർഷിക രംഗത്തുനിന്നും മാറുവാൻ നിർബന്ധിതരായി. സ്ത്രീകൾ മാത്രം ചെയ്തിരുന്ന 'നടീൽ' (ഞാറ്) തുടങ്ങിയ പ്രവർത്തനങ്ങൾക്ക് തൊഴിലാളികളെ കിട്ടാൻ ഏറെ പ്രയാസമാണ്. തൊഴിൽ എന്നതിലുപരി ഭക്ഷ്യ ധാന്യ ഉൽപ്പാദനത്തിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കേണ്ടതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. കൂലിവേല ചെയ്തു മാത്രം ഉപജീവനം നടത്തിയിരുന്ന ഒരു വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതാണ്.

വീട്

പാർപ്പിട പ്രശ്നം പൂർണമായും പരിഹരിക്കാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗകര്യങ്ങളാണ് ഉള്ളത്. എന്നാൽ ചെറ്റക്കുടിലുകളിൽനിന്നുള്ള മോചനം ഏറെക്കുറെ സാധ്യമായിട്ടുണ്ട്. ഇവരിൽ പലരും വിവിധ ഏജൻസികൾ നടപ്പിലാക്കിവരുന്ന വായ്പയെടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ടുപോയിട്ടുണ്ട്. കൈവശ വസ്തുവിന്റെ രേഖ ഓഫീസുകളിൽ പെട്ടുപോയതിനാൽ മറ്റാനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയുമുണ്ട്. വീട് നിർമ്മാണത്തിനനുവദിക്കുന്ന തുകയുടെ അപര്യാപ്തതമൂലം, പല വീടുകളും പൂർത്തിയാകാതെ കിടക്കുന്നുണ്ട്. വീട് വയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടുവയ്ക്കാനാവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചുകൊടുത്തെങ്കിൽ മാത്രമേ ഇതിനൊരു ശാശ്വത പരിഹാരമാവുകയുള്ളൂ. ഈ പഞ്ചായത്തിൽ ഒരു ഗിരിജൻ കുടുംബം മാത്രമേയുള്ളൂ. ഹരിജനങ്ങൾക്കായി നാല് അംഗീകൃത കോളനികൾ പഞ്ചായത്തിൽ നിലവിലുണ്ട്.

ഓരോ വീടിനും ഓരോ കക്കൂസും ജലസേചന പദ്ധതികളും വൈദ്യുതി കണക്ഷനും ലഭ്യമാക്കിയിട്ടുണ്ട്.

ഹരിജൻ സർവീസ് സംഘം പുനരുദ്ധരിച്ച് തൊഴിൽ രഹിതർക്ക് ധനസഹായം നൽകേണ്ടതാണ്. വാസയോഗ്യമല്ലാത്ത വീടുകൾ ഉപയോഗപ്രദമാക്കുകയും ചെയ്യണം.

ഹരിജൻ കോളനികൾ

നമ്പർ	പേര്	വാർഡ്
1.	കുര്യാംപറമ്പ് കോളനി	7, 8
2.	തങ്കി നോർത്ത് കോളനി	3
3.	പുളിക്കി ലക്ഷംവീട് കോളനി	8
4.	കട്ടികാട്ട് കോളനി	7

പ്രശ്നങ്ങൾ, സാധ്യതകൾ

1. എല്ലാവർക്കും സ്വന്തമായി വീടുവയ്ക്കാൻ സ്ഥലം ഇല്ല.

2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുകയും ഈ മേഖലയിൽനിന്ന് തൊഴിലാളികൾ ഒഴിഞ്ഞുപോവുകയും ചെയ്യുന്നു.

3. കോളനികൾക്ക് ഒരു പൊതു ശ്മശാനം ഇല്ല.

4. കൈവശഭൂമിക്ക് ഇനിയും പട്ടയം ലഭിക്കാനുണ്ട്.

5. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

6. നിർദ്ധന കുടുംബങ്ങൾക്ക് ചികിൽസയ്ക്കും പെൺകുട്ടികളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

7. ഐ.ആർ.ഡി.പി. പദ്ധതിയും മറ്റ് പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

8. പട്ടികജാതി പട്ടികവർഗ ക്ഷേമത്തിന്റെ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് വേണ്ടത്ര അറിവില്ലായ്മ കാണുന്നു.

9. കടക്കെണിയിൽ പെട്ടു പോകുന്നു.

10. പട്ടികജാതി വികസന കോർപ്പറേഷനും ഹരിജനക്ഷേമ വകുപ്പും അഭ്യസ്തവിദ്യരായ തൊഴിൽ

രഹിതർക്ക് നൽകുന്ന വായ്പകളും ധനസഹായവും അർഹരായവർക്ക് കിട്ടുന്നു എന്ന് ഉറപ്പുവരുത്തണം.

11. ഇന്ന് നിലവിലുള്ള ഭവന നിർമ്മാണ നിയമങ്ങൾ ലഘൂകരിച്ച് ഭവന സംരക്ഷണത്തിനും സഹായം നൽകണം.

ക്ഷേമ പദ്ധതികളെക്കുറിച്ച് അറിവുണ്ടാകുന്നതിന് ബോധവൽക്കരണ പരിപാടികൾ ആവശ്യമാണ്. പദ്ധതി അർഹരായവർക്ക് വേണ്ടപ്പോൾ ലഭിക്കുന്നതിന് നിബന്ധനകൾ ലളിതമാക്കണം. ഹരിജന ക്ഷേമ വകുപ്പും പട്ടികജാതി കോർപ്പറേഷനും നടപ്പിലാക്കിവരുന്ന പദ്ധതികൾ ഫലപ്രദമാകണമെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയേ കഴിയൂ.

സതാര ശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

2. ഈ വിഭാഗത്തിലെ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലനം നൽകുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് എല്ലാവിധ ധനസഹായവും നൽകുക.

3. കുടിവെള്ള പ്രശ്നമുള്ളിടങ്ങളിൽ പരിഹാരമുണ്ടാക്കുക.

4. അഭ്യസ്തവിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നടപ്പിലാക്കിവരുന്ന വായ്പകളും ധനസഹായങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക. വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുക.

5. വ്യവസായ പരിശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാനാവശ്യമായ വായ്പ പൂർണമായി അനുവദിക്കുകയും അതുദ്ദേശിച്ച കാര്യത്തിനുതന്നെ ഉപയോഗപ്രദമാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.

6. പട്ടികജാതി സർവീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം ഉടൻ കാര്യക്ഷമമാക്കുക.

7. സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ റെഡിമെയ്ഡ് കയറുൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

8. കോളനികൾക്ക് കൃഷിഭവൻ മുഖേന നൽകിവരുന്ന സഹായം പച്ചക്കറിയുൽപ്പാദനത്തിനായി വിനിയോഗിച്ചുകൊണ്ട് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.


9. വീട് പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും പലിശ രഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.

10. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ഭൂരഹിത, ഭവന രഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും വീടുമില്ലാത്ത കുടുംബങ്ങളെ സഹായിക്കുവാൻ നടപടി സ്വീകരിക്കുക.

11. പൊതു ശ്മശാനം നിർമ്മിക്കുക.

12. വായനശാലകൾ സ്ഥാപിക്കുക.

13. അംഗൻവാടികളുടെ പ്രവർത്തനം ഊർജ്ജിതമാക്കുക.



സഹകരണം

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അന്ധവിശ്വാസവും, അനാചാരങ്ങളും, നാട്ടുപ്രമാണിമാരുടെ ആധിപത്യവും, തകർന്നുകൊണ്ടിരുന്നു. കുടിൽ വ്യവസായങ്ങൾ, പഴയ കൃഷി സമ്പ്രദായങ്ങൾ, ഋണഭാരംപേറി വഴിമുട്ടി നിൽക്കുന്ന കർഷകർ, ആകെ തകർന്ന സമ്പദ് ഘടന, ഈ സാഹചര്യങ്ങളിലാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്.

ശ്രീ. എ. ഡി. പോർഹല ചെയർമാനായുള്ള "റൂറൽ ക്രെഡിറ്റ് സർവെ കമ്മിറ്റി"യാണ് സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് ശാസ്ത്രീയമായും, വസ്തുനിഷ്ഠമായും പഠിച്ച് വിലയിരുത്തിയത്. അതിന്റെ അടിസ്ഥാനത്തിൽ സംയോജിതമായ സമ്പ്രദായം രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് ആരംഭിച്ചു.

നമ്മുടെ ഗ്രാമത്തിൽ 1925-26 വർഷങ്ങളിലായി രണ്ട് സഹകരണ സംഘങ്ങൾക്ക് രൂപം നൽകി. കടക്കരപ്പള്ളി 1125-ാം നമ്പർ സർവീസ് സഹകരണ സംഘം പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലും, തങ്കി 1003-ാം നമ്പർ സർവീസ് സഹകരണ സംഘം പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറു പ്രദേശങ്ങളിലുമായി പ്രവർത്തിച്ചിരുന്നു. ഈ രണ്ട് സംഘങ്ങളും കർഷകരെ സഹായിക്കുവാൻ പര്യാപ്തമായിരുന്നില്ല. 1961 ആയപ്പോഴേയ്ക്കും പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് കർഷകരെ കൂട്ടുകൃഷി അടിസ്ഥാനത്തിൽ സംഘടിപ്പിച്ചുകൊണ്ട് കടക്കരപ്പള്ളി ബറ്റർ ഫാമിംഗ് സഹകരണ സംഘം (ഇന്നത്തെ കടക്കരപ്പള്ളി സെൻട്രൽ സർവീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ A-127) രൂപീകരിച്ചു. എന്നാൽ, ഈ മൂന്ന് സംഘങ്ങളും ആരംഭത്തിൽ നായർ-ക്രിസ്ത്യാനി-ഈഴവ സമുദായങ്ങളുടെ സാമുദായിക സംഘടനകളെപ്പോലെയാണ് പ്രവർത്തിച്ചിരുന്നത്. വിവിധ മേഖലകളിൽ പ്രവർത്തിച്ചിരുന്ന കർഷക-കാർഷികേതര സമൂഹത്തിലെ ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുവാൻ ഒരു പരിധിവരെ ഒരു സംഘത്തിനും കഴിഞ്ഞിരുന്നില്ല.

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ വിവിധ തലങ്ങളിലായി 15 സഹകരണ സ്ഥാപനങ്ങൾ പൂർണമായും, മൂന്ന് സ്ഥാപനങ്ങൾ ഭാഗികമായും പ്രവർത്തിക്കുന്നു. ഇതിൽ കടക്കരപ്പള്ളി സെൻട്രൽ സർവീസ് സഹകരണ സംഘം, ഹരിജൻ സഹകരണ സംഘം, കയർ മേഖലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൂന്ന് സംഘങ്ങളും എ. കെ. ജി. മെമ്മോറിയൽ ട്രസ്റ്റ് എന്നറിയപ്പെടുന്ന ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് സഹകരണ സംഘം എന്നീ ആറ് സഹകരണ സംഘങ്ങൾ പൂർണമായും പ്രവർത്തനരഹിതമാണ്. 7-ാം വാർഡിൽ പ്രവർത്തിക്കുന്ന ക്ഷീരവ്യവസായ സഹകരണ സംഘം ഭാഗികമായും, മറ്റ് സംഘങ്ങൾ കാര്യക്ഷമമായും പ്രവർത്തിക്കുന്നു.

കടക്കരപ്പള്ളി S.C.B. Ltd. No. 1125

ബാങ്കിന്റെ പ്രവർത്തനം മലയാള വർഷം 11-6-1101-ൽ ആരംഭിച്ചു. ഇടക്കാലത്ത് ബാങ്കിന്റെ പ്രവർത്തനം മന്ദീഭവിച്ചെങ്കിലും, ഇപ്പോൾ ഈ പഞ്ചായത്തിൽ തലയുയർത്തി നിൽക്കുന്ന, ഏറ്റവും നല്ല ഒരു ബാങ്കായി പ്രവർത്തിക്കുന്നു.

അംഗങ്ങളുടെ ദൈനംദിന ആവശ്യങ്ങൾ മനസ്സിലാക്കി വിവിധ തരത്തിലുള്ള ലോണുകളും, കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന ധനസഹായങ്ങളും നൽകിവരുന്നു. ബാങ്കിന്റെ ചുമതലയിൽ റേഷൻ ഡിപ്പോയും, ഒരു ഗ്രന്ഥശാലയും പ്രവർത്തിക്കുന്നു. കാര്യശേഷിയുള്ള പ്രവർത്തകരുടെയും, ആത്മാർത്ഥതയുള്ള ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനമാണ് ഈ ബാങ്കിന്റെ ഉയർച്ചയിലുള്ള പ്രധാന ഘടകം. ബാങ്കിന്റെ കീഴിൽ ഒരു റേഷൻ ഡിപ്പോ പ്രവർത്തിക്കുന്നു.

തങ്കി S.C.B. Ltd. No. 1003

26-7-1925-ൽ പ്രവർത്തനം ആരംഭിച്ചു. പട്ടണക്കാട് പഞ്ചായത്തിന്റെ ചില വാർഡുകൾ കൂടി ചേർന്ന് പ്രവർത്തിക്കുന്നു. സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്നു.

കടക്കരപ്പള്ളി കയർ വ്യവസായ സഹകരണ സംഘം (ക്ലിപ്തം) നമ്പർ A-557

നമ്മുടെ പഞ്ചായത്തിൽ സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു കയർ വ്യവസായ സഹകരണ സംഘമാണിത്. ഈ സംഘത്തിലെ അംഗങ്ങൾ മുഴുവൻ തൊഴിലാളികളാണ്. തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ കൊടുക്കുന്നതിനും, മിനിമം കൂലി ലഭ്യമാക്കുന്നതിനും കഴിയുന്നു. ഈ മേഖലയിൽ പണിയെടുക്കുന്ന മറ്റ് തൊഴിലാളികൾക്കും തൊഴിലും ന്യായമായ വേതനവും ലഭിക്കുന്നതിന് ഈ സംഘം ഒരു പരിധിവരെ സഹായിക്കുന്നു. 20-7-78 മുതൽ സംഘം പ്രവർത്തിച്ചു വരുന്നു.

സ്കൂൾ സഹകരണ സംഘങ്ങൾ

കണ്ടമംഗലം ഹൈസ്കൂൾ, തങ്കി ഹൈസ്കൂൾ എന്നീ രണ്ട് ഹൈസ്കൂളുകൾ കേന്ദ്രീകരിച്ച് രണ്ട് സ്കൂൾ സഹകരണ സംഘങ്ങൾ 1976 മുതൽ പ്രവർത്തിക്കുന്നു. ഈ സംഘങ്ങൾ വഴി പാഠപുസ്തകങ്ങളും, നോട്ടുബുക്കുകൾ ഉൾപ്പെടെ വിദ്യാഭ്യാസാവശ്യത്തിനുള്ള സാധനങ്ങൾ ന്യായവിലയ്ക്ക് കുട്ടികൾക്ക് ലഭ്യമാക്കുന്നു.

വനിതാ വ്യവസായ സഹകരണ സംഘം

കടക്കരപ്പള്ളി കേന്ദ്രീകരിച്ച് വനിതകളുടേതായി ഒരു സഹകരണ സംഘം, തങ്കി കവലയ്ക്ക് സമീപമുള്ള മിനി എസ്റ്റേറ്റിൽ പ്രവർത്തിക്കുന്നു. വെള്ള സിമൻറ് ഉപയോഗിച്ച് സിമൻറ് പെയിൻറ് നിർമ്മിക്കുന്നു. 1988-ൽ സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചു.

മൽസ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം D F (A) 86/92

മൽസ്യത്തൊഴിലാളികൾ തിങ്ങിനിവസിക്കുന്ന 1, 2, 3, 8, 9 എന്നീ വാർഡുകൾ ഉൾക്കൊള്ളിച്ച് ഒറ്റമശ്ശേരിയിൽ മൽസ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം 2-7-93 മുതൽ പ്രവർത്തിക്കുന്നു.

മറ്റ് സംഘങ്ങൾ

ചേർത്തല കാർഷിക വികസന ബാങ്ക്, ചേർത്തല സഹകരണ അർബൻ ബാങ്ക്, പട്ടണക്കാട് ഹൗസിംഗ് സഹകരണ സംഘം എന്നിവയുടെ പ്രവർത്തന മേഖല കടക്കരപ്പള്ളിയിലേക്ക് വ്യാപിച്ചിരിക്കുന്നു.

കാർഷിക വികസന ബാങ്കിൽ നിന്നും ഭവന നിർമ്മാണം, കൃഷി, വ്യവസായം എന്നീ ഇനങ്ങളിലായി 52 കുടുംബങ്ങൾക്ക് എട്ടേകാൽ ലക്ഷം രൂപ വായ്പയായി കൊടുത്തിട്ടുണ്ട്.

പട്ടണക്കാട് ഹൗസിംഗ് സഹകരണ സംഘത്തിൽ നിന്നും 75 പേർക്ക് ഭവനങ്ങൾ നിർമ്മിക്കുന്നതിനായി ഇരുപത്തിമൂന്നര ലക്ഷം രൂപ വായ്പയായി കൊടുത്തിട്ടുണ്ട്.

ചേർത്തല സഹകരണ അർബൻ ബാങ്കിന്റെ ഒരു ശാഖ കടക്കരപ്പള്ളിയിൽ പ്രവർത്തിക്കുന്നു.

നിർദ്ദേശങ്ങൾ

1. ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ച് പഞ്ചായത്തിൽ സ്ഥാപിക്കുക.
2. മൽസ്യബന്ധന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 1, 2 എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് സഹകരണ സംഘം സ്ഥാപിക്കുക.
3. കടക്കരപ്പള്ളി പഞ്ചായത്തിൽ 8-ാം വാർഡിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന A557-ാം നമ്പർ കയർ വ്യവസായ സഹകരണ സംഘത്തിന്റെ മാതൃകയിൽ വാർഡുകൾ 3-ഉം, 4-ഉം കേന്ദ്രീകരിച്ചും, 5-ഉം, 6-ഉം കേന്ദ്രീകരിച്ചും 9-ാം വാർഡിൽ ഒന്നും ഉൾപ്പെടെ മുന്ന് പ്രൈമറി സംഘ

ങ്ങൾ രൂപീകരിക്കുക.

4. കേര കർഷകരുടെ ആവശ്യങ്ങളും പരാതികളും പരിഹരിക്കാവുന്ന വിധത്തിൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു സഹകരണ സംഘം രൂപീകരിക്കുക.

5. സഹകരണ സംഘങ്ങളിൽ നിന്നും ഉദാരമായ വ്യവസ്ഥയിൽ വായ്പകൾ കൊടുക്കുന്നതിനും, പലിശ നിരക്ക് കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിക്കുക.

6. ക്ഷീര വ്യവസായ സഹകരണ സംഘം നിലവിലുള്ളത് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വാർഡുകൾ 8-9, 3-4, 1-2 എന്നിവിടങ്ങളിലായി 4 ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

7. പഞ്ചായത്ത് കേന്ദ്രീകരിച്ച് വനിതാ സംഘം രൂപീകരിക്കുകയും എല്ലാ വാർഡുകളിലും യൂണിറ്റുകൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

8. പഞ്ചായത്തിൽ കയർ മേഖലയിൽ 2780 തൊഴിലാളികൾ നേരിട്ടും 1500ലധികം തൊഴിലാളികൾ പരോക്ഷമായും തൊഴിൽ ചെയ്തുവരുന്നു. ഇതുമൂലം 3000ത്തിലേറെ കുടുംബങ്ങൾ ജീവിക്കുന്നു. കൃത്യമായ തൊഴിലും, കൂലിയും ലഭ്യമാക്കുന്നതിന് ഈ മേഖലയിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളേയും സഹകരണ മേഖലയിൽ കൊണ്ടുവരിക.

9. കടക്കരപ്പള്ളി പഞ്ചായത്തിലെ ചെറുകിട കയർ ഫാക്ടറി ഉടമകളെ സഹകരണ മേഖലയിൽ കൊണ്ടുവരുന്നതിനായി കടക്കരപ്പള്ളി-തൈക്കൽ കേന്ദ്രീകരിച്ച് രണ്ട് സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

10. നിലവിലുള്ള ചെറുകിട തടുക്കുൽപ്പാദകരുടെ സഹകരണ സംഘം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

11. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഹരിജൻ സഹകരണ സംഘം പുതുതായി രൂപീകരിക്കുക.

12. പഞ്ചായത്ത് കേന്ദ്രമാക്കി ഒരു ഉപഭോക്തൃ സഹകരണ സംഘം രജിസ്റ്റർ ചെയ്യുകയും, വാർഡുകളിൽ ഡിപ്പോകൾ തുറന്ന് പ്രവർത്തിപ്പിക്കുകയും, ചെയ്യുക.

13. പഞ്ചായത്തിൽ ഒരു സഹകരണ ആശുപത്രി സ്ഥാപിക്കുക.

14. വനിതാ വ്യവസായ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ഷോറൂമുകൾ സ്ഥാപിക്കുക.

15. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കണം.

16. ഭക്ഷ്യ സംസ്ക്കരണ സംഘം.

17. കെട്ടിട നിർമ്മാണ ഉപകരണ വിതരണ സൊസൈറ്റി.

●★●



സാമൂഹ്യക്ഷേമം

സാമൂഹിക സേവനങ്ങൾ ഉറപ്പുവരുത്തുന്നതിൽ ഏറ്റവും കൂടുതൽ സേവനങ്ങൾ ഉള്ള സംസ്ഥാനമാണ് കേരളം. വിവിധ ധനസഹായങ്ങളും പെൻഷനുകളും ലഭിക്കുന്നവരാണ് നമ്മൾ. പക്ഷേ, ഇത് പലപ്പോഴും അപര്യാപ്തമാണെന്നതും അർഹതയുള്ളവർക്കെല്ലാം ലഭിക്കുന്നില്ല എന്നുള്ളതും ന്യൂനതകളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, അഗതി പെൻഷൻ, മൽസ്യത്തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയവയിലായി 1474 പേർക്കാണ് നമ്മുടെ പഞ്ചായത്തിൽ നിന്ന് പെൻഷൻ ലഭിക്കുന്നത്. ഇതുകൂടാതെ തൊഴിലില്ലായ്മാ വേതനം ലഭിക്കുന്ന 838 പേർ ഈ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ, ഈ ഇനത്തിൽ ഒട്ടേറെ അനർഹരും മറ്റ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും ഈ ആനുകൂല്യം കൈപ്പറ്റിക്കൊണ്ടിരിക്കുന്നു. നമ്മുടെ ക്ഷേമ പദ്ധതികൾ സാമൂഹിക വളർച്ചയ്ക്ക് പ്രയോജനപ്പെടാതെ പോകുന്നതിൽ പ്രധാന കാര്യങ്ങളിൽ ഒന്നാണിത്.

വിവിധ പെൻഷൻ ലഭിക്കുന്നവരുടെ ലിസ്റ്റ്

	പെൻഷൻ	പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം
1.	വിധവാ പെൻഷൻ	211
2.	വികലാംഗ പെൻഷൻ	125
3.	വാർദ്ധക്യകാല പെൻഷൻ	12
4.	അവശകലാകാര പെൻഷൻ	2
5.	ക്ഷയരോഗി പെൻഷൻ	6
6.	കുഷ്ഠരോഗി പെൻഷൻ	1
7.	കാൻസർ രോഗി പെൻഷൻ	9
8.	കർഷക തൊഴിലാളി പെൻഷൻ	1001
9.	മൽസ്യത്തൊഴിലാളി പെൻഷൻ	107
10.	കയർ തൊഴിലാളി പെൻഷൻ	വിവരങ്ങൾ ലഭ്യമല്ല

ജനപങ്കാളിത്തം ഏറ്റവും കൂടുതൽ ഉണ്ടാകേണ്ട മേഖലയാണ് സാമൂഹിക ക്ഷേമം. ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങളായ ഭക്ഷണം, വിദ്യാഭ്യാസം, പാർപ്പിടം എന്നീ മൂന്ന് കാര്യങ്ങളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ ക്ഷേമം ഉദ്ദേശിച്ചാണ് ഇപ്പോൾ പദ്ധതി നടപ്പിലാക്കിവരുന്നത്. സർക്കാർ നടപ്പിലാക്കിവരുന്ന ദാരിദ്ര്യനിർമ്മാർജന പരിപാടികളും ഈ പഞ്ചായത്തിൽ ഊർജിതമാക്കേണ്ടതുണ്ട്. കാലാകാലങ്ങളിൽ സർക്കാർ അനുവദിച്ചുതരുന്ന തുക മുഴുവനും പ്രയോജനപ്പെടുത്തുകയും ഒരു കാരണവശാലും ലാപ്സായി പോകാതെ ശ്രദ്ധിക്കുകയും വേണം. അർഹതപ്പെട്ടവന് പദ്ധതിയെപ്പറ്റി വേണ്ടത്ര അറിവ് ലഭിക്കുന്നില്ല. ആവശ്യക്കാർക്ക് യഥാസമയം പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല. പദ്ധതികൾ ഉപയോഗപ്പെടുത്തുമ്പോൾ നിലവിലുള്ള സാങ്കേതിക നൂലാമാലകൾ, പദ്ധതിയുടെ അപര്യാപ്തത തുടങ്ങിയവ പല പ്രതിബന്ധങ്ങളും സൃഷ്ടിക്കുന്നു.

പഞ്ചായത്തിൽ കയർത്തൊഴിലാളികളും മൽസ്യത്തൊഴിലാളികളും കർഷകത്തൊഴിലാളികളുമാണ് കൂടുതൽ ഉള്ളത്. കെട്ടിട നിർമ്മാണ തൊഴിലാളികൾ ഉണ്ടെങ്കിലും അവരെല്ലാം ബന്ധപ്പെട്ട ക്ഷേമനിധികളിൽ അംഗങ്ങളായിട്ടില്ല. അതുപോലെ തൊഴിലാളി തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് തിരുവനന്തപുരം ആസ്ഥാനമായ വനിതാ വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ശ്രമകരമാണ്.

ഐ. ആർ. ഡി. പി. പദ്ധതിയും ലഭ്യത സംബന്ധിച്ച കണക്കും:

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത്

ഐ. ആർ. ഡി. പി. സർവേ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ	സർവേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം (1992 ലെ സർവേ പ്രകാരം	ഇതിൽ എസ്. സി/എസ്.ടി. കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ എസ്. സി./ എസ്.ടി.	സഹായം ലഭിച്ചത് വഴി ദാരിദ്ര്യരേഖക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	2	3	4	5	6	7
I	374	Nil	15	Nil	3	371
II	269	Nil	25	-	4	265
III	224	6	11	5	1	223
IV	187	4	16	4	6	181
V	181	Nil	8	-	Nil	181
VI	165	Nil	16	-	6	159
VII	235	Nil	12	-	3	232
VIII	220	1	20	1	3	217
IX	187	Nil	17	Nil	1	186

N.B: 1992 ന് മുമ്പ് ഐ. ആർ. ഡി. പി. സഹായം ലഭിച്ചവർ 92 ലെ സർവേയിൽ ഉൾപ്പെട്ടിട്ടില്ല.

ഐ. ആർ. ഡി. പി. സഹായ ലഭ്യതയുടെ അപര്യാപ്തത പട്ടികയിൽ നിന്ന് ബോധ്യമാകും. ഐ. ആർ. ഡി. പി. സഹായം കൊണ്ട് ആരംഭിക്കുന്ന സംരംഭങ്ങൾ പലതും പിടിച്ചുനിൽക്കാൻ പറ്റാത്ത സാഹചര്യമാണ് ഉള്ളത്.

കാലാകാലങ്ങളിൽ ഉയരുന്ന കൂലി നിരക്കുകളുടെ വർദ്ധന കണക്കിലെടുത്ത് സഹായ പദ്ധതികൾക്ക് വേണ്ടിയുള്ള സർക്കാരിന്റെ നിർവചനം മാറ്റണം. ദാരിദ്ര്യ രേഖയുടെ കാര്യത്തിൽ വരുമാന പരിധി വർദ്ധിപ്പിക്കേണ്ടതാണ്. ദേശസാൽക്കൃത ബാങ്കുകൾ പലതും ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഉദാസീനത കാണിക്കുന്നു. സഹകരണ ബാങ്കുകൾക്ക് ഈ മേഖലയിൽ ഗുണഭോക്താക്കളെ സഹായിക്കുന്നതിൽ ജില്ലാ സഹകരണ ബാങ്കുകളെ ഉൾപ്പെടുത്തി നടപടി ലഘൂകരിക്കണം. പഞ്ചായത്തിൽ ഡി. ഡബ്ലിയു. സി. ആർ. എ. യുടെ യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ഡി. ഡബ്ലിയു. സി. ആർ. എ. പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങൾ:

വാർഡ്	തൊഴിൽ സംരംഭത്തിന്റെ പേര്	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം
II	കയർ റാട്ട് യൂണിറ്റ്	1992-93	12
VI	ഡയറി യൂണിറ്റ്	1993-94	11
VIII	കമ്പി കാർപ്പെറ്റ് നിർമ്മാണം	1992-93	10

ട്രൈസം തൊഴിൽ പരിശീലന വിവരം

വാർഡ് നമ്പർ	പരിശീലന വിഷയം	പരിശീലനം ലഭിച്ച വരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	അവശേഷിക്കുന്നവർ
1.	കൽപ്പണി	1	1	–
	ബുക്ക് ബയൻറിംഗ്	1	1	–
2.	ടെയ്ലറിംഗ്	2	2	–
	റെഫ്രിജറേഷൻ, എയർകണ്ടീഷനിംഗ്	1	1	–
3.	വെൽഡിംഗ്	1	–	–
4.	ഗാർമെൻറ് മേക്കിംഗ്	1	1	–
5.	ഗാർമെൻറ് മേക്കിംഗ്	3	3	–
	കമ്പിക്കാർപ്പെറ്റ് നിർമ്മാണം	1	–	–
6.	ഗാർമെൻറ് മേക്കിംഗ്	13	13	–
7.	പ്രിൻറിംഗ് ആൻറ് കമ്പോസിംഗ്	2	–	2
	വെൽഡിംഗ്	1	–	1
	കൽപ്പണി	1	–	–
	കമ്പിക്കാർപ്പെറ്റ്	1	–	–
8.	കമ്പിക്കാർപ്പെറ്റ് നിർമ്മാണം	11	10	1
9.	ഗാർമെൻറ് മേക്കിംഗ്	1	1	–

ഈ പദ്ധതി പ്രകാരം പരിശീലനം ലഭിക്കുന്ന ഭൂരിഭാഗം പേർക്കും തൊഴിൽ കണ്ടെത്താൻ സാധിക്കുന്നില്ല. സാദ്ധ്യതയുള്ള തൊഴിലുകളിൽ പരിശീലനം ലഭിക്കുവാനുള്ള സൗകര്യം ഉണ്ടാകണം.

അംഗനവാടികൾ

സാമൂഹ്യ സേവന രംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന അംഗനവാടികൾ നമ്മുടെ പഞ്ചായത്തിൽ ഒമ്പത് വാർഡുകളിലായി 17 എണ്ണം ഉണ്ട്. ആയിരം ജനങ്ങൾക്ക് ഒരു അംഗനവാടി എന്നതാണ് ഐ. സി. ഡി. എസിന്റെ ലക്ഷ്യം. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം പഞ്ചായത്തിലും പ്രകടമാണ്. ഇത് അംഗൻവാടികളുടെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്ന നിലയിലുമാണ്. ഇതിന് മാറ്റം വരണമെങ്കിൽ കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടവും എല്ലാ അംഗൻവാടികൾക്കും കളിപ്പാട്ടവും കുട്ടികളെ അക്ഷരം പഠിപ്പിക്കാനുള്ള ചുറ്റുപാടുകളും സജ്ജമാക്കണം.

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത് അംഗൻവാടി

1. എ. പഞ്ചായത്തിലെ ആകെ ജനസംഖ്യ	18012
ബി. പുരുഷന്മാർ	8820
സി. സ്ത്രീകൾ	9192
2. എ. പട്ടിജാതി ജനസംഖ്യ	737
ബി. പട്ടികവർഗ്ഗ ജനസംഖ്യ	44
3. അംഗൻവാടികളുടെ എണ്ണം	17
4. എ. ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ	229
ബി. 1-2 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ	214
സി. 2-3 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ	225
ഡി. 3-5 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ	417
5. എ. വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം	122
ബി. ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം	50
6. മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസം വരെ പ്രായമുള്ള കുട്ടികളുള്ള)	107
7. എ. കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ	229
ബി. ചാപിള്ള ജനനങ്ങൾ	3
8. ഒരു വയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95-96)	2
9. എ. ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം	1
ബി. മറ്റ് മരണങ്ങളുടെ എണ്ണം	
ആൺ	58
പെൺ	40
ആകെ	98
10. എ. അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം	541
ബി. അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം	62
സി. അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	58

കയർ തൊഴിലാളി ക്ഷേമനിധി

കയർ തൊഴിലാളികൾ മുഴുവനും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. തൊഴിലാളി യൂണിയനുകൾ മുൻകൈ എടുത്താണ് തൊഴിലാളികളെ അംഗങ്ങളാക്കുന്നത്. ഈ പദ്ധതിക്ക് ധാരാളം അപാകതകൾ ഉണ്ട്. തൊഴിലാളി വിഹിതത്തോടൊപ്പം ഉടമാ വിഹിതം പിരിച്ചെടുക്കുന്നില്ല. ക്ഷേമനിധിയിൽ അംഗങ്ങളായവർ മരണപ്പെട്ടാൽ മരണാനന്തര ആനുകൂല്യം നൽകുന്നില്ല.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിലെ ചെറിയൊരു വിഭാഗം ജനങ്ങൾ കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്നുണ്ട്. മുഴുവൻ ആളുകളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി

തയ്യൽ, ബാർബർ, കൊല്ലന്മാർ, ബീഡി തൊഴിലാളികൾ, വാച്ച്, സൈക്കിൾ റിപ്പയർമാർ, മരംകയറ്റ തൊഴിലാളികൾ, തേങ്ങാവെട്ടി ഉണക്കുന്നവർ, ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും തൊഴിലാളികളെ അംഗങ്ങളായി ചേർക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഭാഗികമായേ നടക്കുന്നുള്ളൂ. സാമൂഹ്യക്ഷേമവുമായി ബന്ധ

പ്പെട്ട കാര്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനും അർഹമായവർക്ക് ലഭ്യമാക്കാനും പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരിക്കണം.

പൊതുവിതരണം

പഞ്ചായത്തിൽ ആകെ 12 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു. പൊതുവിതരണ രംഗത്ത് ഒരു മാവേലി സ്റ്റോർ പഞ്ചായത്ത് ഓഫീസിന് മുൻവശം പ്രവർത്തിക്കുന്നു. ഓണക്കാലത്ത് കച്ചവടം നടത്തുന്ന ഒരു സ്ഥാപനമായി ഇത് മാറിയിട്ടുണ്ട്. ഇതിന് മാറ്റം വന്നാൽ വിലനിലവാരം പിടിച്ചുനിർത്താൻ മാവേലി സ്റ്റോറിന് സാധിക്കും.

റേഷൻ ഷോപ്പ്

റേഷൻ ഷോപ്പുകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ, തീരപ്രദേശത്തെ റേഷൻ കടകൾ തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തുതലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടാക്കണം.

വൈദ്യുതി വീടുകൾ	സേഫ്ടി ടാങ്ക്	ഇ. എസ്. പി. കക്കൂസ്	വിറക് അടുപ്പ്	മണ്ണെണ്ണ അടുപ്പ്	ഗ്യാസ്
2005	1082	1803	3277	828	309

പത്രം	:	611
ടി. വി.	:	933
റേഡിയോ	:	2035

വികലാംഗർ	:	165
വിധവകൾ	:	354
അവിവാഹിതരായ അമ്മമാർ	:	30
ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ	:	44



വിഭവസമാഹരണം

മനുഷ്യ വിഭവത്തിൽ പിന്നിലല്ലാത്ത നമ്മുടെ പഞ്ചായത്ത് മറ്റെല്ലാ രംഗത്തും സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് പിന്നിലാണ്. സ്ഥിരവരുമാനക്കാരായ തൊഴിലാളികൾ, ഉദ്യോഗസ്ഥന്മാർ, വിദേശ രാജ്യങ്ങളിൽ ജോലിയുള്ളവർ, വ്യവസായ ശാലകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിലെല്ലാം നാം പിന്നിലാണ്. കുടുംബമായാലും സ്ഥാപനങ്ങളായാലും അവയുടെ സാമ്പത്തികഭദ്രത പരമപ്രധാനമാണ്. സാമ്പത്തിക ഭദ്രതയുള്ള സ്ഥാപനങ്ങൾക്കു മാത്രമേ പുതിയ പദ്ധതികൾ ആരംഭിക്കുവാൻ സാധിക്കൂ. ഇത്തരം സ്ഥാപനങ്ങൾ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതോടെ സാമ്പത്തിക ഭദ്രത കൈവരുന്നു. സാമ്പത്തിക ഭദ്രതയും തൊഴിലും അങ്ങനെ പരസ്പര പൂരകങ്ങളാകുന്നു.

മേൽ സൂചിപ്പിച്ച സാമ്പത്തിക പിന്നോക്കാവസ്ഥ നമ്മുടെ പഞ്ചായത്തിൽ എത്രത്തോളമാണെന്ന് താഴെ കാണുന്ന പട്ടിക പരിശോധിച്ചാൽ വ്യക്തമാകും.

വരവ് സ്റ്റേറ്റ്മെൻറ്

No.	ഇനം	ധനാഭ്യർത്ഥന (വരവ്) രൂ.	പൈസ	പിരിച്ചത് രൂ.	പൈസ	ബാക്കി രൂ.	പൈസ
1.	കെട്ടിട നികുതി	137173	--	125688	25	11485	65
2.	സർവീസ് ചാർജ്ജ്	58617	90	53647	65	4969	90
3.	തൊഴിൽ നികുതി	99210	00	98410	00	800	00
4.	ചന്ത	6442	00	6442	00	---	--
5.	ലൈസൻസ് ഫീസ്	8382	00	8128	00	254	00
6.	വസ്തു കൈമാറ്റനികുതി 75%	30036	00	30036	00	---	--
7.	വസ്തു കൈമാറ്റ നികുതി 25%	19161	00	19161	00	---	---
8.	സർക്കാർ ഗ്രാൻറ് ഒഴികെയുള്ള മറ്റിനം	231071	85	231071	85	---	--
9.	ഓഡിറ്റ് റിക്കവറി	20205	00	20205	00	---	--

നികുതിയിനങ്ങൾ – കെട്ടിട നികുതി

കെട്ടിട നികുതിയിനത്തിലുള്ള വരവ് പഞ്ചായത്തിന്റെ വരവിനങ്ങളിൽ മുഖ്യയിനമാണ്. ഗണ്യമായ നികുതിക്ക് വിധേയമാക്കാവുന്ന വളരെ കുറച്ചു വീടുകളാണ് നമുക്കുള്ളത്. ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ട വീടുകൾക്ക് നികുതി ഇളവു നൽകുന്നതിന് കമ്മിറ്റി തീരുമാനങ്ങളെടുത്തിട്ടുണ്ട്. തന്മൂലം നികുതി വകയിൽ ഇനിയും കുറവ് വരാനാണ് സാദ്ധ്യത. ഭവന നിർമ്മാണരംഗത്തെ ആധുനികതയും താൽപ്പര്യങ്ങളും ഈ ഇനത്തിൽ കൂടുതൽ വരവുണ്ടാക്കുന്നതിന് ഇടയാകുമെന്ന് കരുതുന്നു.

സിനിമാ ശാലകളോ വ്യവസായ ശാലകളോ നമുക്കില്ല. വ്യവസായ സംരംഭകർ ഏറെ ഭയപ്പെടുന്ന ഒരു പ്രദേശമായി അറിയപ്പെടുന്ന നമ്മുടെ പഞ്ചായത്തിന്റെ തൊഴിലാളി സംസ്കാരത്തിന് സംരംഭകരെ ആകർഷിക്കുവാൻ കഴിയണം. തൊഴിലാളിയുടേയും തദ്ദാര പഞ്ചായത്തിന്റേയും സാമ്പത്തിക ഭദ്രതയ്ക്ക് അത് കൂടിയേ തീരൂ.


നമുക്കന്യമായ വിനോദ നികുതിയും ശുഷ്ക്കമായ തൊഴിൽ നികുതിയും ലഭ്യമാക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും പോന്ന നയരൂപീകരണം വേണം.

നമ്മുടെ വിഭവശോഷണത്തിന്റെ (സാമ്പത്തിക ബുദ്ധിമുട്ടിന്റെ) കാരണങ്ങൾ ചുരുക്കത്തിൽ താഴെപ്പറയുന്നവയാണ്.


1. വൻകിട കെട്ടിടങ്ങളുടേയും വ്യവസായങ്ങളുടേയും അഭാവം.
2. കാർഷിക രംഗത്തെ തകർച്ച.
3. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനയും കുടുംബ ബഡ്ജറ്റിന്റെ തകർച്ചയും.
4. ധനകാര്യ സ്ഥാപനങ്ങളുടെ കുറവും കടുത്ത നിയന്ത്രണങ്ങളും.
5. സ്വകാര്യ പണമിടപാടുകാരുടെ ബാഹുല്യവും കഴുത്തറുപ്പൻ പലിശയും.

നിർദ്ദേശങ്ങൾ

1. നികുതികൾ കാലോചിതമായി പരിഷ്ക്കരിക്കുകയും പൂർണ്ണമായും പിരിച്ചെടുക്കുകയും ചെയ്യുക.
2. കെട്ടിട നികുതി നിയമം കർശനമായി പാലിക്കുകയും നികുതി വിവരം ഗ്രാമ സഭകളിൽ പ്രസ്താവിക്കുകയും ചെയ്യുക.
3. വസ്തു നികുതി നിരക്ക് വർദ്ധിപ്പിക്കുക.
4. തൊഴിലെടുക്കുന്ന എല്ലാ തൊഴിലാളികളിൽ നിന്നും നാമമാത്രമായെങ്കിലും നികുതി പിരിച്ചു കൊണ്ട് നികുതി സമ്പ്രദായം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക.
5. റോഡുകൾ, പൊതുവഴികൾ എന്നിവയ്ക്ക് അഭിമുഖമായ വീടുകൾക്കും കെട്ടിടങ്ങൾക്കും പ്രത്യേക നികുതി ചുമത്തുക.
6. തൊഴിലാളികളിൽ നിന്ന് നേരിട്ടു നികുതി പിരിക്കുന്നതിന് പകരം തൊഴിലുടമയിൽ കൂടി നികുതി ഈടാക്കുന്ന നിയമം കൊണ്ടുവരുക.
7. കേബിൾ ടി.വി. കണക്ഷൻ ഉള്ളവരിൽ നിന്നും പ്രത്യേക വിനോദ നികുതി ഈടാക്കുക.
8. നിരത്തുകളിൽ പാർക്ക് ചെയ്ത് ടാക്സി സർവീസ് നടത്തുന്ന ഓട്ടോറിക്ഷ മുതൽ മേലോട്ടുള്ള വാഹനങ്ങൾക്ക് പാർക്കിങ് ചാർജ് ചുമത്തുക.
9. പുറമ്പോക്ക് ഭൂമി കൈവശക്കാർക്ക്, ഭൂമി മാർക്കറ്റ് വിലയ്ക്ക് പതിച്ച് നൽകുക.
10. ലൈസൻസ് കർശനമാക്കുകയും പിരിവു പൂർണ്ണമാക്കുകയും ചെയ്യുക.
11. പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്ന് മദ്ധ്യവർത്തികളെ പൂർണ്ണമായും ഒഴിവാക്കുകയും വികസന സമിതികൾക്ക് നിർമ്മാണത്തിന് അനുമതിയും നൽകുക.
12. തെരുവു വിളക്കുകൾക്ക് മീറ്റർ നിർബ്ബന്ധമാക്കി യഥാർത്ഥ വൈദ്യുതി ചാർജ് മാത്രം നൽകുക.
13. പഞ്ചായത്ത് അതൃത്തിയിലെ പരസ്യങ്ങൾക്ക് നികുതി ഏർപ്പെടുത്തുക.
14. സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നിർബ്ബന്ധമാക്കുകയും ഫീസ് ചുമത്തുകയും ചെയ്യുക.
15. നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ മനുഷ്യ വിഭവശേഷി അതാത് വാർഡുകളിൽ നിന്നു തന്നെ സമാഹരിക്കുക.
16. മദ്യ ഷോപ്പുകളുടെ മേൽ പഞ്ചായത്തുകൾക്ക് ലൈസൻസ് ഫീസീടാക്കാവുന്നതാണ്. ടി ഫീസ് തുക തീരുമാനിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിക്ക് അധികാരം നൽകുക.
17. ചെമ്മീൻ കെട്ടുകൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തുക.



കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്
മൃഗാശുപത്രി ഉദ്ഘാടനം.



ഭവനദാനം ജില്ലാ കളക്ടർ താക്കോൽ ദാനം
നിർവഹിക്കുന്നു.

KERALA INSTITUTE OF LOCAL ADMINISTRATION
4225
LIBRARY
THRISSUR-680581

കൃതജ്ഞത

ഗ്രാമസഭകളിൽ തുടങ്ങി സോഷ്യോ ഇക്കണോമിക് സർവേയിലൂടെ വികസന രേഖയിൽ എത്തുന്നതുവരെ ഈ സംരംഭവുമായി സഹകരിച്ചവരെ പഞ്ചായത്ത് കമ്മിറ്റിക്കുവേണ്ടി ഞാൻ അഭിനന്ദിക്കുന്നു. എൽ. ആർ. പി. മാർ, ഡി. ആർ. പി. മാർ ഇതിൽ ഒന്നും ഉൾപ്പെടാത്ത മറ്റ് യുവതീയുവാക്കൾ തുടങ്ങി ഒട്ടേറെപ്പേർ ദിനരാത്രങ്ങൾ പണിപ്പെട്ടാണ് ഈ വികസനരേഖയ്ക്ക് രൂപം നൽകിയിട്ടുള്ളത്.

ഡി. ആർ. പി. മാരിൽ ബഹുമാന്യരായ പി. വി. ദിവാകരൻ നായർ (കൺവീനർ), കെ. എക്സ്. ജോർജ്, ജസ്റ്റിൻ നൈനാൻ; ജോയിസി കമ്പക്കാരൻ, സന്തോഷ് കുമാർ എസ്., ശ്രീമതി സുഷമാ സദാശിവൻ എന്നിവരുടെയും കെ. ആർ. പി. സിറിയക്ക് എബ്രഹാമിന്റേയും സ്തുത്യർഹമായ സേവനങ്ങളെ ഞങ്ങൾ നന്ദിപൂർവം സ്മരിക്കുന്നു.

ഈ രേഖയിലെ പല അദ്ധ്യായങ്ങളും പൂർത്തിയാക്കുന്നതിന് തലമുതിർന്ന പലരുടേയും പല സാഹിത്യ സാമൂഹ്യ നായകന്മാരുടേയും സഹായവും സഹകരണവും ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. സ്വയം പഠിച്ചും പഠനോപകരണങ്ങൾ നൽകിയും ഞങ്ങളോട് സഹകരിച്ച പ്രസ്തുത മാന്യ വ്യക്തികളോടും പഞ്ചായത്ത് കമ്മിറ്റി നന്ദി രേഖപ്പെടുത്തുന്നു.

ഈ സംരംഭങ്ങളുടെ വിജയത്തിന് ഗ്രീൻറൂമിൽ നിന്ന് സഹായിച്ചവരാണ് ഞങ്ങളുടെ ജീവനക്കാരും ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാരും. അവരോടും ഞങ്ങളുടെ കടപ്പാട് അറിയിക്കുന്നു.

ഭാവി പ്രവർത്തനങ്ങളിലും ഉദ്യോഗസ്ഥന്മാരുൾപ്പെടെയുള്ള സാമൂഹ്യ സംഘടനാ പ്രവർത്തകരുടെ സഹകരണമുണ്ടാകുമെന്ന പ്രത്യാശയോടെ, കൃതജ്ഞതാപൂർവം, ഈ വികസന രേഖ നിങ്ങളുടെ പരിഗണനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

27-12-96
കടക്കരപ്പള്ളി

പി. ജി. സദാനന്ദൻ
പ്രസിഡൻറ്

വികസന സെമിനാർ നിർദ്ദേശങ്ങൾ

കൃഷിയും ജലസേചനവും

മൃഗപരിപാലനവും മൽസ്യബന്ധനവും

വ്യവസായം

വിദ്യാഭ്യാസം ' സംസ്കാരം

കുടിവെള്ളം, ആരോഗ്യം

ഊർജം, മാർക്കറ്റ്, ഗതാഗതം

തിരി - ഇലപ്രത്യേകം

ചെമ്പുല തിരി, വൃക്ഷ തിരി, തെക്കിലതിരി - തിരി, പുല്ല തിരി എന്നിവയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. ചെമ്പുനാടിന്റെ പുറത്തുള്ള നൂലുകൾ നീക്കിയതിനുശേഷം ചെമ്പുതിരിയും 1/2 HP എണ്ണയും 50% സമം ചേർത്തതിനുശേഷം ഉപയോഗിക്കുന്നു. രോഗപ്രതിരോധ ശക്തിയുണ്ടാക്കുന്നു. ഇതിന്റെ പുക ശ്വസിക്കുന്നതുകൊണ്ട് ഗുണമുണ്ടാകുന്നു. ഇതിന്റെ പുക ശ്വസിക്കുന്നതുകൊണ്ട് ഗുണമുണ്ടാകുന്നു.

വൃക്ഷ തിരി ഉപയോഗിക്കുന്നത് ചിലയിടങ്ങളിൽ മാത്രമാണ്. ഇതിന്റെ പുക ശ്വസിക്കുന്നതുകൊണ്ട് ഗുണമുണ്ടാകുന്നു. ഇതിന്റെ പുക ശ്വസിക്കുന്നതുകൊണ്ട് ഗുണമുണ്ടാകുന്നു.

തെക്കിലതിരി ഉപയോഗിക്കുന്നത് ചിലയിടങ്ങളിൽ മാത്രമാണ്. ഇതിന്റെ പുക ശ്വസിക്കുന്നതുകൊണ്ട് ഗുണമുണ്ടാകുന്നു. ഇതിന്റെ പുക ശ്വസിക്കുന്നതുകൊണ്ട് ഗുണമുണ്ടാകുന്നു.

പുല്ല തിരി ഉപയോഗിക്കുന്നത് ചിലയിടങ്ങളിൽ മാത്രമാണ്. ഇതിന്റെ പുക ശ്വസിക്കുന്നതുകൊണ്ട് ഗുണമുണ്ടാകുന്നു. ഇതിന്റെ പുക ശ്വസിക്കുന്നതുകൊണ്ട് ഗുണമുണ്ടാകുന്നു.

ഉപകരണപരിശീലനം - ലോഹവർക്കുശാല

തടി ആവശ്യമുള്ള നീളത്തിൽ മുറിക്കുന്നതിനുള്ള ഉപകരണമാണ് തടിമുറിയൻ. ഇതിന്റെ പിടി ഉറപ്പുള്ളതും കൈയിൽ നന്നായി പിടിക്കാൻ പാകത്തിലുള്ളതുമായിരിക്കണം. തടിയിൽ അടയാളപ്പെടുത്തിയ വരയിൽ തടിമുറിയന്റെ പല്ലുകൾ ഉറപ്പിച്ച് മുറിക്കുക. തടിയുടെ നാരുകൾക്ക് സമാന്തരമായി മുറിക്കുമ്പോൾ പല്ലുകൾക്ക് ഇടയ്ക്കിടെ വിശ്രമം നൽകണം. മുറിക്കുമ്പോൾ തടിയുടെ അറ്റം പിളരാതിരിക്കാൻ ശ്രദ്ധിക്കണം. പിളരാൻ സാധ്യതയുള്ള ഭാഗത്തിന് താഴെ ഒരു കഷണം തടി വച്ച് മുറിക്കുന്നത് പിളരുന്നത് തടയാൻ സഹായിക്കും.

ഉളി തടിയിൽ ദ്വാരങ്ങൾ ഉണ്ടാക്കുന്നതിനും അരികുകൾ ചെത്തിയൊരുക്കുന്നതിനും ഉപയോഗിക്കുന്നു. ഉളിയുടെ പിടി കൈയിൽ നന്നായി പിടിക്കാൻ പാകത്തിലുള്ളതായിരിക്കണം. ഉളിയുടെ മൂർച്ചയുള്ള വശം തടിയുടെ നേർക്ക് വരുന്നതിനാൽ ഉപയോഗിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണം. ഉളിയുടെ മൂർച്ചയുള്ള വശം തടിയുടെ നാരുകൾക്ക് സമാന്തരമായി വരുന്ന രീതിയിൽ ഉളി തടിയിൽ അമർത്തുക. ഉളിയുടെ പിടിയിൽ ചുറ്റിക കൊണ്ട് അടിച്ച് ദ്വാരങ്ങൾക്ക് ആവശ്യമായ ആഴം കൂട്ടുക. ചുറ്റിക കൊണ്ട് അടിക്കുമ്പോൾ പിടിയിൽ നിന്ന് കൈ വഴുതിപ്പോകാതിരിക്കാൻ ശ്രദ്ധിക്കണം. ഉളിയുടെ മൂർച്ചയുള്ള വശം തടിയുടെ നേർക്ക് വരുന്ന രീതിയിൽ ഉളി തടിയിൽ അമർത്തുക. ഉളിയുടെ പിടിയിൽ ചുറ്റിക കൊണ്ട് അടിച്ച് ദ്വാരങ്ങൾക്ക് ആവശ്യമായ ആഴം കൂട്ടുക. ചുറ്റിക കൊണ്ട് അടിക്കുമ്പോൾ പിടിയിൽ നിന്ന് കൈ വഴുതിപ്പോകാതിരിക്കാൻ ശ്രദ്ധിക്കണം. ഉളിയുടെ മൂർച്ചയുള്ള വശം തടിയുടെ നാരുകൾക്ക് സമാന്തരമായി വരുന്ന രീതിയിൽ ഉളി തടിയിൽ അമർത്തുക. ഉളിയുടെ പിടിയിൽ ചുറ്റിക കൊണ്ട് അടിച്ച് ദ്വാരങ്ങൾക്ക് ആവശ്യമായ ആഴം കൂട്ടുക. ചുറ്റിക കൊണ്ട് അടിക്കുമ്പോൾ പിടിയിൽ നിന്ന് കൈ വഴുതിപ്പോകാതിരിക്കാൻ ശ്രദ്ധിക്കണം.

ആവശ്യമുള്ള ഭാഗങ്ങൾ മാർക്ക് ചെയ്ത് തടിയിൽ നിന്ന് ഉളിയുടെ സഹായത്തോടെ ചീകിയെടുത്ത് തടിയുടെ അരികുകൾ ചെത്തിയൊരുക്കുന്നു. ഉളിയുടെ മൂർച്ചയുള്ള വശം തടിയുടെ നാരുകൾക്ക് സമാന്തരമായി

ഫ്രൈഡേ

നാലുകുടുംബങ്ങളിലുള്ള ഫ്രൈഡേ
അനുഭവങ്ങളിൽ നിന്നുകൊണ്ടുള്ള ചെറുകഥാ
ശ്രമം: ലേഖനം.

രണ്ടു ജാതി ഫ്രൈഡേയാണ്, ഗുഡ്ഫ്രൈഡേ-
യിലെ കുരിശുമരണത്തിന്റെ ഫ്രൈഡേ, ചിലത്.

ഗ്രാമീണതയുടെ നിഷ്കളങ്കതയുടെ
ഓർമ്മയിലുണർന്ന് ഞാൻ ഗൃഹാതുരനാകുന്നു.
ഇവിടെ, ഈ നഗരത്തിരക്കിൽ ഒറ്റപ്പെട്ടു
പോയ ഒരു ഫ്രൈഡേയുടെ ചിത്രം.

ഒരു ഫ്രൈഡേയിൽ ഞാൻ ഓഫീസിൽ
നിന്നു വരുമ്പോൾ ഭാര്യയുടെ മുഖത്ത് ഒരു
ഭാവഭേദം കണ്ടു. ഒന്നുമറിയാത്തതുപോലെ
ഞാൻ കുളിച്ചു വന്നു. അപ്പോൾ അവൾ
ഒരു കത്തുമായി വന്നു. അതിൽ
ഒരു ഫ്രൈഡേയുടെ
ഓർമ്മയിൽ നിന്നുകൊണ്ടുള്ള
ചെറുകഥാ
ശ്രമം: ലേഖനം.

രണ്ടു ജാതി ഫ്രൈഡേയാണ്, ഗുഡ്ഫ്രൈഡേ-
യിലെ കുരിശുമരണത്തിന്റെ ഫ്രൈഡേ, ചിലത്.

ഗ്രാമീണതയുടെ നിഷ്കളങ്കതയുടെ
ഓർമ്മയിലുണർന്ന് ഞാൻ ഗൃഹാതുരനാകുന്നു.
ഇവിടെ, ഈ നഗരത്തിരക്കിൽ ഒറ്റപ്പെട്ടു
പോയ ഒരു ഫ്രൈഡേയുടെ ചിത്രം.

ഒരു ഫ്രൈഡേയിൽ ഞാൻ ഓഫീസിൽ
നിന്നു വരുമ്പോൾ ഭാര്യയുടെ മുഖത്ത് ഒരു
ഭാവഭേദം കണ്ടു. ഒന്നുമറിയാത്തതുപോലെ
ഞാൻ കുളിച്ചു വന്നു. അപ്പോൾ അവൾ
ഒരു കത്തുമായി വന്നു. അതിൽ

വിദ്യാരംഗം

സ്കൂളുകളിലെ അംഗങ്ങൾ വായിക്കുന്നതിനും ചർച്ചകളിലൂടെയും ചിന്തകൾ പങ്കുവെക്കുന്നതിനും വേണ്ടി രൂപീകരിച്ചിട്ടുള്ളതാണ് വിദ്യാരംഗം. ഈ വർഷത്തെ വിദ്യാരംഗം L.P. വിഭാഗം പ്രവർത്തനങ്ങൾ ഇന്ന് നടന്നു. അംഗങ്ങളുടെ ജീവിതത്തിലെ രസകരമായ അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ടാണ് പരിപാടികൾ തുടങ്ങിയത്. വർണ്ണൻ, ഫെബിൻ, ഫർഹാൻ തുടങ്ങിയ കുട്ടികൾ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു. തുടർന്ന് കുട്ടികൾ തന്നെ തയ്യാറാക്കിയ കഥകൾ വായിച്ചു. കഥകളിലെ കഥാപാത്രങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തുകയും അവയെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. കുട്ടികൾ തന്നെ തയ്യാറാക്കിയ കഥകൾ വായിച്ചു. കഥകളിലെ കഥാപാത്രങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തുകയും അവയെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

കഥാ-കവിത രചനയെക്കുറിച്ചുള്ള ക്ലാസുകൾ പ്രത്യേകം നടത്തുന്നതാണ്. ക്വിസ്, സ്പെല്ലിംഗ് ബീ തുടങ്ങിയ വിജ്ഞാനപരമായ മത്സരങ്ങളും ഉണ്ടായിരിക്കുന്നതാണ്. കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുന്നതിനായി പത്രം തയ്യാറാക്കുന്നതിനുള്ള പരിശീലനവും നൽകുന്നതാണ്.

വിദ്യാരംഭം. (ലഘുനിരൂപണം)

1990മുതൽ തൊടുപുഴയിൽ എം.വി.ടി. ഗ്രീ. കെ. എൻ. നിവാസൻനായരുടേതു. 1991മുതൽ തൊടുപുഴയിൽ ഗ്രീ. കെ. പി. കൃഷ്ണൻനായരുടേതും തെളിഞ്ഞ കണ്ണിൽ സാക്ഷാൽ തൊട്ടുവണങ്ങാം തമ്പുരാട്ടിപ്പൂവിൽ വിരൽതൊട്ടു വിദ്യാരംഭം കുറിക്കുന്നതിനു മുൻപ് ഗണപതിയുടെ വിദ്യാരംഭം സ്ലേറ്റിൽ ചന്ദനംകൊണ്ടു എഴുതിയിരുന്നു. തൊട്ടുവണങ്ങാം തിരുമുൽക്കാഴ്ചയായി നൽകുന്നു. ഗുരുവിനു ദക്ഷിണയും നൽകുന്നു.

സംഭാവന

S.N.Y.M. സംഘടനയിലെക്കുള്ള
തേയില തൊഴിലാളി സംഘടനയിലെ ഒരു പ്രവർത്തകനാണ്.
നിലവിൽ 749 രൂപയാണ് എന്റെ ശമ്പളം. 1500-ൽ താഴെയുള്ള
രൂപയാണ് ശമ്പളമെങ്കിൽ ഇൻകം ടാക്സ് ഒഴിവാക്കണം.
ഇൻകം ടാക്സ് ഈടാക്കുന്നതിനെതിരെ ഞാൻ
പ്രതിഷേധിക്കുന്നു. ഈ നടപടി പിൻവലിക്കണമെന്ന്
ആവശ്യപ്പെടുന്നു.

വ്യവസായിക പുരോഗതിയുടെ വിലയിരുത്തൽ
ഒരു സമൂഹത്തിന്റെ ചരിത്രത്തിൽ ഇടം നേടുന്നു.
തൊഴിലാളികളുടെ നല്ല നടപടികൾ ഒരു സമൂഹത്തിന്റെ
ഉന്നമനത്തിനും ഉപകരിക്കുന്നു. ഇതിൽ തൊഴിലാളികൾ
ചെയ്യുന്ന ജോലിയുടെ വേതനത്തിൽ ഉണ്ടാകുന്ന
കുറവുകൾ പരിഹരിക്കുന്നതിനും ഉപകരിക്കുന്നു.
ഈ സന്ദർഭത്തിൽ ഇവിടെ ചരിത്രപരമായ ഒരു
കാര്യം ഓർമ്മിപ്പിക്കുന്നു. ഇന്ത്യയുടെ ആദ്യത്തെ
ഒരു സമരം നടന്നത് തേയിലത്തോട്ടത്തിൽ നിന്നാണ്.
ചരിത്രത്തിന്റെ താളുകൾ മറിച്ചുനോക്കുമ്പോൾ
ഇതിനെക്കുറിച്ച് കൂടുതൽ അറിയാൻ കഴിയുന്നു.

ഈ വേളയിൽ ഒരുകാര്യം കൂടി
ഓർമ്മിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്
ഒഴിവാക്കിയ ടാക്സ് തുക തിരിച്ചുനൽകണം
എന്നതാണ്.

ഈ കാര്യത്തിൽ ഒരു നടപടി
ഉടനുണ്ടാകണം. 1, 2. വർഷത്തിനുള്ളിൽ സംബന്ധിച്ച
കാര്യം ആണെങ്കിൽ ഒരുപാട് ബുദ്ധിമുട്ടുണ്ടാകുന്നു.

ഇന്റർലോക്ക് - ഗണഗണം

ഇന്റർലോക്ക്. 1, 2, 3, 4, 5 എന്നീ പാർട്ടുകൾ തമ്മിൽ പോൾ ട്രേഞ്ച് ചെയ്തതുപോലെ ഒരു ദ്വാരത്തിന്റെ അകത്തേക്ക് പുറമേ നിന്നുള്ള ഒരു പിൻ കടത്തിവിടുന്നതാണ്. Z-ാം പാർട്ടിന്റെ ഒരറ്റത്തുള്ള ഡോൺസ് ഓഫ് ചെയ്ത് ഇതിനകത്തേക്ക് കടത്തിവിടുന്നതിനുവേണ്ടി ഒരു ചെറിയ ദ്വാരം ഉണ്ടാക്കിയിട്ടുണ്ട്. ഇതിലൂടെ 66. KV. സൈഡ് ഫ്രെയിമിന്റെ ഇന്റർലോക്കിങ്ങിനുവേണ്ടിയുള്ള കട്ടൗട്ടിനുള്ളിൽ ഡിഫിക്കുന്നു.

ഫൈനൽ ചെക്കിങ്ങിനുശേഷം ഫൈനൽ ഓപ്പറേഷനായ ഫൈനൽ പ്രൊഡക്ടിന്റെ പ്രൊട്ടക്ഷനുവേണ്ടിയുള്ള ഒരു പ്രത്യേകതരം പേപ്പർ ഉപയോഗിച്ച് പാർട്ടുകൾ ഓരോന്നായി പൊതിഞ്ഞ് കാർട്ടണിൽ കുത്തിനിറച്ച് പാക്ക് ചെയ്യുന്നു.

40% ഇൻസുലേഷനുള്ള ചുവരിനാണ് നമ്മൾ ഉപയോഗിക്കുന്നതെങ്കിലും ഇതിനുള്ളിലെ ഉപയോഗത്തിനുവേണ്ടി ഇതിനകത്തുതന്നെ Vapour Lamp എന്നുപറയുന്ന ഒരു ചെറിയ ബൾബ് ഫിറ്റ് ചെയ്തിരിക്കുന്നു.

ഇതിലൂടെ ഇലക്ട്രിസിറ്റി കടത്തിവിടുമ്പോൾ ഇതിനകത്തുള്ള ചൂടുകൊണ്ട് ഇതിനകത്തുള്ള ഈർപ്പം നശിച്ചുപോകുന്നു.

ഗുണപാഠം

ഒരിടത്തൊരു കൊക്കും കീരിയും ഒന്നിച്ചു താമസിച്ചിരുന്നു. രണ്ടുപേരും കൂടി ഒരു പറമ്പിൽ കൃഷി ചെയ്തു. കൊക്ക് കൃഷിയിടത്തിന്റെ നടുവിൽ ഒരു കുഴിയുണ്ടാക്കി അതിൽ വെള്ളം നിറച്ചു. കീരി കൃഷിയിടത്തിന്റെ ചുറ്റും വേലി കെട്ടി. കൊക്ക് കുഴിയിൽ നിന്നും വെള്ളം കോരിയെടുത്ത് കൃഷിയിടത്തിൽ തളിച്ചു. കീരി വേലിയിൽ നിന്നും കൃഷിയിടത്തിലേക്ക് ചാടിയിറങ്ങി കൃഷി നശിപ്പിക്കുന്ന മൃഗങ്ങളെ ഓടിച്ചു. അങ്ങനെ അവർ കൃഷി നന്നായി നോക്കി.

കുറച്ചു കാലം കഴിഞ്ഞപ്പോൾ കീരിക്ക് കൊക്കിനോട് അസൂയ തോന്നി തുടങ്ങി. കൊക്കിന് കുഴിയിൽ നിന്നും വെള്ളം കോരിയെടുക്കാൻ എളുപ്പമാണ്. തനിക്ക് അതിനായി കുറേ ദൂരം ഓടണം. കൊക്കിന് കുഴിയിൽ നിന്നും വെള്ളം കോരിയെടുക്കാൻ എളുപ്പമാണ്. തനിക്ക് അതിനായി കുറേ ദൂരം ഓടണം. കൊക്കിന് കുഴിയിൽ നിന്നും വെള്ളം കോരിയെടുക്കാൻ എളുപ്പമാണ്. തനിക്ക് അതിനായി കുറേ ദൂരം ഓടണം.

കീരി കൊക്കിനോട് പറഞ്ഞു: "നമുക്ക് കൃഷിയിടം വീതിച്ചെടുക്കാം. എനിക്ക് കുഴിയുടെ ഭാഗം മതി. നിനക്ക് വേലിയുടെ ഭാഗം തരാം." കൊക്ക് സമ്മതിച്ചു. കീരി കുഴിയുടെ ഭാഗത്തേക്ക് ചാടിയിറങ്ങി. കുഴിയിൽ നിന്നും വെള്ളം കോരിയെടുത്ത് കൃഷിയിടത്തിൽ തളിച്ചു. കൊക്ക് വേലിയിൽ നിന്നും കൃഷിയിടത്തിലേക്ക് ചാടിയിറങ്ങി കൃഷി നശിപ്പിക്കുന്ന മൃഗങ്ങളെ ഓടിച്ചു.

കുറച്ചു കാലം കഴിഞ്ഞപ്പോൾ കൊക്കിന് കീരിയോട് അസൂയ തോന്നി തുടങ്ങി. കീരിക്ക് കുഴിയിൽ നിന്നും വെള്ളം കോരിയെടുക്കാൻ എളുപ്പമാണ്. തനിക്ക് അതിനായി കുറേ ദൂരം പറക്കണം. കീരിക്ക് കുഴിയിൽ നിന്നും വെള്ളം കോരിയെടുക്കാൻ എളുപ്പമാണ്. തനിക്ക് അതിനായി കുറേ ദൂരം പറക്കണം. കീരിക്ക് കുഴിയിൽ നിന്നും വെള്ളം കോരിയെടുക്കാൻ എളുപ്പമാണ്. തനിക്ക് അതിനായി കുറേ ദൂരം പറക്കണം.

കൊക്ക് കീരിയോട് പറഞ്ഞു: "നമുക്ക് കൃഷിയിടം വീതിച്ചെടുക്കാം. എനിക്ക് കുഴിയുടെ ഭാഗം മതി. നിനക്ക് വേലിയുടെ ഭാഗം തരാം." കീരി സമ്മതിച്ചു. കൊക്ക് കുഴിയുടെ ഭാഗത്തേക്ക് ചാടിയിറങ്ങി. കുഴിയിൽ നിന്നും വെള്ളം കോരിയെടുത്ത് കൃഷിയിടത്തിൽ തളിച്ചു. കീരി വേലിയിൽ നിന്നും കൃഷിയിടത്തിലേക്ക് ചാടിയിറങ്ങി കൃഷി നശിപ്പിക്കുന്ന മൃഗങ്ങളെ ഓടിച്ചു

ദിവ്യബലിയും - ഒരു അവലോകനവും

ഉപയോഗപ്രദമായ ചില നിർദ്ദേശങ്ങൾ (കുറിപ്പുകൾ)

ദിവ്യബലിയർപ്പിക്കുന്ന പുരോഹിതൻ ദിവ്യബലിയർപ്പിക്കുന്ന പള്ളിയുടെ പേരും സ്ഥലവും ദിവസവും തീയതിയും ആദ്യം തന്നെ എഴുതുക. ദിവ്യബലിയർപ്പിക്കുന്നത് 1, 2, 3 തീയതികളിലാണെങ്കിൽ ദിവ്യബലിയർപ്പിക്കുന്ന പുരോഹിതൻ ആരാണെന്നും ഏതു പള്ളിയിലാണെന്നും ഓർമ്മിക്കുന്നതിനായി ഓരോ ദിവസത്തെയും ദിവ്യബലിയർപ്പിക്കുന്ന പുരോഹിതന്റെ പേരും പള്ളിയുടെ പേരും എഴുതുക. ഓരോ പുരോഹിതനും ഓരോ ദിവസം ദിവ്യബലിയർപ്പിക്കുന്നതിനാൽ ഏതു പുരോഹിതനാണ് ഏതു ദിവസം ദിവ്യബലിയർപ്പിക്കുന്നതെന്ന് ഓർമ്മിക്കുന്നതിനായി ഓരോ പുരോഹിതന്റെയും പേരിന്റെ ആദ്യത്തെ അക്ഷരം എഴുതുക. ഉദാഹരണത്തിന് ഫാ. ജോസഫ് കുന്നേൽ എന്നാണെങ്കിൽ ജെ. കെ. എന്നും ഫാ. ജോൺ കുന്നേൽ എന്നാണെങ്കിൽ ജെ. കെ. എന്നും ഫാ. ജോർജ് കുന്നേൽ എന്നാണെങ്കിൽ ജി. കെ. എന്നും എഴുതുക.

ദിവ്യബലിയർപ്പിക്കുന്ന പുരോഹിതൻ ദിവ്യബലിയർപ്പിക്കുന്ന സമയത്തിന്റെ കൃത്യത പാലിക്കുന്നതിനായി ദിവ്യബലിയർപ്പിക്കുന്ന സമയം ഓർമ്മിക്കുന്നതിനായി ഓരോ പുരോഹിതനും ദിവ്യബലിയർപ്പിക്കുന്ന സമയം എഴുതുക.

ഗുരുനാഥൻ

ദിനേന നമ്മുടെ ചുറ്റുപാടിൽ നിന്നും നാം പലതും പഠിക്കുന്നു. ചിലപ്പോൾ നമ്മുടെ മാതാപിതാക്കൾ ചിലപ്പോൾ സുഹൃത്തുക്കൾ അങ്ങനെ പലരിൽ നിന്നും നാം പഠിക്കുന്നു. എന്നാൽ ഇവരിൽ നിന്നെല്ലാം വ്യത്യസ്തമായി നമ്മുടെ ഗുരുനാഥൻ നമുക്ക് നൽകുന്ന അറിവ് വിലമതിക്കാനാവാത്തതാണ്.

ഒരു വിദ്യാർത്ഥിയുടെ ജീവിതത്തിൽ ഗുരുനാഥന് വലിയ സ്ഥാനമുണ്ട്. അതുകൊണ്ടുതന്നെ നാം ഓരോരുത്തരും നമ്മുടെ ഗുരുനാഥനെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നു. ഒരു നല്ല മനുഷ്യനായി ജീവിക്കാൻ നമ്മെ പഠിപ്പിക്കുന്നത് ഗുരുനാഥനാണ്. അതുകൊണ്ടുതന്നെ നാം ഓരോരുത്തരും നമ്മുടെ ഗുരുനാഥനെ ആദരിക്കുന്നു.

ഒരു കുട്ടിയുടെ ജീവിതത്തിൽ ഗുരുനാഥൻ നൽകുന്ന അറിവ് വിലമതിക്കാനാവാത്തതാണ്. അതുകൊണ്ടുതന്നെ നാം ഓരോരുത്തരും ഗുരുനാഥനെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നു.

പാഠഭാഗം

ലഭിച്ച വിവരങ്ങൾ ഉപയോഗപ്പെടുത്തി ഒരു ലഘുപരീക്ഷണം ആസൂത്രണം ചെയ്യുക. പരീക്ഷണത്തിന് ആവശ്യമായ ഉപകരണങ്ങൾ, രാസവസ്തുക്കൾ എന്നിവയുടെ പട്ടിക തയ്യാറാക്കുക. പരീക്ഷണത്തിന്റെ ഓരോ ഘട്ടവും വിശദമായി രേഖപ്പെടുത്തുക. പരീക്ഷണത്തിന്റെ നിഗമനം എഴുതുക.

ഉദാഹരണമായി പേജ് 87 ലെ പ്രവർത്തനം തിരഞ്ഞെടുത്ത് പരീക്ഷണം ചെയ്തു നോക്കാം. ഇതിനായി ഒരു ചെറിയ ഗ്ലാസ് കുപ്പിയിൽ കുറച്ച് വെള്ളമെടുത്ത് അതിലേക്ക് കുറച്ച് ചുണ്ണാമ്പുതരികൾ ഇടുക. ഇതിലേക്ക് ഒരു സ്ട്രോ ഉപയോഗിച്ച് ഊതുക. ഇപ്പോൾ കുപ്പിയിലെ വെള്ളത്തിന് എന്തു മാറ്റമാണ് സംഭവിച്ചത്? ഈ മാറ്റത്തിന് കാരണമായ വാതകം ഏതാണെന്ന് നിങ്ങൾക്ക് ഊഹിക്കാമോ? ഈ വാതകത്തിന്റെ സാന്നിധ്യം തിരിച്ചറിയാൻ ഒരു പരീക്ഷണം കൂടി ചെയ്തു നോക്കാം.

വനിതാ കോർണർ

വനിതകൾക്കായി പഞ്ചായത്ത് തലത്തിൽ വനിതാസെൽ സ്ഥാപിക്കുക. ടൈലറിംഗ് കോഴ്സ്, ബ്യൂട്ടി സാങ്കേതിക വിദ്യകൾ പരിശീലിപ്പിക്കുന്നതിനുവേണ്ടി ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുക. വനിതകൾക്ക് തൊഴിൽ പരിശീലിക്കുന്നതിന് വേണ്ടി തൊഴിൽ കേന്ദ്രം സ്ഥാപിക്കുകയും സ്ത്രീ തൊഴിൽ സംരംഭകർക്ക് ആവശ്യമായ ചെയ്യുക. ട്രെയിനിംഗ് പരിശീലനം നൽകുന്നതിനും സ്ഥാപിക്കുക.

വയർമെൻ തൊഴിലിലേയ്ക്ക് കടന്നുവരുന്ന വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുകയും അവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നതിനുവേണ്ടി വനിതാ വയർമെൻ അസോസിയേഷൻ രൂപീകരിക്കുക.

D.W.C.R.A. തുടങ്ങുന്നതിനുവേണ്ടി പഞ്ചായത്തിൽ ഉചിതമായ സ്ഥലം കണ്ടെത്തുന്നതിനുവേണ്ടി പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുന്നതിനുവേണ്ടി ഈ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി അപേക്ഷിക്കുന്നു.

സ്വീകരണം

കടക്കൽ ലൈബ്രറി സെന്റർ സർവ്വീസ് - സഹകരണസംഘം. H. 127. ന്റെ ഉപഹാരം ഏറ്റുവാങ്ങുന്നതിനു വേണ്ടി നടത്തുന്ന സ്വീകരണം. ഉപഹാരം നൽകുന്നത് A.K.G. മെമ്മോറിയൽ ഗവ. ഹൈസ്കൂൾ വിദ്യാർത്ഥികൾ. ലൈബ്രറി പ്രവർത്തനങ്ങളിൽ മികവു പുലർത്തുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നതിനും ഉപഹാരം ഏറ്റുവാങ്ങുന്നതിനും വേണ്ടി സഹകരണസംഘം ഭരണസമിതി യോഗം ചേരുന്നു.

സ്കീം/പ്രോജക്ട്

ഞങ്ങളുടെ പ്രദേശത്തെ പ്രധാന പ്രശ്നം കുടിവെള്ളത്തിന്റെ ലഭ്യതക്കുറവാണ്. പ്രത്യേകിച്ച് വേനൽക്കാലത്ത് കിണറുകളിലെ വെള്ളം വറ്റുന്നതിനാൽ കുടിവെള്ളത്തിനായി ഞങ്ങൾ ബുദ്ധിമുട്ടുന്നു. ഈ പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്തുന്നതിനായി ഞങ്ങൾ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഞങ്ങളുടെ വീടുകളിലെ മേൽക്കൂരകളിൽ നിന്നും മഴവെള്ളം ശേഖരിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നു.

മഴവെള്ളം ശേഖരിക്കുന്നതിനായി ഓരോ വീടുകളിലും ഓരോ ടാങ്കുകൾ സ്ഥാപിക്കുന്നു. മേൽക്കൂരയിൽ നിന്നും പൈപ്പുകൾ വഴി ഈ ടാങ്കുകളിലേക്ക് വെള്ളം എത്തിക്കുന്നു. F.R.D.P. സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചെലവിന്റെ ഭൂരിഭാഗവും ഞങ്ങൾ തന്നെ കണ്ടെത്തുന്നതാണ്. ടാങ്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഓരോ വീട്ടുകാരും നൽകുന്നതാണ്. ടാങ്കുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല ഞങ്ങളുടെ ക്ലബ്ബിനാണ്. ഈ പദ്ധതിയിലൂടെ ഞങ്ങളുടെ പ്രദേശത്തെ കുടിവെള്ള പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

വിദ്യാഭ്യാസം

. നിങ്ങളിൽ കാണപ്പെടുന്നതായും ഇതുവരെ കാണാത്തതുമായ കാര്യങ്ങൾ പരിശീലിക്കുകയും പുതിയവയും ചിന്തിപ്പിക്കുന്നതുമായ കാര്യങ്ങൾ ചെയ്യുക.

2. നിങ്ങളുടെ ജീവിതത്തിലെ ഓരോ കാര്യങ്ങളിലും നിങ്ങൾ ഉത്തരവാദിത്തം ഏറ്റെടുക്കുക. നിങ്ങൾക്ക് സ്വയം ഓരോ ടീച്ചർ തിരഞ്ഞെടുക്കുന്നതിൽ നിങ്ങൾ ഉത്തരവാദിത്തം ഏറ്റെടുക്കുക.

3. നിങ്ങളുടെ പഠനത്തിനുവേണ്ടി നിങ്ങൾ സമയം കണ്ടെത്തുക. നിങ്ങൾക്ക് ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി നിങ്ങൾ സമയം കണ്ടെത്തുന്നതുപോലെ തന്നെ നിങ്ങളുടെ പഠനത്തിനുവേണ്ടിയും സമയം കണ്ടെത്തുക.

4. നിങ്ങളുടെ പഠനത്തിനുവേണ്ടി നിങ്ങൾ ചെലവഴിക്കുന്ന സമയത്തിൽ നിന്നും 10 ശതമാനം സമയം നിങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കുന്നതിനുവേണ്ടി ചെലവഴിക്കുക.

5. പാർക്കിംഗ് സമയത്തിനുള്ള കാശ് കൊടുക്കുന്നതിനുവേണ്ടി പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽ നിന്നും പാർക്കിംഗ് ടിക്കറ്റ് ഇല്ലാതാക്കുക. പുതിയ പാർക്കിംഗ് സ്ഥലങ്ങൾ സൃഷ്ടിക്കാനായി നിലവിൽ ഗ്രൗണ്ട് ലെവൽ പാർക്കിംഗ് ഏരിയകളുള്ള സ്ഥലം ഉപയോഗിച്ച് മൾട്ടിപ്പിൾ ലെവൽ പാർക്കിംഗ് ഏരിയകളാക്കുക.

6. പഞ്ചായത്ത് നൽകുന്ന ലൈസൻസ് കാലാവധിയാകുകയും ഫീസ് പിരിച്ച് നിർബന്ധമാക്കുകയും ചെയ്യുക. പഞ്ചായത്തിലെ നിർബന്ധമായും വൻതോതിൽ നിന്നും വരുന്നതുമായ പുകയിലയും ഒഴിവാക്കുകയും വികസനത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക. തൊഴുത്തുകൾക്ക് പ്രത്യേകം പ്രത്യേകം യൂണിറ്റ് സ്ഥാപിച്ച് ഫീസ് ഈടാക്കുന്നതിനുവേണ്ടി ചെയ്യുക.

7. നമ്മുടെ പഞ്ചായത്തിലെ കടകളിൽ നിന്നും ഭക്ഷ്യ സാധനങ്ങളുടെ സ്വഭാവം പരിശോധിക്കുകയും ഓരോ വാർഡിലും ന്യായവില ഭക്ഷ്യോൽപ്പന്നങ്ങൾ പഞ്ചായത്തിന്റെ ചുമതലയിൽ സ്ഥാപിക്കുകയും ചെയ്യുക.

രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനങ്ങൾ രജിസ്റ്റർ ചെയ്ത് മാസ്
പ്രവർത്തനങ്ങൾ തെളിവുകൾ സഹിതം നിരീക്ഷിച്ചുകൊണ്ടിരിക്കുക. സ്ഥാനാർത്ഥി പട്ടിക സ്ഥാപനങ്ങൾക്ക് രജിസ്റ്റർ ചെയ്യുന്നതിൽ നിർബന്ധമായും പരിശീലനം നൽകുകയും ചെയ്യുക.

വോട്ടർപട്ടിക സ്ഥാപിക്കുന്നതിനായി പഞ്ചായത്തിൽ നിന്നും ഓരോ വാർഡുകളും തിരഞ്ഞെടുത്ത് നിശ്ചയിക്കുന്ന നിശ്ചിതരാൾക്ക് ലൈസൻസ് പരിശീലനം നൽകി നിയമിക്കുക.

തെരഞ്ഞെടുപ്പിന് പ്രത്യേക നിരീക്ഷകരെ...


നിയമിക്കുക.


പാർപ്പിടം

വനിതാ ക്ഷേമം

പട്ടികജാതി പട്ടിക വർഗ ക്ഷേമം

വിഭവ സമാഹരണം


പട്ടണക്കാട് പഞ്ചായത്ത്
N
W
S
III
II
IV
പഞ്ചായത്ത് ഓഫീസ്
എസ്. എച്ച്-47
IX
VII
VI
V
I
VIII
ചേർത്തല തെക്ക് പഞ്ചായത്ത്
ചേർത്തല മുനിസിപ്പാലിറ്റി



Printed at Kerala Times Offset Press, Kochi-682018